# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ജനുവരി 2023 | വാല്യം 49 ലക്കം 9 | പേജ് 16 | വില 10.00 രൂപ

UNITY Monthly | January 2023 | Volume 49 Issue 10 | Chief Editor: V.VENUGOPAL | Page 16 | Price Rs. 10.00


# നഗ്നമായ മുതലാളിവർഗ്ഗ സേവ മുഖമുദ്രയാക്കിയ പിണറായി ഭരണം

**രണ്ടാം പിണറായി ഭരണം സംസ്ഥാനത്തിനുമേൽ ദുരന്തമായി മാറിയിരിക്കുന്നു. 'മുതലാളിമാരുടെ സർക്കാർ' എന്ന ബ്രാന്റ് നെയിം അഭിമാനപൂർവ്വം അണിയുകയാണ് ഇടതുമുന്നണി സർക്കാർ. ഈ നാടിന്റെ മഹിമയായി വാഴ്ത്തപ്പെടുന്ന ഇടതുപക്ഷരാഷ്ട്രീയ പാരമ്പര്യം അങ്ങനെ പട്ടടയിൽ എരിഞ്ഞുതീരുന്നു. തൊഴിലാളിതാൽപര്യം, ജനഹിതം തുടങ്ങിയവയൊക്കെ ഭരണകക്ഷി നേതാക്കന്മാരിൽ സൃഷ്ടിക്കുന്നത് പുച്ഛവും പരിഹാസവുമാണ്. സമരം സൃഷ്ടിക്കുന്നതാകട്ടെ രോഷവും അസഹിഷ്ണുതയും. സിപിഐ(എം) കേരളത്തെ എവിടേയ്ക്കാണ് നയിക്കുന്നത്?**

**സാ**മൂഹ്യ-രാഷ്ട്രീയരംഗത്തെ പതനം എല്ലാ സീമകളെയും ലംഘിച്ചുകഴിഞ്ഞു. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അവശേഷിച്ചിരുന്ന നാട്യങ്ങളും ഉപേക്ഷിച്ചുകൊണ്ടുള്ള നഗ്നമായ മുതലാളിവർഗ്ഗ സേവയാണ് അരങ്ങുതകർക്കുന്നത്. അടിച്ചമർത്തലിന്റെ ഏതറ്റംവരെ പോയും, എന്ത്നീചമാർഗ്ഗത്തിലൂടെയും മൂലധന നിക്ഷേപത്തിന് വഴിതുറക്കുന്നതാണ് വിഖ്യാതമായ വികസനം. അദാനിയോടുള്ള വിശ്വസ്തത നിറവേറ്റിക്കൊണ്ട് പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ വേട്ടയാടുന്നു. ജനങ്ങളുടെ അവസാന തുള്ളി ചോരയും ഊറ്റിക്കുടിക്കുന്ന മുതലാളിത്ത ഭീകരതയുടെ പര്യായമായ വികസനത്തിന്റെ പേരിൽ മുതലാളിമാർക്ക് ആയാസരഹിതമായി കച്ചവടം നടത്തി, ചൂഷണം കൊഴുപ്പിക്കാൻ വഴിയൊരുക്കുന്ന പണിയാണ് പിണറായി സർക്കാർ രാപകൽ ചെയ്യുന്നത്. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' എന്നാണ് പ്രസ്തുത ഏർപ്പാടിന്റെ പേര്. ഇത് കേരളത്തിന് പുരോഗതി കൊണ്ടുവരുമത്രേ. തിളങ്ങുന്ന ഈ 'പുരോഗതി'യുടെ ഫലമായി ലക്ഷക്കണക്കിന് ചെറുപ്പക്കാർ തൊഴിലും ജീവിതവും ലക്ഷ്യമാക്കി യൂറോപ്പിലേയ്ക്കും അമേരിക്കൻ വൻകരയിലേയ്ക്കും ദക്ഷിണധ്രുവ രാജ്യങ്ങളിലേയ്ക്കും കുടിയേറുകയാണ്.

തൊഴിലവകാശങ്ങളെ, നവലിബറൽ മുതലാളിയുടെ മനോഘടനയോടുകൂടി ധിക്കാരപൂർവ്വം പിണറായി ഭരണം കുഴിവെട്ടി മൂടുകയാണ്. അതിന്റെ ഉത്തമദൃഷ്ടാന്തമാണ് കെഎസ്ആർടിസി എന്ന പൊതുമേഖലാ സ്ഥാപനത്തിനുള്ളിൽ രൂപീകരിച്ച കെ-സ്വിഫ്റ്റ് എന്ന കമ്പനിയുടെ തൊഴിൽ വ്യവസ്ഥകൾ. പണിയെടുക്കുന്നവന്റെ ചോരയൂറ്റുന്ന കരാർ തൊഴിൽ മുഴുവൻ നിയമനങ്ങളുടെയും അടിസ്ഥാനമാക്കിയിരിക്കുന്നു. ലുലുമാളിന്റെ മുതലാളിയെ കേരളത്തിന്റെ അംബാസിഡറെന്ന്

(ശേഷം 4-ാം പേജിൽ)



2023 ജനുവരി 23

## നേതാജി സുഭാഷ്ചന്ദ്ര ബോസ്

125-ാം ജന്മവാർഷികാചരണ സമാപനം

# ബഫർസോൺ: മലയോരജനതയെ വഴിയാധാരമാക്കരുത്

## ഇടതുസർക്കാർ കള്ളക്കളികൾ അവസാനിപ്പിക്കുക

**ചെറിയ ഒരു ഇടവേളയ്ക്കുശേഷം, മലയോരമേഖലയിൽ പരിഭ്രാന്തി സൃഷ്ടിച്ചുകൊണ്ട് ബഫർസോൺ പ്രശ്നം വീണ്ടും ഉയർന്നുവന്നിരിക്കുന്നു. 2022 ജൂൺ 3ന്റെ സുപ്രീംകോടതി വിധിയെത്തുടർന്ന് ഈ മേഖലകളിലെ ജനങ്ങളിലുണ്ടായ പരിഭ്രാന്തിയും ആശങ്കകളും, ഉചിതമായ ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കാമെന്ന സർക്കാരിന്റെ പ്രഖ്യാപനത്തോടെ ഒട്ടൊന്ന് ശമിച്ചിരുന്നു. എന്നാൽ, സുപ്രീം കോടതി വിധിപ്രകാരം ഇടപെടാനുള്ള സമയം അവസാനിക്കാറായപ്പോൾ, സംസ്ഥാന സർക്കാരിന്റെ കള്ളക്കളികൾ വീണ്ടും പുറത്തായിരിക്കുന്നു. ഇക്കാര്യത്തിൽ ക്രിയാത്മകവും സത്യസന്ധവുമായ നീക്കമല്ല സർക്കാരിൽനിന്നും ഉണ്ടായതെന്നുകണ്ട് മലയോര നിവാസികൾ ഹതാശയരായി നെട്ടോട്ടമോടുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു.**

**2022** ജൂൺ 3ന്റെ സുപ്രീം കോടതി ഉത്തരവിനെക്കുറിച്ചും അതിൽ സംസ്ഥാനസർക്കാർ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും *യൂണിറ്റി* ജൂൺ ലക്കത്തിൽത്തന്നെ ഒരു പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി യിരുന്നു. രാജ്യത്താകെ ഒറ്റ ഫോർമുലയിൽ സംരക്ഷിത വനമേഖലയിൽനിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ കർശനമാക്കിയുള്ള ഉത്തരവ് കേരളത്തിലെ മലയോര നിവാസികളിൽ ഉണ്ടാക്കുന്ന ഭീതി സ്വാഭാവികമാണ്. കേരളത്തിലെ യുഡിഎഫ്, എൽഡിഎഫ് സർക്കാരുകൾ കൈക്കൊണ്ട ഇരട്ടത്താപ്പ് നിലപാടുകൾ ഈസാഹചര്യംരൂപപ്പെടുന്നതിൽ നൽകിയ സംഭാവന ചെറുതല്ല. ഈ മുന്നണികൾ ഇപ്പോഴും മറ്റെല്ലാ പ്രശ്നങ്ങളിലുമെന്നപോലെ അന്യോന്യം പഴിചാരുന്നുണ്ട്. എന്നാൽ ഇപ്പോൾ പോലും, ഒരു കൃത്യമായ നിലപാടിൽ നിൽക്കാൻ രണ്ടുകൂട്ടർക്കും കഴിയുന്നില്ല എന്നതാണ് വാസ്തവം. 0 മുതൽ 1 കിലോമീറ്റർ വരെ ബഫർസോൺ ഏർപ്പെടുത്തണമെന്ന എൽഡിഎഫ് സർക്കാരിന്റെ മന്ത്രിസഭാതീരുമാനം (2019 ഒക്ടോബർ 23) സുപ്രീം കോടതി വിധിയെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ട് ആ തീരുമാനം പിൻവലിക്കാൻ നടപടി ഉണ്ടാകണമെന്ന ആവശ്യം ശക്തമായിരുന്നു. എന്നാൽ, എൽഡിഎഫ് സർക്കാർ യുഡിഎഫിന്റെ 10 കിലോമീറ്റർ ബഫർസോണിനെ ഞങ്ങൾ ഒരുകിലോമീറ്റർ ആയി കുറയ്ക്കുകയാണ് ചെയ്തതെന്ന വാദഗതി ഉയർത്തി പ്രതിരോധിക്കാൻ തുനിയുകയാണ് ഉണ്ടായത്.

സുപ്രീം കോടതി ഉത്തരവിൽത്തന്നെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളം പോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് ഒരു കിലോമീറ്റർ ബഫർസോൺ കൊണ്ടു വന്നാലുണ്ടാകുന്ന ജനങ്ങളുടെ പ്രയാസം കോടതിയെ ബോധ്യപ്പെടുത്താൻ സമയബന്ധിതമായി സർക്കാർ ശ്രമിക്കണമായിരുന്നു. സർവേ നടത്തി മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശം ഫലപ്രദമായി നടപ്പാക്കാൻ സർക്കാൻ ശ്രമിച്ചിട്ടില്ല. ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചെങ്കിലും അഭിപ്രായവ്യത്യാസങ്ങൾകാരണംഅതിന് ലക്ഷ്യംകണ്ടെത്താനായില്ല.കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്റർ (KSREC) എന്ന ഏജൻസിയെ അമ്പത് ദിവസമെന്ന സമയപരിധിവച്ച് സർവ്വെ നടത്താൻ ഏൽപ്പിച്ചു. കോടതി ഉത്തരവുവന്ന് ഒരു മാസവും എട്ടുദിവസവും കഴിഞ്ഞാണ് ഇത്തരമൊരു നടപടിക്രമത്തിലേയ്ക്കുപോലും സർക്കാർ തിരിഞ്ഞത്. നാൽപത്തിരണ്ടു ദിവസംകൊണ്ട് കെഎസ്ആർഇസി ഒരു ഉപഗ്രഹ സർവേ റിപ്പോർട്ട് സർക്കാരിന് നൽകി. തിരക്കിട്ട് നടത്തിയ ഉപഗ്രഹ സർവേയുടെ റിപ്പോർട്ട് ആഗസ്റ്റ് 29ന് സർക്കാരിന് ലഭിച്ചെങ്കിലും, അത് പൂഴ്ത്തിവച്ച സർക്കാർ മൂന്നുമാസത്തിനുശേഷം ഡിസംബർ 12ന് ആണ് വെബ്സൈറ്റ് മുഖാന്തിരം പുറത്തുവിട്ടത്. പുറത്തുവിട്ട ഉപഗ്രഹ സർവേ റിപ്പോർട്ട് ആകട്ടെ അടിമുടി അപാകതകൾ

(ശേഷം 2-ാം പേജിൽ)


8 വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കുന്ന സ്മാർട്ട് മീറ്റർ

13 സംഘപരിവാറും സ്വാതന്ത്ര്യസമരവും –അവസാന ഭാഗം


### നിർമ്മാണതൊഴിലാളി സമ്മേളനം...




കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ജനുവരി 8ന് കോട്ടയത്ത് നടന്ന പ്രകടനം.

# ബഫർസോൺ മലയോരമേഖലയിൽ പരിഭ്രാന്തി സൃഷ്ടിച്ച് രാഷ്ട്രീയനേട്ടം കൊയ്യുന്നു

(1–ാം പേജിൽ നിന്ന്)

നിറഞ്ഞതാണ്. അതിർത്തികളും നിർമ്മിതികളും ഒന്നംതന്നെ വ്യക്തമല്ലാത്തതും തെറ്റുകൾ നിറഞ്ഞതുമായിരുന്ന ഈ റിപ്പോർട്ട്.

ഇതിനെതിരെ ജനങ്ങളിൽനിന്നും പ്രത്യേകിച്ച്, മലയോര നിവാസികളിൽനിന്നും വ്യാപകമായ പ്രതിഷേധം ഉയർന്നു. ഈ സർവേമാപ്പിൽ അപാകതകളുണ്ടെങ്കിൽ സ്വന്തം വീടിന്റെയും നിർമ്മിതികളുടെയും ഫോട്ടോ എടുത്ത് പരാതികൾ ഓൺലൈനായി അയയ്ക്കണമെന്ന് സർക്കാർ അറിയിപ്പ് ഉണ്ടായി. വാലും തലയുമില്ലാത്ത മാപ്പുനോക്കി തങ്ങളുടെ ഭൂവിവരങ്ങൾ ഇല്ലെന്ന് ഉറപ്പാക്കാനും ഓൺലൈനായി പരാതികൊടുക്കാനും ആർക്കാണ് കഴിയുക? ഇതിനെതിരെ ജനരോഷമുണ്ടായപ്പോൾ അതിനെ മറികടക്കാൻ സർക്കാർ, റവന്യൂ-തദ്ദേശഭരണ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക സംഘടനകൾ, മറ്റ് സംഘടനകൾ തുടങ്ങിയവരെയെല്ലാം സഹകരിപ്പിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുകയെന്ന തന്ത്രമാണ് പയറ്റിയത്. ഭരണ-പ്രതിപക്ഷ പ്രാദേശികനേതാക്കളും സംഘടനകളും ചേർന്ന് സർക്കാർ ചെലവിൽ നടത്തിയ ഹെൽപ്പ് ഡെസ്ക് സർക്കസ് ആകട്ടെ പ്രശ്നപരിഹാരത്തിന് ഉതകിയില്ല. അതായിരുന്നില്ല സർക്കാരിന്റെ ലക്ഷ്യവും.

സുപ്രീംകോടതി വിധിയിന്മേൽ കേന്ദ്രസർക്കാർ നൽകിയ ഹർജിയിൽ വിധി പറയാനിരിക്കുന്ന ജനുവരി 11ന് മുമ്പെങ്കിലും സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ട് സമർപ്പിക്കണമായിരുന്നു. സർക്കാർ പുറത്തുവിട്ട അബദ്ധപഞ്ചാംഗത്തിനെതിരെ പരിഭ്രാന്തരായ ജനങ്ങൾ പ്രതിഷേധവുമായി രംഗത്തെത്തിയപ്പോൾ പരാതി സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 3ഉം പിന്നീട് ജനുവരി 7ഉം ആയി നീട്ടി നൽകി. എന്നാൽ ഹെൽപ്പ് ഡെസ്ക് എന്ന സേഫ്റ്റി വാൽവുകൊണ്ട് ജനശ്രദ്ധ തിരിച്ചുവിടാൻ കുറച്ചൊക്കെ സർക്കാരിന് കഴിഞ്ഞെങ്കിലും ജനങ്ങൾ ഇപ്പോഴും പരിഭ്രാന്തിയിൽ തന്നെയാണ്. ജനങ്ങളെ ശാന്തരാക്കി നിർത്താൻ ഭരണ - പ്രതിപക്ഷ പാർട്ടികളും, സമരവുമായി രംഗത്തിറങ്ങിയിരിക്കുന്ന ചില സമുദായ വിഭാഗങ്ങളും എല്ലാം ഒറ്റക്കെട്ടായാണ് പ്രവർത്തിക്കുന്നത്. തങ്ങളെല്ലാം 1 കി.മീ. ബഫർ സോണിന് എതിരാണെന്ന് തോന്നിപ്പിക്കുന്ന പ്രകടനം അവർ നടത്തുന്നുണ്ട്. ഒപ്പം, അത് നിവിർത്തിക്കാൻ ആവശ്യമായ നീക്കങ്ങളിൽ നിന്നും അകലം പാലിക്കുകയും ചെയ്യുന്നുണ്ട്.

പ്രശ്നത്തിന്റെ കാതൽ എന്താണ്? ഓരോ സംസ്ഥാനത്തിന്റെയും പ്രദേശത്തിന്റെയും ഭൂമിയുടെയും ജനജീവിതത്തിന്റെയും എക്കോളജിയുടെയും സവിശേഷതകൾ പരിഗണിക്കാതെ രാജ്യത്താകെ ബാധകമായ വിധം 1 കി.മീ. ബഫർ സോൺ നടപ്പാക്കണമന്ന സുപ്രീംകോടതി വിധി ശാസ്ത്രീയമാണോ എന്നതാണ് പ്രധാന ചോദ്യം. ഇത്തരമൊരു വിധിയിലേക്ക് നയിച്ച സാഹചര്യത്തെ സംസ്ഥാനത്തെ സർക്കാരുകൾക്ക് സ്വാധീനിക്കാൻ കഴിയുമായിരുന്നില്ലേ? അതവർ നിറവേറ്റിയോ ? ഇനി, വിധി ഉണ്ടായ സാഹചര്യത്തിൽ, ഇതിൽ നിന്നും ഇളവ് ആവശ്യമുള്ളവർ കേന്ദ്ര എംപവർ കമ്മിറ്റിയുടെയും മന്ത്രാലയത്തിന്റെയും അനുമതിയോടെ വീണ്ടും കോടതിയെ സമീപിക്കാം എന്ന സാദ്ധ്യത ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ മലയോര ജനതയുടെ പ്രയാസത്തിന് പരിഹാരം ഉണ്ടാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമല്ലേ? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഭരണത്തിലിരുന്നവർക്കും ഇപ്പോൾ ഇരിക്കുന്നവർക്കും ഉത്തരവാദിത്വമുണ്ട്.

ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വന്യമൃഗശല്യം മുതൽ കാലാവസ്ഥാ വ്യതിയാനം വരെയുള്ള അനേകം കാര്യങ്ങൾ മാധ്യമങ്ങളിൽ ചർച്ച ചെയ്യപ്പെട്ടുന്നുണ്ട്. 1972 ലെ വന്യജീവി സംരക്ഷണനിയമം രാജ്യത്ത് നിലവിൽവന്നശേഷം വനം-വന്യജീവി സംരക്ഷണത്തിനായി പലതരം നീക്കങ്ങൾ ഭരണതലത്തിലും നീതിന്യായ തലത്തിലും ഉണ്ടായിട്ടുണ്ട്. 2022ജൂൺ 3ന് ഉണ്ടായ സുപ്രീംകോടതി വിധിക്ക് ആധാരമായ കേസ്, 1995ൽ ടി.എൻ. ഗോദവർമ്മ തിരുമുൽപ്പാട് (നിലമ്പൂർ, മലപ്പുറം) നൽകിയതാണ്. ദേശീയ പാർക്കുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമായി പരിസ്ഥിതി ലോല മേഖല പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് 2011 ൽ കേന്ദ്ര പരിസ്ഥിതി – വനം (വന്യജീവി വിഭാഗം) വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ കൊണ്ടുവരാൻ സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. 2011ൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ വന്നപ്പോൾ അതിന്റെമേൽ വേണ്ട രീതിയിൽ പ്രതികരിക്കാൻ അന്നത്തെ സർക്കാർ ശ്രമിച്ചില്ല.

ആ മാർഗ്ഗരേഖ അനുസരിച്ച് നിരോധിതം, നിയന്ത്രിതം, അനുവദനീയം എന്നീ മൂന്ന് പട്ടികകളിലായി ഈ മേഖലകളിലെ പ്രവർത്തികളെ തരം തിരിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള ഖനനം, ഈർച്ചമില്ലുകൾ, ജല-വായു-മണ്ണ്-ശബ്ദമലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, കച്ചവടാവശ്യത്തിനുള്ള വിറക് ഉപയോഗം, വലിയ ജല വൈദ്യുതനിലയങ്ങൾ, അപകടകരമായ വസ്തുക്കളുടെ ഉൽപാദനവും ഉപയോഗവും, പ്രകൃതിദത്ത ഒഴുക്കുകളിലേയ്ക്ക് മലിനജലം ഒഴുക്കുന്നത് എന്നിവയെല്ലാം കർശനമായി നിരോധിക്കപ്പെട്ട (Prohibited) പട്ടികയിൽപ്പെടുന്നതാണ്. മരം വെട്ട്, ഹോട്ടൽ-റിസോർട്ട് എന്നിവ സ്ഥാപിക്കുന്നത്, കാർഷികവ്യവസ്ഥയിൽ കടുത്തമാറ്റം, വെള്ളത്തിന്റെ വിപണന ഉപയോഗം, വൈദ്യുതികേബിളുകൾസ്ഥാപിക്കുന്നത്, ഹോട്ടലിനും ലോഡ്ജിനും മതിൽ കെട്ടുന്നത്, പോളിത്തീൻ ബാഗ്, റോഡ് വീതികൂട്ടൽ, രാത്രികാല വാഹനയാത്ര, വിദേശ സുഗന്ധ വ്യഞ്ജനങ്ങൾ, കുന്നുകളുടെയും നദീതീരങ്ങളുടെയും ചരിവ് മാറ്റൽ, വായു-വാഹന മലിനീകരണം, സൈൻ ബോർഡുകൾ എന്നിവയെല്ലാമാണ് നിയന്ത്രിത (Regulated) പട്ടികയിലുള്ളത്. ജൈവകൃഷി, മഴവെള്ള സംഭരണം, പുനരുൽപ്പാദന ഊർജ്ജം, ഗ്രീൻ ടെക്നോളജി എന്നിവയെല്ലാം അനുവദനീയ (Permitted) പട്ടികയിലുണ്ട്.

ഈ ഗൈഡ് ലൈനിൽ പറയുന്ന നിരോധനവും നിയന്ത്രണവുമുള്ള കാര്യങ്ങൾ ബഫർ സോണിൽ ജീവിക്കേണ്ടി വരുന്ന ജനങ്ങൾക്ക് എത്രമാത്രം ജീവിതപ്രയാസങ്ങൾ സൃഷ്ടിക്കുമെന്ന് ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. കാലങ്ങളായി ചെയ്തുവരുന്ന രാസവളം ഉപയോഗിച്ചുള്ള കൃഷി അതേപടി തുടരാൻ കഴിയാത്ത സ്ഥിതി മാത്രം മതി കർഷകരുടെ ജീവിതം താറുമാറാക്കാൻ. എന്നാൽ, യഥാർത്ഥ പ്രശ്നം, ഈ പട്ടികയിലൊന്നും പറയാതെ വിട്ടു കളഞ്ഞ കാര്യങ്ങളാണ്. ഉദാഹരണത്തിന് ഭൂമി ക്രയ വിക്രയത്തെപ്പറ്റി ഒന്നും പറയുന്നില്ല. കേരളത്തിലെ ശക്തമായ ഈ ജനവാസ മേഖലയുടെ ബഫർ സോൺ പ്രഖ്യാപനം തന്നെ സാധാരണ ജീവിതം അസാദ്ധ്യമാക്കുമെന്നതാണ് വാസ്തവം.

കേരളത്തിൽ നിലവിലുള്ള ഇരുപത്തിരണ്ട് സംരക്ഷിത വന മേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ വരുന്നതോടെ, ഏതാണ്ട് 4 ലക്ഷം ഏക്കർ ഭൂമി ഈ നിരോധനങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാക്കപ്പെടും. ഒപ്പം, ഏതാണ്ട് ഒന്നരലക്ഷത്തോളം കുടുംബങ്ങളുടെ ജീവിതവും. സുൽത്താൻ ബത്തേരി പോലുള്ള മുനിസിപ്പാലിറ്റികളും അനേകം ചെറുപട്ടണങ്ങളും ഇതിന്റെ പരിധിയിൽവരും. പതിറ്റാണ്ടുകൾ കൊണ്ട് പടുത്തുയർത്തിയ ഇവിടങ്ങളിലെ വ്യാപാര-വാണിജ്യസ്ഥാപനങ്ങളും മറ്റനേകം പ്രവർത്തനങ്ങളും നിശ്ചലമാകും.

സുപ്രീംകോടതി വിധിയിൽ എടുത്തുപറയുന്ന ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പരിസ്ഥിതിലോല മേഖലയിൽ എന്താവശ്യത്തിനുള്ളതാണെങ്കിലും പുതിയ സ്ഥിരമായ നിർമ്മാണങ്ങൾ അനുവദിക്കുകയില്ല (No new permanent construction shall be permitted to come up for whatsoever purpose within the ESZ. – Guidelines for... page.56) എന്ന് സുപ്രീംകോടതി ഉത്തരവിൽത്തന്നെ പ്രത്യേകം പറയുന്നുണ്ട്. കേരളംപോലെ ജനസാന്ദ്രത കൂടുതലുള്ള (819 per sq. km) ഒരു സംസ്ഥാനത്ത് ഒരു കിലോമീറ്റർ ബഫർസോൺ എന്നത് ഈ പ്രദേശത്ത് അധിവസിക്കുന്നവരുടെ മാത്രം പ്രശ്നമായി അവശേഷിക്കുകയില്ല. (ദേശീയ ശരാശരി ജനസാന്ദ്രത 431 per sqkm ആണ്) അതിദ്രുതം നഗരവത്ക്കരിക്കപ്പെടുന്ന ഒരു സംസ്ഥാനമാണ് ഇന്ന് കേരളം. മലയോര മേഖലയും ഇതിൽനിന്ന് വ്യത്യസ്തമല്ല.

ബഫർസോൺ മലയോര കുടിയേറ്റ കർഷകരുടെ മാത്രം ഒരു പ്രശ്നമായാണ് പലരും അവതരിപ്പിക്കുന്നത്. കുടിയേറ്റക്കാരുടെ സ്വാർത്ഥ താൽപര്യങ്ങൾക്ക് സാമുദായിക, സഭാനേതൃത്വങ്ങൾ കൂട്ടുനിന്ന് നടത്തുന്ന സമരങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്നും ആക്ഷേപം ഉയരുന്നുണ്ട്. സഭാനേതൃത്വം ഇടപെടുന്നുണ്ടോ, ഉണ്ടെങ്കിൽത്തന്നെ അത് ഏതുപരിധിവരെ പോകും, എന്താണ് അവർ ഉയർത്തുന്ന ഡിമാന്റുകൾ എന്നെല്ലാം പരിഗണിച്ചുകൊണ്ട് ഈ പ്രശ്നത്തെ സമീപിക്കുന്നത് ശരിയായ രീതിയല്ല. കേരളത്തിലെ കുടിയേറ്റത്തിന്റെ ചരിത്രം പാപപങ്കിലമാണെന്ന് വരുത്തിത്തീർക്കാൻ ചില ശക്തികൾ ശ്രമിക്കുന്നതും കാണാതിരുന്നുകൂടാ. ഒരു പ്രത്യേക ദേശീയ - അന്തർദ്ദേശീയ സാഹചര്യത്തിലുണ്ടായതാണ് സംസ്ഥാനത്തിനകത്തെ കുടിയേറ്റം. സമൂഹം ഒന്നടങ്കം അന്ന് അതിനെ അംഗീകരിച്ചിട്ടുണ്ട്. അവരെ സഹാനുഭൂതിയോടെ വീക്ഷിച്ചിട്ടുണ്ട്. ഒരു യുദ്ധ കാലഘട്ടത്തിൽ സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ അവർ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതുകൊണ്ടു കൂടിയാണ് അവർക്ക് ഭൂമി പതിച്ചു കൊടുക്കാനും പട്ടയം നൽകാനും സർക്കാർത്തന്നെ മുൻകൈയെടുത്തത്. മലയോരമേഖലയിൽ നടത്തിയ കാർഷികവൃത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാൻ കഴിയില്ല.

അതേസമയം, രാഷ്ട്രീയ നേതൃത്വങ്ങളുടെയും അധികാര ശക്തികളുടെയും ഒത്താശയോടെ ഇതിൽ ഒരു ചെറുപക്ഷം ധനിക ഗ്രൂപ്പുകളാകുകയും, പരിസ്ഥിതിയെ തകർക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന് കാണാൻ കഴിയും. ഇവരെ ദരിദ്ര-നാമമാത്ര-ഇടത്തരം കർഷകരിൽനിന്നും വേർതിരിച്ച് കാണാൻ കഴിയണം. മലയോരങ്ങളിൽ ജീവിതം കരുപ്പിടിപ്പിച്ച ദരിദ്ര-ഇടത്തരക്കാരായ ഈ ലക്ഷക്കണക്കിന് മനുഷ്യരെ എങ്ങോട്ടാണ് തുരത്തുക ? എവിടെയാണ് പുനരധിവസിപ്പിക്കുക ?

ഇന്ന്, മുതലാളിത്ത - സാമ്രാജ്യത്വ ഭരണകേന്ദ്രങ്ങൾ മുമ്പോട്ട് വയ്ക്കുന്ന സിദ്ധാന്തം, ഭൂമിയും അതിലെ സൗകര്യങ്ങളും എല്ലാം കോർപ്പറേറ്റുകളുടെ, മുതലാളികളുടെ താൽപര്യത്തിന് മാത്രമുള്ളതാണ് എന്നാണ്. അവർ ഭൂമിയുടെ ഓരോ ഇടത്തുനിന്നും പാവപ്പെട്ട മനുഷ്യരെ തുരത്തിക്കൊണ്ടിരിക്കുന്നത് ഇതിന്റെ ഭാഗമാണ്. വനത്തിൽനിന്നും ആദിവാസികളെ പുറത്താക്കുന്നു. അവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുന്നു. കടൽത്തീരത്തുനിന്നും കടലിന്റെ മക്കളെ ഒഴിപ്പിക്കുന്നു. വനാതിർത്തിയിലുള്ളവരെ കിലോമീറ്ററുകൾ ദൂരേയ്ക്ക് ഒഴിഞ്ഞുപോകാൻ നിർബ്ബന്ധിതരാക്കുന്നു. റോഡ്, റെയിൽ, വിമാനത്താവളം, തുറമുഖം തുടങ്ങിയ വികസനത്തിന്റെ പേരിലും വ്യാപകമായ കുടിയൊഴിപ്പിക്കലുകൾ നടത്തുന്നു. അതേസമയം ഇവിടങ്ങളിലെല്ലാം അവർക്കാവശ്യമായ - കുത്തകകൾക്കാവശ്യമായ - നിർമ്മാണങ്ങളും പ്രവർത്തികളും നിർബാധം നടത്തുകയും ചെയ്യുന്നു. വനത്തിനുള്ളിൽ വ്യാപകമായ ഖനനം നടത്താനും, ടൂറിസത്തിന്റെ പേരിൽ വൻ നിർമ്മാണങ്ങൾ നടത്താനും അവർക്ക് യാതൊരു തടസ്സവുമില്ല. വാഹനയാത്രയ്ക്കും ഹോട്ടൽ - മോട്ടൽ നടത്തിപ്പിനും ഒരു നിരോധനവും ബാധകമാകുന്നില്ല.

തീരത്തിന്റെ സ്ഥിതിയും ഇതു തന്നെ. നൂറ്റാണ്ടുകൾ തലമുറയായി കഴിഞ്ഞു വന്ന മത്സ്യത്തൊഴിലാളികളോട് തീരത്തു നിന്നും ദൂരേയ്ക്ക് പോകാനാണ് പറയുന്നത്. ദീപുകളിൽ നൂറ്റാണ്ടുകളായി അധിവസിച്ചു വന്ന ദീപ് നിവാസികളെ പുറത്താക്കുകയാണ്. ഇവിടെയൊക്കെ വമ്പൻമാർ ബിസിനസ്സ് ആവശ്യത്തിനുള്ള നിർമ്മിതികൾ നടത്തും. മലയും തീരവും മാത്രമല്ല, മലയോരവും ഒഴിപ്പിച്ചെടുക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. പാവപ്പെട്ട മനുഷ്യരോട് ഇത് നിങ്ങളുടെ ഭൂമിയല്ല, ഞങ്ങളുടേത് മാത്രമാണ് എന്നാണിവർ വിളംബരം ചെയ്യുന്നത്. തികച്ചും മനുഷ്യത്വ വിരുദ്ധമായ തത്വമാണ് ഇതിന്റെ പിന്നിലുള്ളത്.

പരിസ്ഥിതി-കാലാവസ്ഥ സംരക്ഷണത്തിന്റെയൊക്കെ പേരിൽ ഭരണകൂടം നടത്തുന്ന ഈ ഫാസിസ്റ്റ് നീക്കത്തിന്റെ രാഷ്ട്രീയം ജനങ്ങൾ തിരിച്ചറിയണം. അതേസമയം പരിസ്ഥിതി സംരക്ഷണം യഥാർത്ഥത്തിൽ ഉറപ്പുവരുത്താൻ ആദിവാസികളും കർഷകരും ഉൾപ്പെടെയുള്ള കോടിക്കണക്കിന് സാധാരണ മനുഷ്യർക്കാണ് കഴിയുക എന്ന യാഥാർത്ഥ്യവും മനസ്സിലാക്കണം. അവർ സ്വതസിദ്ധമായ രീതിയിൽ, നൈസർഗ്ഗീകമായി തന്നെ, പരിസ്ഥിതി കാത്തു പുലർത്താൻ പരിശ്രമിക്കുന്നവരാണ്. പരിസ്ഥിതി സംരക്ഷണം കോടതി ഉത്തരവുകൾകൊണ്ടും ഭരണനടപടികൾകൊണ്ടും മാത്രം നടത്താവുന്ന ഒന്നല്ല. വിപുലമായ ജനങ്ങളുടെ, ആദിവാസികളും കർഷകരും തൊഴിലാളികളും ഉൾപ്പെട്ട ജനവിഭാഗങ്ങളുടെ, അകമഴിഞ്ഞ പിന്തുണയിലും നേതൃത്വത്തിലുമാണ് അത് സാധ്യമാകുന്നത്. അവരെ വിശ്വാസത്തിലെടുക്കാത്ത ഒരു നടപടികും സമീപ

(ശേഷം 3–ാം പേജിൽ)

# സ്മാർട്ട് മീറ്റർ: വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിനുള്ള നടപടി

**കേ**ന്ദ്രസർക്കാരിന്റെ നിർദേശ പ്രകാരം (19.5.2021ൽ പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG -DL-E- 19082021) കെഎസ്ഇബി ലിമിറ്റഡും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള നീക്കങ്ങളുമായി മുന്നോട്ടു പോകുകയാണ്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര ഊർജവകുപ്പ് ( 20-07- 2021ലെ F NO. 20/09/2019-IPDS) പ്രഖ്യാപിച്ച പദ്ധതിയായ RDSS (റീവാംഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) എല്ലാ സംസ്ഥാനങ്ങൾക്കുമായി ഏകദേശം 3.04 ലക്ഷം കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

ആദ്യഘട്ടത്തിൽകേരളത്തിൽ മാത്രം 17 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനാണ് നീക്കം. 2025 ആകുമ്പോൾ, കൃഷി ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം (Gനമ്പർ CG-DL-E-19082021-220126) കേന്ദ്ര സർക്കാർ നൽകി കഴിഞ്ഞു. നാളിതുവരെമുഴുവൻകാര്യങ്ങളുംഅതീവ രഹസ്യമാക്കിവച്ചുകൊണ്ട് ജനങ്ങളെയും ജീവനക്കാരെയും വഞ്ചിക്കുകയായിരുന്നു കെഎസ്ഇബിയും കേരളസർക്കാരും. സർക്കാർ വിലാസം സംഘടനകൾ കേന്ദ്ര സർക്കാരിന്റെ സ്വകാര്യവത്കരണ നയങ്ങൾക്കെതിരെ സമരം നടത്തുമ്പോൾ കേരള സർക്കാർ ബിജെപിയോടൊപ്പം ചേർന്ന്, അതേ നയങ്ങൾ നടപ്പിലാക്കാനുള്ള തീരുമാനങ്ങൾ എടുത്തു കഴിഞ്ഞു. (സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള അംഗീകാരം,11.03.2022 ന് കേരള ക്യാബിനറ്റ് നൽകി).

2022 നവംബർ 29നും ഡിസംബർ 5, 12 എന്നീ തിയതികളിൽ ട്രേഡ്യൂണിയനുകളെ ചർച്ച എന്ന പേരിൽ വിളിച്ചുകൂട്ടി. അപ്പോൾ മാത്രമാണ്, 2 വർഷക്കാലമായി സർക്കാരിന്റെ അനുവാദത്തോടെ കെഎസ്ഇബി ലിമിറ്റഡ് നടത്തികൊണ്ടിരുന്ന കാര്യങ്ങൾ പുറത്തറിയുന്നത്.

### സ്മാർട്ട് മീറ്റർ എന്തിനുവേണ്ടി ?

ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകും, വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ഉണ്ടാകും, ദൈനംദിന വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കും എന്നൊക്കെയാണ് കെഎസ്ഇബിയുടെ വിശദീകരണം. യഥാർത്ഥ്യമെന്താണ്? വൈദ്യുതിരംഗം പൂർണ്ണമായും സ്വകാര്യ കമ്പനികൾക്കു കൈമാറാനുള്ള നിയമനിർമാണങ്ങൾ അവസാന ഘട്ടത്തിലാണ്. തൊഴിലാളി സംഘടനകളുടെയും കർഷകരുടെയുംശക്തമായഎതിർപ്പിനെത്തുടർന്ന് നിയമനിർമാണം അല്പം നീണ്ടുപോയെങ്കിലും ബിജെപി സർക്കാർ അരയും തലയും മുറുക്കി ഇറങ്ങിയിരിക്കുകയാണ്. സ്മാർട്ട് മീറ്ററിലൂടെ സ്വകാര്യവത്കരണത്തിന്റെ ഒരു ഘട്ടം പൂർത്തീകരിക്കുകയാണ്.

നിലവിലെ ബില്ലിംഗ് രീതി പ്രകാരം ഒരാൾ ഉപയോഗിച്ച കറന്റിന്റെ വില കെഎസ്ഇബിക്കു കിട്ടുന്നത് 82 ദിവസങ്ങൾക്കു ശേഷമാണ്. (ഓരോ കൺസ്യൂമറിന്റെയും ക്യാഷ് ഡെപ്പോസിറ്റ് കെഎസ്ഇബിയിൽ ഉണ്ടെന്നത് മറന്നു പോകരുത്) സ്മാർട്ട് മീറ്റർ വരുന്നതുവഴി തുക ആദ്യമേ തന്നെ കമ്പനിക്കു കിട്ടും. സേവനം എന്ന സങ്കല്പം അതോടെ കഴിഞ്ഞു.

നിലവിൽ ജീവനക്കാരെ ബ്രേക്ക് ഡൌൺ, റവന്യൂ, മെയ്ന്റനൻസ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചുകൊണ്ടാണ് ജോലിക്ക് നിയോഗിക്കുക. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടെ റവന്യൂ വിഭാഗം ഇല്ലാതെയാകും. കാരണം മീറ്റർ സ്ഥാപിക്കുന്നത് സ്വകാര്യ കമ്പനികൾ ആയിരിക്കും. DBFOOT(Design, Build, Finance, Own, Oparate, Transfer) രീതിയിലാണ് മീറ്റർ വയ്ക്കുന്നത്. പുതിയ കണക്ഷൻ, മീറ്റർ മാറ്റി സ്ഥാപിക്കൽ, റീചാർജ് തുടങ്ങിയ എല്ലാ കാര്യങ്ങളും മീറ്റർ സ്ഥാപിക്കുന്ന കമ്പനി തന്നെ ചെയ്യും. 10 വർഷക്കാലമെങ്കിലും കമ്പനിയുടെ കൈവശം റവന്യൂ വിംഗ് കിട്ടുന്ന വിധത്തിലാണ് കരാറുകൾ ഒരുക്കുന്നത്. 6000രൂപയെങ്കിലും മിനിമം വില വരുന്ന സ്മാർട്ട് മീറ്ററുകൾക്ക് 68രൂപ വീതം ഉപഭോക്താവ് പ്രതിമാസം കൊടുക്കണം. റവന്യൂ വിംഗ് ഇല്ലാതാകുന്നതോടെ ഒരു സെക്ഷൻ ഓഫീസിൽ ചുരുങ്ങിയത് ഏഴ് ജീവനക്കാർ ഇല്ലാതാകും. 750ൽ അധികം സെക്ഷൻ ഓഫീസുകൾ, സബ് ഡിവിഷൻ, ഡിവിഷൻ, സർക്കിൾ, മറ്റ് റീജിയണൽ ഓഫീസുകളിൽ നിന്നുമൊക്കെയായി ആയിരക്കണക്കിന് ജീവനക്കാർ ഒഴിവാക്കപ്പെടും. ഇതുവഴി യുവതലമുറയുടെ തൊഴിലവസരങ്ങളും ഇല്ലാതാകും.

ഇത്ര ഭയാനകമായ ഒരു പദ്ധതിക്കുവേണ്ടിയാണ് കേന്ദ്ര ഊർജവകുപ്പും, കേരള സർക്കാരും, കെഎസ്ഇബി ലിമിറ്റഡും ചേർന്ന് ത്രികക്ഷി കരാർ(29.3.2022) ഒപ്പുവച്ചത്. ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം, കഴക്കൂട്ടം, എറണാകുളം, പെരുമ്പാവൂർ, പാലക്കാട്, ഫെറോക് എന്നീ 6 ഇലക്ട്രിക്കൽ ഡിവിഷനുകളിലാണ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന 15% ഗ്രാൻഡിനുവേണ്ടിയാണ് ആർഡിഎസ്എസ് പദ്ധതി തങ്ങൾ നടപ്പിലാക്കുന്നത് എന്ന അധികാരികളുടെ ന്യായീകരണം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണം. കാരണം ഗ്രാൻഡല്ല, സ്വകാര്യവത്കരണമാണ് ഇരുകൂട്ടരുടെയും ലക്ഷ്യം.

ഇതോടൊപ്പം, മാസംതോറും വൈദ്യുതി നിരക്ക് 'പരിഷ്കരിക്കുന്ന' കേന്ദ്രസർക്കാരിന്റെ പുതിയ ചട്ടം കേരളത്തിലും നടപ്പാക്കാൻ ദ്രുതഗതിയിൽ നീക്കം നടക്കുകയാണ്. ലഭിക്കുന്ന നിയമോപദേശം അനുസരിച്ച് തുടർനടപടി സ്വീകരിക്കുമെന്ന് വൈദ്യുതി മന്ത്രി പ്രഖ്യാപിച്ചും കഴിഞ്ഞു. ഇന്ധനച്ചെലവിലെ വ്യത്യാസം മാത്രമല്ല, വൈദ്യുതി വാങ്ങുന്നതിലെ എല്ലാ അധികച്ചെലവുകളും മാസംതോറും ഉപഭോക്താക്കളിൽനിന്ന് ഈടാക്കാമെന്നും ചട്ടം നിർദ്ദേശിക്കുന്നു.

കേന്ദ്ര ബിജെപി സർക്കാർ 'വൈദ്യുതി നിയമ ഭേദഗതി 2022' എന്ന പേരിൽ പുതിയ നിയമ നിർമാണം നടത്താനുള്ള അവസാന പരിശ്രമത്തിലാണ്. ഈ നീക്കങ്ങൾക്കെതിരായ പ്രക്ഷോഭത്തെ നയിക്കുമെന്ന് തൊഴിലാളികൾ പ്രതീക്ഷിക്കുന്ന കേരളത്തിലെ എൽഡിഎഫ് ഗവണ്മെന്റ് ബിജെപിയോടൊപ്പം ചേർന്ന് തൊഴിലാളികളെയും കർഷകരെയും വഞ്ചിക്കുകയാണ്. സിപിഐ, സിപിഐ(എം) പാർട്ടികളുടെ കേന്ദ്ര-സംസ്ഥാന നേതാക്കളാണ് ഭരണ വിലാസം യൂണിയനുകളെ നയിച്ചുകൊണ്ടിരിക്കുന്നത്. അവർആരും തന്നെ അറിയാതെയാണ് ഈ കരാറുകൾ ഒപ്പിട്ടതെന്നു പറഞ്ഞാൽ വിശ്വസിക്കാൻ കഴിയുമോ? ഈ വഞ്ചന തൊഴിലാളികളും ജനങ്ങളും തിരിച്ചറിയണം. കക്ഷി രാഷ്ട്രീയത്തിനും ജാതി-മത ചിന്തകൾക്കും അതീതമായി സമരകമ്മിറ്റികളിൽ അണിനിരക്കണം. ■

## ബഫർസോൺ

(2-ാം പേജിൽ നിന്ന്)

നത്തിനും അത് കഴിയുകയില്ല. ഒരു വലിയ ഭൂപ്രദേശത്ത് പതിറ്റാണ്ടുകളായി അധിവസിക്കുന്നവരെ ശത്രുക്കളും പരിസ്ഥിതി വിരുദ്ധരുമായി ചിത്രീകരിച്ചുകൊണ്ടുള്ള ഭരണ നടപടികൾകൊണ്ട് പരിസ്ഥിതി-വന്യമൃഗ-വനംസംരക്ഷണം സാധ്യമല്ല.

എൽഡിഎഫ് സർക്കാർ ബഫർ സോൺ വിഷയത്തിൽ തുടക്കം മുതലേ കള്ളക്കളിയാണ് നടത്തുന്നത്. 2019ലെ ഒരു കിലോമീറ്റർ ബഫർസോൺ എന്ന മന്ത്രിസഭാ തീരുമാനവും ഇപ്പോൾ ജനവാസ മേഖലയെ ഒഴിവാക്കിക്കൊണ്ടുള്ള ബഫർസോണിനുവേണ്ടി ശ്രമിക്കുന്നുവെന്ന അവകാശവാദവും എല്ലാം ഇതാണ് കാണിക്കുന്നത്. സുപ്രീംകോടതി വിധിയിൽ കാര്യക്ഷമമായി ഇടപെടാൻ ആവശ്യമായ സമയമുണ്ടായിരുന്നിട്ടും അതിൽ ആത്മാർത്ഥമായി ഒന്നും ചെയ്യാതെ ഇപ്പോൾ സമയം നീട്ടിവാങ്ങും എന്ന പ്രത്യാശയാണ് പ്രകടിപ്പിക്കുന്നത്.ഉപഗ്രഹസർവേ റിപ്പോർട്ട് അവസാന നിമിഷം മാത്രം പുറത്തുവിട്ട് പരിഭ്രാന്തി പടർത്തിയത് എന്തിനുവേണ്ടിയാണ്? അതിനുശേഷം, ഈ ഉപഗ്രഹ സർവേ റിപ്പോർട്ടല്ല കോടതിയിൽ കൊടുക്കുക എന്നും, വനം വകുപ്പ് 2020-21ൽ നടത്തിയ സർവേയും കരട് ഭൂപടവുമാണ് കൊടുക്കുകയെന്നും പറഞ്ഞു. അതും ജനങ്ങളുടെ അറിവിലേക്കായി സർക്കാർ പുറത്തുവിട്ടു. അതേസമയം ഉപഗ്രഹ സർവേ റിപ്പോർട്ട് മാത്രമേ കോടതിയിൽ സമർപ്പിക്കാൻ കഴിയു എന്നത് ഏവർക്കും അറിവുള്ളതാണ്. രണ്ട് സർവേകൾ പുറത്തുവിട്ട് ജനങ്ങളോട് പരാതി നൽകാൻ ആവശ്യപ്പെട്ട് ആശയക്കുഴപ്പമുണ്ടാക്കിയത് സർക്കാരിന്റെ തന്ത്രത്തിന്റെ ഭാഗമാണ്.

ആദിവാസികളും ദരിദ്ര കർഷകരുമുൾപ്പെടെ വലിയൊരു വിഭാഗത്തിന് പരാതികൊടുക്കാൻ കഴിയില്ലെന്ന് സർക്കാരിന് അറിയാം. സർക്കാർ ഒരു രേഖ പ്രസിദ്ധീകരിച്ച്, ഈ രേഖയിൽപെടാത്ത ആളുകളും വീടുകളും നിർമ്മിതികളും ഉണ്ടെങ്കിൽ അത് തെളിയിക്കണമെന്ന് പാവപ്പെട്ട ജനങ്ങളോട് പറയുകയാണ്. അതിന് അഞ്ചോ പത്തോ ദിവസം അനുവദിച്ചിരിക്കുന്നു എന്നും പ്രഖ്യാപിക്കുന്നു. ഒരാൾ ഇവിടെ ജീവിച്ചിരിക്കുന്നു എന്ന് അയാൾ തന്നെ തെളിവ് ശേഖരിച്ച് തെളിയിക്കണമത്രേ ! അതിനു കഴിയാത്തവർ ഇവിടെ ഇല്ലാത്തവരാകും. രേഖയിൽ ഇല്ലാത്തവരാകും. അവർ പുറത്തു പോകേണ്ടി വരും. ഇത് പുറത്താക്കലിന്റെ രാഷ്ട്രീയമാണ്. കേന്ദ്ര സർക്കാർ ദേശീയ പൗരത്വ രജിസ്റ്റർ കൊണ്ടുവന്ന് ചെയ്തതിന് ഏതാണ്ട് സമാനം. ലക്ഷദ്വീപിൽ ചെയ്യുന്നതിന് സമാനം.

എക്കോളജിക്കൽ പരിഹാരമുണ്ടാക്കേണ്ട സ്ഥാനത്ത് പൊളിറ്റിക്കൽ പരിഹാരം നിർദ്ദേശിച്ച് സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. ഇന്ത്യയിൽ എല്ലായിടത്തും ഒരുപോലെ ഒരു കിലോമീറ്റർ ബഫർസോൺ എന്നത് തികച്ചും അശാസ്ത്രീയമായ രാഷ്ട്രീയ തീരുമാനമായേ കാണാൻ കഴിയു. അതുകൊണ്ടാണ് ആദ്യം പത്ത് കിലോമീറ്റർ പറയുകയും, ഒരു സുപ്രഭാതത്തിൽ ഒരു കിലോമീറ്റർ ആക്കുകയും ചെയ്തത്. ബഫർസോൺ വിഷയത്തിൽ ഇതുവരെ തീരുമാനമെടുക്കാത്ത സംസ്ഥാനങ്ങളിൽ പത്ത് കിലോമീറ്റർ വീതിയിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കണമെന്ന് ഈ വിധിയിൽപോലും പറയുന്നുണ്ട്. ഇതിനൊന്നും യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും സ്വീകരിക്കുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

എല്ലാ കാലത്തും പരിസ്ഥിതിക്ക് ദോഷം വരുത്തിയത് ഭരണാധികാരികളാണ്. ബ്രിട്ടീഷ് ഭരണകാലത്ത്, അവരുടെ മൂലധന-വിനോദ താല്പര്യങ്ങൾക്കനുസരിച്ച് വനത്തെ ഉപയോഗിക്കുകയും അതിനുള്ള നിയമങ്ങളുണ്ടാക്കുകയും ചെയ്തു. വനത്തിൽ ജീവിച്ചിരുന്നവരെ പുറത്താക്കി യഥേഷ്ടം ഉപയോഗിക്കാൻ പാകത്തിൽ വനം അവർ റിസർവ് ചെയ്തു. കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ വേട്ടയാടി വ്യാപകമായി നശിപ്പിച്ചു. ഏതാണ്ട് അതേ രീതിയിലാണ് സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികളും ഇപ്പോൾ ചെയ്യുന്നത്. കോർപ്പറേറ്റുകളുടെ താല്പര്യം സംരക്ഷിക്കാൻ വനത്തിൽനിന്ന് ആദിവാസികളെ ഉൾപ്പെടെ പുറത്തേക്ക് ഓടിക്കുന്നു. എന്നിട്ട് വനം-പരിസ്ഥിതി സംരക്ഷണം പറഞ്ഞുകൊണ്ടുതന്നെ വിശേഷ ധാതുക്കളുടെ വൻതോതിലുള്ള ഖനനം നടത്തുന്നു. കൂറ്റൻ റിസോർട്ടുകളും ടൂറിസത്തിനാവശ്യമായ നിർമ്മിതികളും ഉണ്ടാക്കുന്നു. സൈനികാവശ്യങ്ങൾക്കായി ഏതു പരിധിവിട്ടും വൻസ്ഫോടനവും വെടിവയ്പ്പും മറ്റും നടത്തുന്നു. ഇതിനെല്ലാം നിയമങ്ങൾ വഴിമാറുന്നത് എന്തുകൊണ്ട്? കോർപ്പറേറ്റ് ഖനനത്തിനുവേണ്ടി നിയമങ്ങളിൽ ഇളവുകൾ വരുത്തുന്നത് എന്തുകൊണ്ട് ? പശ്ചിമഘട്ട മലനിരകളിൽ നടക്കുന്ന വൻകിടക്കാരുടെ കൈയേറ്റങ്ങളും പരിധിവിട്ട നിർമ്മിതികളും സർക്കാർ കണ്ടില്ലെന്ന് നടിക്കുകയല്ലേ ?

സംസ്ഥാനത്തിലുംഇതേമാതൃക കാണാം. ടൂറിസത്തിന്റെ പേരിൽ ജംഗ്ഗിൾ സവാരിയും ജീപ്പ് ട്രിപ്പും നടത്തുന്നതിൽസർക്കാർയാതൊരു അപാകതയും കാണുന്നില്ല. ക്വാറി പ്രവർത്തിക്കാൻ വനാതിർത്തിയിൽ നിന്നും മിനിമം 500 മീറ്റർ വേണമെന്ന നിയമം മാറ്റി 50 മീറ്റർ ആക്കി കുറച്ചത് പിണറായി സർക്കാരാണ്. ഇതിലെ ശാസ്ത്രീയത എന്താണ്? എന്ത് പരിസ്ഥിതി സംരക്ഷണമാണിത്? ഭരണകക്ഷിക്ക് ലഭിക്കുന്ന ഫണ്ടിന്റെ നല്ലൊരുപങ്ക് ക്വാറി മുതലാളിമാരിൽനിന്ന് ആകുന്നതിന്റെ രഹസ്യം ആർക്കും തിരിയില്ലെന്നാണോ ? ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള ബഫർസോൺ മതിയെന്ന് വാദിക്കും എന്ന് പറയുമ്പോൾതന്നെ തികച്ചും അവ്യക്തവും പരസ്പരവിരുദ്ധവുമായ സർവെകളും റിപ്പോർട്ടുകളും എഴുന്നള്ളിച്ച് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുകയാണ് സർക്കാർ ചെയ്യുന്നത്. പ്രതിപക്ഷവും, ഒരു പരിധിവരെ, സമരം നടത്തുമെന്ന് പറയുന്ന ചില സംഘടനകളും സർക്കാരിന്റെ ഈ ഇരട്ടത്താപ്പിന് കുഴലൂതുകയാണ്. എല്ലാവരുടെയും നോട്ടം വരാനിരിക്കുന്ന തെരഞ്ഞെടുപ്പിലാണ്.

ഇത്തരം സുപ്രധാന വിഷയങ്ങൾപോലും വളരെ സങ്കുചിതമായ താല്പര്യങ്ങൾ മുൻനിർത്തി കൈകാര്യം ചെയ്യുന്ന ഭരണ നേതൃത്വങ്ങളിൽനിന്നും സത്യസന്ധമായ പരിസ്ഥിതി സൗഹാർദ സമീപനമോ ജനാനുകൂല നിലപാടോ പ്രതീക്ഷിക്കാനാവില്ല. അതിനുള്ള രാഷ്ട്രീയ-സാംസ്കാരിക പക്വത ഇനിയും സമൂഹം തന്നെ ആർജ്ജിക്കേണ്ടിയിരിക്കുന്നു. ■

എൽഡിഎഫ് ദുർഭരണം

# മൂലധന നിക്ഷേപമെന്ന വികസനഭ്രാന്ത് ജനലക്ഷങ്ങളെ തെരുവാധാരമാക്കുന്നു

(1–ാം പേജിൽ നിന്ന്)

വിളിച്ച് മുഖ്യൻ ആഹ്ലാദിക്കുമ്പോൾ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തെ പ്രാണനെപ്പോലെ ഗണിച്ച എണ്ണമറ്റ ഇടതുപക്ഷ വിശ്വാസികളുടെ നെഞ്ചുപിടയുകയാണ്. പട്ടിണി കിടക്കുന്ന കോരൻ കളി കണ്ട് ആനന്ദിക്കേണ്ടതില്ലെന്ന ഒരു മന്ത്രിയുടെ വാക്കുകളിൽ പട്ടിണിക്കോലങ്ങളോടുള്ള അറപ്പും നിന്ദയുമാണ് പ്രതിഫലിക്കുന്നത്.

മുക്കാലും മുടിഞ്ഞ ഖജനാവിൽനിന്നും പാർട്ടി മേലാളന്മാർക്കും തമ്പുരാക്കന്മാർക്കും നാണമില്ലാതെ വാരിക്കോരി നൽകുന്നു. ഇടഞ്ഞുനിൽക്കുന്ന കണ്ണൂർ നേതാവിന് ലക്ഷങ്ങളുടെ ബുള്ളറ്റ്പ്രൂഫ് കാറ് മുതൽ യുവജനക്ഷേമത്തിന്റെ ചെയർപേഴ്സണ് ലക്ഷം രൂപ ശമ്പളം വരെ ഖജനാവിൽ നിന്ന് കൈപ്പറ്റാൻ ഇക്കൂട്ടർക്ക് ഒരു ഉളിപ്പുമില്ല. പാവപ്പെട്ട നിക്ഷേപകരുടെ പണം കട്ടുമുടിച്ച നേതാക്കന്മാരാൽ നയിക്കപ്പെടുന്ന സഹകരണ സംഘങ്ങളെ താങ്ങാനും ജനങ്ങളുടെ പിച്ചക്കാശു തന്നെ. കത്തുന്ന പുരയുടെ അവസാന കഴുക്കോലും ഊരുകയാണ് ഇവർ. മുതലാളിമാർക്കു നൽകുന്നതിന്റെ നൂറിലൊന്നുപോലുമില്ലാത്ത ഉച്ചിഷ്ടം നാട്ടുകാർക്ക് എറിഞ്ഞുകൊടുക്കുന്നതാണ് പിണറായി നയിക്കുന്ന 'ജനകീയ ഭരണം'. ചാനലുകളിൽ ഈ ദുർഭരണത്തെ താങ്ങി പച്ചനുണകൾ വിളമ്പാൻ എത്തുന്ന നേതാക്കന്മാരുടെ തൊലിക്കട്ടിക്കുമുമ്പിൽ വലതു രാഷ്ട്രീയക്കാർപോലും നാണംകെട്ടു പോകുന്നു.

കേന്ദ്രത്തിലെ നരേന്ദ്ര മോദി സർക്കാരിനെപ്പോലെതന്നെ ദുർഭരണം, തങ്ങളുടെ എല്ലാ ദുഷ്ചെയ്തികൾക്കും ജനങ്ങൾ നൽകിയിരിക്കുന്ന അംഗീകാരമാണ് എന്നാണ് വ്യാഖ്യാനം. കടുത്ത ജനദ്രോഹ നയങ്ങൾ നടപ്പിലാക്കുന്നു എന്നുള്ളതു മാത്രമല്ല, കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷത്തെ മലീമസമാക്കുന്നതിലും സംഘപരിവാറിനേക്കാൾ ഒട്ടുംകുറഞ്ഞ പങ്കല്ല കേരളത്തിൽ ഇവർ നിർവ്വഹിക്കുന്നത്.

## ദുസ്സഹമാകുന്ന വിലക്കയറ്റവും ജീവിതച്ചെലവുകളും

ഭക്ഷ്യവസ്തുക്കളടക്കം നിത്യോപയോഗ സാധനങ്ങളുടെ, മാസങ്ങളായി തുടരുന്ന വിലവർദ്ധനവ് ഒരു മാറ്റവുമില്ലാതെ മുന്നോട്ട് പോകുകയാണ്. കേരളത്തിലെ വിലക്കയറ്റത്തിന്റെ രൂക്ഷത യൂണിറ്റി മുൻലക്കങ്ങളിലും പ്രതിപാദിച്ചിട്ടുള്ളതാണ്. ഒരു കിലോ അരിക്ക് പൊതുകമ്പോളത്തിൽ 60 രൂപയ്ക്ക് മുകളിൽ തുടരുകയാണ്. മുളക്, മല്ലി, ആട്ട, റവ, ഭക്ഷ്യഎണ്ണകൾ, സോപ്പ്, പേസ്റ്റ് എന്നുവേണ്ട എല്ലാ നിത്യോപയോഗവസ്തുക്കൾക്കും തൊട്ടാൽ പൊള്ളുന്ന വിലയാണ്. രാജ്യത്താകമാനം വിലക്കയറ്റം മൂലം ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. കേരളത്തിൽ ഇത് ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. ഒരു കുടുംബത്തിന് ഒരു മാസം പാചകവാതകത്തിന് മാത്രം 1100 രൂപയ്ക്ക് മുകളിൽ നൽകണം. പെട്രോൾ വില നൂറിന് മുകളിലായിട്ട് മാസങ്ങൾ പിന്നിട്ടു. ഇതിനുശേഷം ലോക കമ്പോളത്തിൽ ക്രൂഡ് ഓയിൽ വിലയിൽ കാര്യമായ കുറവുവന്നു. എണ്ണക്കമ്പനികൾ വില കുറയ്ക്കുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളാകട്ടെ അവരുടെ ഭീമമായ നികുതിയിൽ യാതൊരു ഇളവും വരുത്താൻ തയ്യാറുമല്ല. പരസ്പരം പഴിചാരി ജനങ്ങളെ കൊഞ്ഞനം കുത്തുകയാണിവർ. ഇന്ധന വിലവർദ്ധനവിന്റെ പേരിൽ ബസ് ചാർജ് വർദ്ധിപ്പിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തത്. വീണ്ടും ഇരുട്ടടി എന്നപോലെ വൈദ്യുതി ചാർജ് അതിഭീമമായി വർദ്ധിപ്പിച്ചു. എല്ലാവിധ മരുന്നുകളുടെയും വില വൻതോതിൽ വർദ്ധിച്ചു. എല്ലാ സർക്കാർ സേവനങ്ങൾക്കുമുള്ള ഫീസുകളും വലിയതോതിൽ വർദ്ധിച്ചു.

കേന്ദ്ര സർക്കാരിന്റെ ജിഎസ്ടി അടക്കമുള്ള നയങ്ങൾ വിലക്കയറ്റം രൂക്ഷമാക്കുമ്പോൾ, സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നയങ്ങളും സമാനമായ രീതിയിൽ ജനദ്രോഹകരമാണ്. ചെറുകിട വ്യാപാരരംഗം വൻകിട കുത്തകകൾക്കായി തുറന്നിട്ടുകൊടുക്കുന്നതുൾപ്പെടെയുള്ള നയങ്ങളുടെ സ്വാഭാവിക പരിണതി തന്നെയാണ് ഇന്നത്തെ സ്ഥിതിവിശേഷം. ഇത്തരം നയങ്ങളെ എതിർക്കുന്നു എന്ന നാട്യം മുൻപ് ഇടതുമുന്നണിക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കേരളത്തിന്റെ മുക്കിലും മൂലയിലുംവരെ വൻകിട കുത്തകകളുടെ മാളുകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. ലുലു മാളിന്റെ മുതലാളി കേരളത്തിന്റെ അംബാസഡർ ആണെന്ന് എഴുന്നള്ളിക്കാൻപോലും മുഖ്യമന്ത്രിക്ക് ഒരു ഉളുപ്പുമില്ലാതായി. കേന്ദ്രത്തിൽ ആയാലും സംസ്ഥാനങ്ങളിൽ ആയാലും സർക്കാരുകൾ ഈ കോർപ്പറേറ്റുകളുടെ പാദസേവക്കായി മത്സരിക്കുകയാണ്. അപ്പോൾ അവർ എങ്ങനെ പൊതുവിതരണം ശക്തിപ്പെടുത്തി വിലക്കയറ്റം തടയുമെന്ന് നമുക്ക് പ്രതീക്ഷിക്കാൻ കഴിയും. അതിരൂക്ഷമായ ജനകീയ പ്രക്ഷോഭത്തിന്റെ സമ്മർദ്ദത്തിലൂടെയല്ലാതെ അത്തരം ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല.

## ഭയാനകമായി പെരുകുന്ന പൊതുകടം; ഇല്ലാതാകുന്ന ജനക്ഷേമ പദ്ധതികൾ

കേരളത്തിന്റെ പൊതുകടം ഇപ്പോൾ 3,32,300 കോടി രൂപയാണ്. 2016-17ൽ ഇത് 1,89,768 കോടിയായിരുന്നു. ഇന്ത്യയിലെ ഏറ്റവും അധികം കടമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കടമെടുപ്പ് പരിധിയെ മറികടക്കാൻ കിഫ്ബി, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് തുടങ്ങിയ സംവിധാനങ്ങൾ സൃഷ്ടിച്ച് അവയിലൂടെയും വായ്പകൾ എടുത്തു. എന്നാൽ ഇവയുടെയെല്ലാം തിരിച്ചടവ് ബാധ്യത സർക്കാർ എടുക്കേണ്ടതും ജനങ്ങളുടെ തലയിൽ വരുന്നതുമാണ്. സർക്കാരിന്റെ എല്ലാ നിത്യനിദാന ചെലവുകളും ഇന്ന് കടം വാങ്ങിയാണ് നടത്തുന്നത്. സംസ്ഥാന വരുമാനത്തിന്റെ നല്ലൊരു പങ്കും വായ്പാ പലിശ തിരിച്ചടവിനാണ് ചെലവഴിക്കുന്നത്.

സർക്കാരിന്റെ സാമ്പത്തിക വിശാരദന്മാർ അവകാശപ്പെടുന്നത് കടം വാങ്ങിയുള്ള വികസന പ്രവർത്തനങ്ങളിലൂടെ വലിയ പുരോഗതി കേരളം കൈവരിക്കും എന്നാണ്. എന്നാൽ ഇന്നത്തെ ലോകരാജ്യങ്ങൾ നൽകുന്ന ചിത്രം വേറൊന്നാണ്. കേരളത്തിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനുള്ളിൽ സർക്കാരുകൾ വാങ്ങിക്കൂട്ടിയ ഭീമമായ തുകകൾകൊണ്ട് എന്തു വികസനമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പരിശോധിച്ചാൽ യാഥാർത്ഥ്യം വെളിവാകും. കേരളത്തിന്റെ അഭിമാനമായിരുന്ന ആരോഗ്യമേഖലയും, വിദ്യാഭ്യാസ മേഖലയും താറുമാറാക്കി. സാധാരണക്കാർക്ക് നൽകുന്ന ക്ഷേമ പദ്ധതികൾ ഇല്ലാതാക്കുന്നതും സേവന മേഖലകളിൽനിന്നും സർക്കാർ പിന്മാറുന്നതും ജീവനക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്നതും സബ്സിഡികൾ ഇല്ലാതാക്കുന്നതും എല്ലാം വായ്പ തിരിച്ചടവിനായി സ്വീകരിക്കുന്ന ചെലവുചുരുക്കലുകളുടെ ഭാഗമാണ്.

ഈ ഭീമമായ വായ്പകളിലൂടെ എന്ത് വികസനം വന്നുവെന്നോ, എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിച്ചുവെന്നോ വസ്തുനിഷ്ഠമായി പറയുവാൻ ഇവർക്ക് കഴിയുമോ? സാമ്പത്തിക ഞെരുക്കംമൂലം വയോധികർക്കും വിധവകൾക്കും ഭിന്നശേഷിക്കാർക്കും അടക്കം ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന തുച്ഛമായ ക്ഷേമപെൻഷനുകൾപോലും മാസങ്ങളോളം മുടങ്ങുന്നു. സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിന് നൽകുന്ന തുകയും പാചകക്കാർക്കു നൽകുന്ന തുച്ഛമായ പ്രതിഫലവും മുടങ്ങുന്നു.

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സാധാരണ ജനങ്ങളെ വളരെയധികം ക്ലേശിപ്പിക്കുമ്പോഴും സർക്കാരിന്റെ ഭരണച്ചെലവും ധൂർത്തും ഒരു നിയന്ത്രണവുമില്ലാതെ തുടരുകയാണ്. ക്ലിഫ് ഹൗസിൽ പശുത്തൊഴുത്ത് പണിയാൻ ലക്ഷങ്ങൾ ധൂർത്തടിച്ചു. പാർട്ടി നേതാക്കൾക്കായി സൃഷ്ടിച്ചിട്ടുള്ള കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ബോർഡുകൾ – ഇത്യാദി ലാവണങ്ങളിൽ കുടിയിരുത്തിയിരിക്കുന്ന നേതാക്കൾക്ക് ലക്ഷങ്ങൾ വിലവരുന്ന കാറുകൾ, പരസ്യങ്ങൾക്കുവേണ്ടി ചെലവാക്കുന്ന കോടികൾ... ഒന്നിനും ഒരു നിയന്ത്രണവും ഉണ്ടാകുന്നില്ല. മുഖ്യമന്ത്രിയടക്കമുള്ളവരുടെ വിദേശയാത്ര, വിദേശ ചികിത്സ എന്നിങ്ങനെപോകുന്ന ചെലവുകൾ. വലതുപക്ഷ രാഷ്ട്രീയ നേതാക്കളെപോലും ലജ്ജിപ്പിക്കുന്നതാണ് ഇക്കൂട്ടരുടെ ഇത്തരം ചെയ്തികൾ.

## പെരുകുന്ന തൊഴിലില്ലായ്മ; ആശയറ്റ യുവജനത

ഭയാനകമായ രീതിയിലാണ് കേരളത്തിലെ തൊഴിലില്ലായ്മ വർദ്ധിക്കുന്നത്. നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് 2021ൽ കേരളത്തിലെ 15നും 29നുമിടയിൽ പ്രായമുള്ളവരുടെയിടയിൽ തൊഴിലില്ലായ്മ നിരക്ക് 43 ശതമാനമാണ്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം.

തൊഴിലില്ലായ്മ ഇത്രയും രൂക്ഷമായിരിക്കെ സർക്കാർ വൻതോതിൽ തസ്തികകൾ ഇല്ലാതാക്കുകയും ഉള്ളവയിൽ സമയബന്ധിതമായി നിയമനം നടത്താതിരിക്കുകയും ചെയ്യുന്നു. കരാർ നിയമനങ്ങളിലൂടെ പിൻവാതിൽ നിയമനം വ്യവസ്ഥാപിതമാക്കി. പിഎസ്‌സി പരീക്ഷ എഴുതി യോഗ്യത നേടുന്നവരെ റാങ്ക് ലിസ്റ്റ് കാലഹരണപ്പെടുംവരെ നിയമനം നടത്താതെ പുറന്തള്ളുന്നു. പിഎസ്‌സിക്ക് പ്രിലിമിനറി എന്ന പരീക്ഷയുംകൂടി അടിച്ചേൽപ്പിച്ചു. മോദി സർക്കാരിനെപ്പോലെതന്നെ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കും എന്ന് നിരന്തരം വീമ്പുപറയുക മാത്രമാണ് ഇവർ ചെയ്യുന്നത്. തൊഴിൽ ലഭിക്കാതെ ഉദ്യോഗാർത്ഥികൾ ആത്മഹത്യയിലേയ്ക്കുവരെ പോകുന്നു.

## തകരുന്ന തൊഴിൽമേഖല

പിണറായി ഭരണത്തിൽ തൊഴിലാളികളെ വിവിധ മേഖലകളിൽ നിഷ്ഠുര ചൂഷണത്തിന് എറിഞ്ഞുകൊടുക്കുകയാണ്. കേരളത്തിൽ നേടിയെടുത്തിട്ടുള്ള തൊഴിലവകാശങ്ങളെക്കുറിച്ച് വലിയ അവകാശവാദങ്ങൾ ഇവർ ഉയർത്തുന്നുണ്ട്. കേരളത്തിൽ ഇന്ന് നിരവധി മേഖലകളിൽ തൊഴിലാളികൾ അനുഭവിക്കുന്നത് വലിയ നീതി നിഷേധവും ചൂഷണവുമാണ്. തൊഴിലാളി സമരങ്ങളോടും അവരുടെ ന്യായമായ ആവശ്യങ്ങളോടും ശത്രുതാപരമായ സമീപനമാണ് സർക്കാർ വച്ചുപുലർത്തുന്നത്. കെഎസ്ആർടിസി ജീവനക്കാർക്ക് ശമ്പളത്തിനായി കോടതിയെ സമീപിക്കേണ്ടിവന്നു. സമരം ചെയ്തവരെ കൊടുംകുറ്റവാളികളായാണ് ചിത്രീകരിച്ചത്. സർക്കാരുകളുടെ കെടുകാര്യസ്ഥതയും അഴിമതിയുംമൂലം കെഎസ്ആർടിസി നേരിടുന്ന പ്രശ്നങ്ങളുടെ ഉത്തരവാദിത്വം ആ സ്ഥാപനത്തെ നിലനിർത്തുന്ന തൊഴിലാളികളുടെ തലയിൽ കെട്ടിവയ്ക്കാനാണ് നോക്കുന്നത്. 12 മണിക്കൂർ സിംഗിൾ ഡ്യൂട്ടി അടിച്ചേൽപ്പിച്ചുകൊണ്ട് 8 മണിക്കൂർ ജോലി എന്ന ഒന്നര നൂറ്റാണ്ടുമുമ്പ് തൊഴിലാളികൾ നേടിയെടുത്ത അവകാശത്തെ കുഴിച്ചുമൂടി. കെ-സ്വിഫ്റ്റിലൂടെ നിശ്ചിതസമയ കരാർതൊഴിലെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ നിയമത്തിനനുസൃതമായ നയമാണ് നടപ്പാക്കിയത്.

മിനിമംകൂലി ഇല്ലാതെ പണിയെടുപ്പിക്കുന്ന നിരവധി തൊഴിൽ മേഖലകൾ കേരളത്തിലുണ്ട്. കശുവണ്ടിത്തൊഴിലാളികൾ, മത്സ്യസംസ്കരണത്തൊഴിലാളികൾ, ഓൺലൈൻ വിതരണക്കാർ, പ്രത്യേക സാമ്പത്തിക മേഖലയിലെ തൊഴിലാളികൾ, വൻകിട കച്ചവടസ്ഥാപനങ്ങളിലെ ജീവനക്കാർ, സ്വകാര്യ സ്കൂൾ അദ്ധ്യാപകർ-ജീവനക്കാർ, സ്വകാര്യ ആശുപത്രി ജീവനക്കാർ, 27,000ത്തോളം വരുന്ന ആശവർക്കർമാർ തുടങ്ങി, ഇന്ന് സ്വകാര്യ മൂലധനനിക്ഷേപത്തിലൂടെ സൃഷ്ടിക്കപ്പെട്ടു എന്നുപറയുന്ന തൊഴിലുകളിൽ ഒട്ടുമിക്കവയും അതിനിസ്സാര വേതനം നൽകുന്നവയാണ്. തൊഴിലാളികൾ അവകാശങ്ങൾ ചോദിക്കുന്നത് വലിയ കുറ്റകൃത്യമാണെന്നും അതുകൊണ്ട് കേരളത്തിലേക്ക് വ്യവസായികൾ വരുന്നില്ല എന്നുമുള്ള പെരുംനുണ വലതുപക്ഷ ശക്തികളോടൊപ്പംചേർന്ന് പ്രചരിപ്പിക്കുകയാണിവർ. ഈ വാദങ്ങളുടെ മറവിൽ തൊഴിലാളികൾ കഠിന സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കുകയും കേന്ദ്ര സർക്കാരിന്റെ തൊഴിലാളിദ്രോഹ നയങ്ങൾക്കിണങ്ങുന്ന നടപടികളുമായി അതിശീഘ്രം മുന്നോട്ടുപോകുകയുമാണ്.

## കെഎസ്ആർടിസി, കെഎസ്ഇബി പരിഷ്കാരങ്ങളിലൂടെ സ്വകാര്യവല്ക്കരണത്തിന് വഴിയൊരുക്കുന്നു

കെഎസ്ആർടിസി നേരിടുന്ന തകർച്ച നിരവധിതവണ ചർച്ച ചെയ്തുകഴിഞ്ഞതാണ്. ജീവനക്കാരെയും പെൻഷൻകാരെയും ദ്രോഹിക്കുന്നു എന്നതുമാത്രമല്ല, പൊതുഗതാഗത സംവിധാനത്തെ തകർക്കുകകൂടിയാണ് ചെയ്തിരിക്കുന്നത്. സർവീസുകൾ ഏതാണ്ട് പകുതിയാക്കി. 2016ൽ 6000ത്തിന് മുകളിൽ സർവീസ് നടത്തിയിരുന്നത് ഇപ്പോൾ 3500ൽ താഴെയായിരിക്കുന്നു. ഇതുമൂലം സാധാരണക്കാർ അനുഭവിക്കുന്ന യാത്രാക്ലേശം പറഞ്ഞറിയിക്കാനാകില്ല. കെ സ്വിഫ്റ്റ് പോലെയുള്ള സ്വതന്ത്രകമ്പനികൾ രൂപീകരിച്ച് സ്വകാര്യവല്ക്കരണത്തിലേക്കുള്ള ചുവടുവയ്പാണ് നടത്തുന്നത്.

(ശേഷം 5–ാം പേജിൽ)

**എൽഡിഎഫ് ദുർഭരണം**

# സിപിഐ(എം)ന്റെ സമരവിരുദ്ധത ഇടതുപക്ഷ രാഷ്ട്രീയത്തിന് അപരിഹാര്യമായ ഹാനിവരുത്തുന്നു

(4-ാം പേജിൽ നിന്ന്)

വൈദ്യുതി നിയമം 2022 വൈദ്യുതി മേഖലയെ സ്വകാര്യവല്ക്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ പദ്ധതിയാണ്. കർഷകരുടെ ഒരു വർഷം നീണ്ടുനിന്ന ഐതിഹാസിക സമരം ഈ നിയമത്തിനെതിരെക്കൂടെയുള്ളതായിരുന്നു. എന്നാൽ, ഇപ്പോൾ അതിവേഗം നിയമം നടപ്പിലാക്കാൻ നീക്കം നടക്കുന്നു. കേരളത്തിലാകട്ടെ സംസ്ഥാന സർക്കാർ അതിനുവേണ്ടുന്ന മുന്നൊരുക്കങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നു. സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ എടുത്ത തീരുമാനമടക്കം ഇതിന്റെ ഭാഗമാണ്. വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ അറിയുന്നതു വഴി ഉപഭോക്താക്കൾക്ക് തങ്ങളുടെ ദൈനംദിന വൈദ്യുതിയുടെ ഉപയോഗം ക്രമീകരിക്കാമെന്ന് പറഞ്ഞാണ് കെഎസ്ഇബി സ്മാർട്ട് മീറ്റർ കൊണ്ടുവരാൻ ശ്രമിക്കുന്നത്. എന്നാൽ, സ്മാർട്ട് മീറ്ററിലൂടെ സ്വകാര്യവത്കരണത്തിന്റെ ഒരു ഘട്ടം പൂർത്തീകരിക്കപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം.

### തകരുന്ന കാർഷിക മേഖല

എല്ലാ മേഖലകളിലും കർഷകർ കടുത്ത പ്രതിസന്ധിയെ നേരിടുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് പൊള്ളുന്നവിലയ്ക്ക് അരിയും പച്ചക്കറികളും പഴവർഗങ്ങളും വാങ്ങി ഉപയോഗിക്കുന്ന കേരളത്തിൽ പക്ഷെ ഇവ ഉല്പാദിപ്പിക്കുന്ന കർഷകർ വിലകിട്ടാതെയും കടക്കെണിയിൽപെട്ടും നട്ടംതിരിയുന്നു എന്നതാണ് യാഥാർത്ഥ്യം. നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനോ പ്രതിഫലം യഥാസമയം നൽകുന്നതിനോ തയ്യാറാകാത്തതുമൂലം നെൽകർഷകരും ദുരിതത്തിലാണ്. അവശേഷിക്കുന്ന കർഷകരും നെൽകൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു.

പാൽ വില കൂട്ടിയത് ക്ഷീരകർഷകരുടെ പേരിൽ. എന്നാൽ അതിനേക്കാൾ വലിയതോതിൽ കാലിത്തീറ്റ വിലവർദ്ധിപ്പിച്ച് ക്ഷീര കർഷകരുടെ പ്രതിസന്ധിയും വർദ്ധിപ്പിച്ചു. റബ്ബറിന്റെ വിലയിടിവ് തടയും എന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനം നൽകിയവർ ഇപ്പോൾ വാ തുറക്കുന്നില്ല. റബർ വില തീരെ താണതുമൂലം ടാപ്പിംഗ് പോലും കർഷകർ ഉപേക്ഷിക്കുന്നു. ടാപ്പിംഗ് തൊഴിലാളികളും പട്ടിണിയിലാകുന്നു. മലയോര മേഖലകളിൽ വന്യമൃഗശല്യവും ഇപ്പോൾ ബഫർസോൺ ഭീഷണിയും ചേർന്ന് കർഷകരെ തകർത്തിരിക്കുന്നു. ബഫർസോൺ വിഷയത്തിൽ വലിയ ആശയക്കുഴപ്പം നിലനിൽക്കെ കർഷകരെ പ്രതിസന്ധിയിൽനിന്ന് കരകയറ്റാൻ സംസ്ഥാന സർക്കാർ വ്യക്തമായ ഒരു നിലപാടും കൈക്കൊള്ളുന്നില്ല.

### ജനങ്ങളെ കുടിയിറക്കുന്ന വൻകിട പദ്ധതികൾ

കെ റെയിൽ, വിഴിഞ്ഞം തുടങ്ങിയ പദ്ധതികൾ വികസനക്കുതിപ്പ് എന്ന പ്രചാരണത്തോടെ ജനങ്ങളുടെ എതിർപ്പിനെ അടിച്ചമർത്തി നടപ്പാക്കാനാണ് പിണറായി ഗവണ്മെന്റ് നിരന്തരം ശ്രമിക്കുന്നത്. കെ റെയിൽ സിൽവർലൈൻ പദ്ധതി ജനങ്ങളുടെ യാത്ര ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയുള്ളതല്ല. സാധാരണക്കാർക്ക് ഇത്ര ഉയർന്ന ചെലവിൽ യാത്ര ചെയ്യാൻ കഴിയില്ല. ആവശ്യകതയുമില്ല. ഒരു ചെറിയ വിഭാഗം സമ്പന്നർക്ക് മാത്രമാണ് അത് ഉപയോഗിക്കാൻ കഴിയുക. എന്നാൽ കെ റെയിൽ സൃഷ്ടിക്കുന്ന കുടിയൊഴിപ്പിക്കൽ, പാരിസ്ഥിതിക ആഘാതം, കടബാധ്യത എല്ലാം സംസ്ഥാനത്തെ ഒരു വൻദുരന്തത്തിലേക്ക് നയിക്കാൻ പോന്നതാണ്. പക്ഷെ, സർക്കാർ അത് നടപ്പാക്കാൻ എല്ലാ തന്ത്രവും പയറ്റുന്നത് അതിന്റെ യഥാർത്ഥ ഗുണഭോക്താക്കളായ വൻകിട കമ്പനികളുടെ താല്പര്യാർത്ഥം മാത്രമാണ്. വിഴിഞ്ഞം പദ്ധതിയും സമാനമായ രീതിയിലാണ്. 33 ശതമാനം പണി പൂർത്തിയായപ്പോൾതന്നെ തിരുവനന്തപുരത്തിന്റെ തീരത്ത് അത് ഗണ്യമായ വിനാശങ്ങൾ വിതച്ചു. അതിനെക്കുറിച്ച് നിഷ്പക്ഷമായ ഒരു പഠനം നടത്തണമെന്ന ആവശ്യംപോലും ചെവിക്കൊള്ളാൻ സർക്കാർ തയ്യാറല്ല. അദാനിയെന്ന ഇന്ത്യയിലെ ഏറ്റവും വലിയ കോർപ്പറേറ്റിനുവേണ്ടി കേരളംതന്നെ സ്വർണ്ണത്തളികയിൽ വച്ചുസമർപ്പിക്കുന്നതിന്റെ സൂചനകളാണ് ഇപ്പോൾ പുറത്തുവരുന്നത്. അതിനായി അദാനി തുറമുഖത്തിനെതിരെ സമരം ചെയ്ത മത്സ്യത്തൊഴിലാളികളെ അടിച്ചമർത്താൻ ബിജെപിയുമായി ചേർന്ന് നടത്തിയ നെറികെട്ട കളികൾ പൊറുക്കാനാവാത്തതാണ്.

ഇത്തരം പദ്ധതികളിലൂടെ കേരളത്തിൽ വികസനം വരുമെന്ന് പെരുമ്പറകൊട്ടിപ്രചരിപ്പിക്കുന്നവർ കഴിഞ്ഞ നാളുകളിൽ സമാനമായ രീതിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ചരിത്രം ഒന്ന് പരിശോധിക്കേണ്ടതാണ്. കായംകുളം താപവൈദ്യുത നിലയം അടക്കം കേരളത്തിലെ താപവൈദ്യുത നിലയങ്ങൾ അടഞ്ഞുകിടക്കുന്നത് ജനങ്ങൾ സമരം ചെയ്തിട്ടോ, തൊഴിലാളികൾ സമരം ചെയ്തിട്ടോ അല്ല. ഈ പദ്ധതികൾക്കായി ജനങ്ങൾ അനേകം കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുണ്ട്. കൊച്ചി മെട്രോ ദിനംപ്രതി ലക്ഷങ്ങൾ നഷ്ടം വരുത്തുന്നുണ്ട്. കൊച്ചി സ്മാർട്ട് സിറ്റി സർക്കാരിൽനിന്നും ഒരുപാട് സൗജന്യങ്ങൾ നേടിവന്നതാണ് 80,000 മുതൽ 1,00,000 വരെ തൊഴിലാണ് വാഗ്ദാനം ചെയ്തത്. എന്നാൽ വന്നത് 5000ൽ താഴെമാത്രം തൊഴിലുകൾ. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ പ്രതീക്ഷിച്ചതിനേക്കാൾ വളരെ കുറവ് കണ്ടെയ്നറുകളാണ് എത്തിച്ചേരുന്നത്. സർക്കാരുടമസ്ഥതയിലുള്ള രാജീവ് ഗാന്ധി ടെർമിനലിന്റെ വരുമാനവും നഷ്ടപ്പെട്ടു. പദ്ധതിക്കായി റെയിൽവേ ലൈൻ നിർമ്മിക്കാനാണ് മൂലമ്പിള്ളിയിൽനിന്ന് 360 കുടുംബങ്ങളെ കുടിയൊഴിപ്പിച്ചത്. 15 വർഷം കഴിഞ്ഞിട്ടും പുനഃരധിവസിപ്പിച്ചില്ല. റെയിൽ ലൈനിലൂടെ ട്രെയിനും ഓടുന്നില്ല.

ജനങ്ങളുടെ എതിർപ്പിനെ അടിച്ചമർത്തിയതിൽ ഊറ്റംകൊള്ളുന്നതാണ് ഗെയിൽ-അദാനി ഗ്യാസ് പദ്ധതി. കൊച്ചിയിൽ എൽപിജിയേക്കാൾ കുറഞ്ഞ ചെലവിൽ പാചകവാതകം നൽകുമെന്നായിരുന്നു വാഗ്ദാനം. ഇപ്പോൾ എൽപിജിയെക്കാൾ ഇരട്ടിവിലയായതിനാൽ ഉപഭോക്താക്കൾ എവ്വിധവും ഉപേക്ഷിക്കാൻ ശ്രമിക്കുന്നു.

### ജനങ്ങളുടെ ജീവനെടുക്കുന്ന ജപ്തികൾ, കടക്കെണി

കേരളത്തിലെ സാധാരണ ജനങ്ങളിൽ ഒരു വലിയ വിഭാഗം നിലനില്പിനുവേണ്ടി വിവിധ വായ്പകളെ ആശ്രയിക്കുന്നവരാണ്. കിട്ടുന്ന വരുമാനത്തിൽനിന്നും എങ്ങനെയെങ്കിലുമൊക്കെ തിരിച്ചടവ് നടത്തിയിരുന്നവരെ തകർത്തുകൊണ്ടാണ് കോവിഡ് വന്നത്. കോവിഡ് ലോക്ഡൗൺ കാലത്ത് ചില വായ്പകൾക്ക് സർക്കാർ മൊറോട്ടോറിയം പ്രഖ്യാപിച്ചിരുന്നു എങ്കിലും അത് വലിയൊരു ചതിക്കുഴിയായിരുന്നു. ഇന്നിപ്പോൾ പലിശയും പലിശയുടെ പലിശയുമായി വായ്പകൾ ഭീമമായ തുകകളായി മാറി. ബാങ്കുകൾ വീടുകൾതോറും ജപ്തിയുമായി കയറിയിറങ്ങുന്നു. ഇതിനോടകം കേരളത്തിൽ ജപ്തി ഭീഷണി നിരവധി ജീവനുകൾ എടുത്തുകഴിഞ്ഞു. കൊല്ലത്ത് അഭിരാമി എന്ന പെൺകുട്ടിയുടെ ജീവനെടുത്തത് കേരള ബാങ്ക് എല്ലാ മര്യാദകളും ലംഘിച്ച് സ്ഥാപിച്ച ജപ്തി ബോർഡ് സൃഷ്ടിച്ച അപമാനഭാരമാണ്. കരുവന്നൂർ ബാങ്ക് അടക്കം സാധാരണക്കാരന്റെ കോടികൾ തട്ടിയെടുത്ത സിപിഐ(എം) നിയന്ത്രണത്തിലുള്ള കേരള ബാങ്ക് തന്നെയാണ് ഈ ജപ്തിനടപടികളിൽ മുന്നിൽനിൽക്കുന്നത്. പ്രളയംമൂലം എല്ലാം നഷ്ടപ്പെട്ട കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പ്രദേശത്തും നിരവധി കുടുംബങ്ങൾ ജപ്തിഭീഷണി നേരിടുന്നു. ഇതുകൂടാതെ ബ്ലേഡ് മാഫിയ, മൈക്രോ ഫിനാൻസ് തുടങ്ങിയവരുടെ നിരവധി ഭീഷണികൾക്ക് നടുവിലാണ് ജനങ്ങൾ.

### കേരളത്തെ തകർക്കുന്ന ക്വാറി മാഫിയ

കേരളത്തിന്റെ പരിസ്ഥിതി ഗുരുതരമായ തകർച്ചയെ നേരിടുകയാണ്. പശ്ചിമഘട്ടത്തെ ഒന്നാകെ ക്വാറിമാഫിയ തകർക്കുകയാണ്. കേരളത്തിൽ ഇപ്പോൾ 6000ത്തോളം ക്വാറികളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഉരുൾപൊട്ടൽ സാധ്യതാമേഖലയിലും ഈ ക്വാറികൾ ഒരു ഭീഷണിയായി നിലനിൽക്കുകയാണ്. 2018ലെ പ്രളയത്തിനുശേഷവും 223 ക്വാറികൾ കേരളത്തിൽ ആരംഭിച്ചു. അദാനി പോർട്ടിനുവേണ്ടി ദശലക്ഷക്കണക്കിന് ടൺ പാറയാണ് ഇനിയും വേണ്ടിവരുന്നത്. അതിനുവേണ്ടി കേരളത്തിലെമ്പാടും ക്വാറികൾ ആരംഭിക്കുകയാണ്. സിപിഐ(എം)ന് കഴിഞ്ഞവർഷം ലഭിച്ച സംഭാവനകളിൽ മൂന്നിലൊന്നും ക്വാറി മുതലാളിമാരിൽനിന്നായിരുന്നു എന്നതും ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്.




വിലക്കയറ്റത്തിനെതിരെ കൊല്ലം അഞ്ചലിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് പി.പി.പ്രശാന്ത് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

കൊല്ലം, ആലപ്പുഴ തീരത്ത് നടക്കുന്ന കരിമണൽ ഖനനം മറ്റൊരു പാരിസ്ഥിതിക ദുരന്തത്തിന്റെ മുഖമാണ്. തോട്ടപ്പള്ളിയിൽ എല്ലാ തീരദേശ നിയമങ്ങളും ലംഘിച്ച് നടക്കുന്ന കരിമണൽ ഖനനത്തിനെതിരെ 500 ദിവസത്തിലധികമായി ജനങ്ങൾ സമരം ചെയ്യുന്നു. കഴിഞ്ഞ വർഷങ്ങളിലെ ഗുരുതരമായ പ്രളയങ്ങൾക്കുശേഷവും പ്രളയ സാധ്യതാ മേഖലകളിലെല്ലാം തോടുകളും വയലുകളും നികത്തി വൻകിട നിർമ്മാണങ്ങൾ നടത്തുകയാണ്. എല്ലാറ്റിനും ഒത്താശ ചെയ്യുന്നത് സംസ്ഥാന സർക്കാരും സിപിഐ(എം) നിയന്ത്രണത്തിലുള്ള പഞ്ചായത്തുകളുമാണ്.

### മദ്യ-മയക്കുമരുന്ന് മാഫിയ പിടിമുറുക്കുന്ന കേരളം

ഇടതുമുന്നണി ഗവണ്മെന്റ് 2016ൽ അധികാരത്തിൽ വരുമ്പോൾ 40ൽ താഴെ ബാറുകളാണ് തുറന്ന് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ അത് 700നു മുകളിലായി. കൂടാതെ മദ്യം ഉല്പാദിപ്പിക്കാൻ പുതിയ പദ്ധതികൾ, ഐടി മേഖലയിൽ പബ്ബുകൾ ഇങ്ങനെ മദ്യത്തിന്റെ കുത്തൊഴുക്കാണ്. ഇതിൽനിന്നും സർക്കാർ വൻതോതിൽ വരുമാനമുണ്ടാക്കുന്നു. പക്ഷെ, കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷവും സ്ത്രീ സുരക്ഷയും തകരുകയാണ്. ഗാർഹിക പീഡനത്തിൽ അത്ഭുതപൂർവമായ വർദ്ധന ഉണ്ടാകുന്നു. മദ്യലഭ്യത കുറഞ്ഞാൽ മയക്കമരുന്ന് വർദ്ധിക്കുമെന്നായിരുന്നു ഇവരുടെ പ്രചാരണം. എന്നാൽ ഇപ്പോൾ കേരളത്തിലെ പിഞ്ചുകുഞ്ഞുങ്ങളെയടക്കം കെണിയിൽപ്പെടുത്തി മയക്കമരുന്ന് മാഫിയ നടത്തുന്ന പ്രവർത്തനം ജനങ്ങളുടെ ഉറക്കം കെടുത്തുകയാണ്. 12 വയസ്സുള്ള പെൺകുട്ടിയെ പോലും എങ്ങനെയാണ് ഇവർ ഉപയോഗപ്പെടുത്തിയത് എന്ന് ആ കുട്ടിയുടെ മൊഴിയിലൂടെത്തന്നെ പുറത്തുവന്നിട്ടുണ്ട്. ലഹരിക്കെതിരെ സർക്കാർ ബോധവല്ക്കരണ നാടകം നടത്തുമ്പോൾ അതിന്റെ പിന്നിലുള്ള വൻസ്രാവുകൾ സംരക്ഷിക്കപ്പെടുകയാണ് എന്ന് ഇന്ന് എല്ലാവർക്കും അറിയാം. പിടിക്കപ്പെടുന്ന എല്ലാ കേസുകളിലും ഡിവൈഎഫ്ഐ, എസ്എഫ്ഐ തുടങ്ങിയ സംഘടനകളുടെ നേതാക്കൾ ഉണ്ടെന്നുള്ളത് ഈ പ്രസ്ഥാനങ്ങൾ ഇന്ന് എത്തിയിരിക്കുന്ന അധഃപതനത്തിന്റെ ആഴംകൂടി വെളിവാക്കുന്നതാണ്.

### ദേശീയ വിദ്യാഭ്യാസ നയവും കേരള പാഠ്യപദ്ധതി ചട്ടക്കൂടും

കേന്ദ്ര സർക്കാരിന്റെ ഏറെ അപകടകരമായ പദ്ധതിയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം. സംഘപരിവാറിന്റെ വർഗ്ഗീയ അജണ്ടയും കോർപ്പറേറ്റ് മൂലധന ശക്തികൾക്കുവേണ്ടി വിലകുറഞ്ഞ തൊഴിൽസേനയെ സൃഷ്ടിക്കുക എന്ന അജണ്ടയും കൂട്ടിയോജിപ്പിച്ച പദ്ധതിയാണിത്. വിജ്ഞാനവും യുക്തിയും നിഷേധിക്കുന്ന പദ്ധതിയാണിത്. ഒപ്പം വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണ കച്ചവടമാക്കുകയുമാണ്. സിപിഐ(എം) പൊളിറ്റ് ബ്യൂറോ ഈ നയത്തിനെതിരാണെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എസ്എഫ്ഐ ഡൽഹിയിൽ നാല് വർഷത്തെ ഡിഗ്രി കോഴ്സിനെതിരെ സമരം ചെയ്യുന്ന ചിത്രങ്ങളും മാധ്യമങ്ങളിൽ വന്നു. എന്നാൽ യാഥാർത്ഥ്യമെന്താണ്? കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസനയവും കേരള സർക്കാർ തയ്യാറാക്കിയിരിക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടും വാചകങ്ങളിൽപോലും ഒന്നുതന്നെയാണ്. നാല് വർഷത്തെ ഡിഗ്രി കോഴ്സ് കേരളത്തിൽ അടുത്ത വർഷം ആരംഭിക്കും. പ്രി

(ശേഷം 6-ാം പേജിൽ)

# നേതാജിയുടെ പാത പിന്തുടരുന്നു എന്ന നരേന്ദ്ര മോദിയുടെ അവകാശവാദം തികച്ചും അപഹാസ്യം



ഡൽഹിയിലെ ഇന്ത്യാഗേറ്റിൽ നേതാജിയുടെ 28അടി ഉയരമുള്ള പ്രതിമ കഴിഞ്ഞ സെപ്റ്റംബർ 8ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അനാച്ഛാദനം ചെയ്തു. രാജ്പഥിന് 'കർത്തവ്യപഥ്' എന്ന് പുനർനാമകരണവും നടത്തി. തദവസരത്തിൽ അദ്ദേഹം പറഞ്ഞത്, കോളനിവാഴ്ച സൃഷ്ടിച്ച വിധേയത്വ മനോഭാവത്തിൽ നിന്ന് മുക്തമായ ഒരു പുതിയ ഇന്ത്യ പിറവിയെടുത്തിരിക്കുന്നു എന്നത്രെ. ബ്രിട്ടീഷുകാരുടെ അടിമകളായി നൂറ്റാണ്ടുകൾ കഴിയേണ്ടിവന്നതിന്റെ ഓർമ്മ അവശേഷിപ്പിക്കുന്ന പേരാണ് രാജ്പഥ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പേര് മാറ്റുന്നതിലൂടെ അടിമത്തത്തിന്റെ ആ ചരിത്രം എന്നെന്നേയ്ക്കുമായി തുടച്ചു നീക്കപ്പെട്ടുകയാണ് എന്നും അദ്ദേഹം അവകാശപ്പെട്ടു. ഇനി നമ്മൾ കർത്തവ്യത്തിന്റെ പാതയിലൂടെയാണ് കാലടികൾ വയ്ക്കാൻ പോകുന്നത്. ഇനി നമുക്ക് നമ്മുടേതായ തീരുമാനങ്ങളും മാതൃകകളുമുണ്ട്. നമ്മുടെ ഭാഗധേയം നമ്മളാണ് നിർണ്ണയിക്കുക. നമുക്കിനി കെട്ടുപാടുകളില്ല എന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ നേതാജി നൽകിയ അമൂല്യമായ സംഭാവനകൾ ഉയർത്തിക്കാട്ടിയ മോദി, സ്വാതന്ത്ര്യാനന്തരമുണ്ടായ ഗവൺമെന്റ് നേതാജിയുടെ നേട്ടങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കിയില്ലെന്നും ആരോപിച്ചു. "ഇന്ന്, ഒരിക്കൽ ജോർജ് അഞ്ചാമൻ രാജാവിന്റെ മാർബിൾ പ്രതിമ നിലയുറപ്പിച്ചിരുന്ന അതേ സ്ഥലത്ത്, ഇന്ത്യാഗേറ്റിൽ നേതാജിയുടെ പ്രതിമ സ്ഥാപിച്ചതുവഴി നേതാജിക്ക് അർഹമായ സ്ഥാനം നൽകിയിരിക്കുന്നു. ബ്രിട്ടീഷ് അടിമത്ത വാഴ്ചയുടെ എല്ലാ ലക്ഷണങ്ങളും നമ്മൾ നീക്കം ചെയ്തിരിക്കുന്നു" എന്നാണ് മോദി അവകാശപ്പെട്ടത്.

## കോളനി വാഴ്ചയുടെ അവശേഷിപ്പുകൾ തുടച്ചുനീക്കുന്നു എന്ന വീരവാദം

അവശേഷിപ്പുകൾ നീക്കുക എന്നത് വലിയകാര്യമായിത്തോന്നാം. എന്നാൽ അതിന്റെ അർത്ഥമെന്താണ് ? ഒരു റോഡിന്റെ പേരുമാറ്റുന്നതോ ഒരു പ്രതിമ മാറ്റിസ്ഥാപിക്കുന്നതോ ആണോ അത്. അതോ, സാമ്രാജ്യത്വ ഭരണകാലത്തെ എല്ലാത്തരം അടിച്ചമർത്തലുകളിൽനിന്നും മുക്തമായൊരു ഭരണം സ്ഥാപിക്കുന്നതോ? മഹത്തായ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർ സ്വപ്നം കണ്ടത് സാമ്രാജ്യത്വ അടിച്ചമർത്തലുകളിൽനിന്നും അടിമത്തത്തിൽനിന്നുമൊക്കെ മുക്തമായൊരു രാജ്യമാണ്. എല്ലാ പൗരന്മാരുടെയും അനുസ്യൂതമായ വികാസം ഉറപ്പാക്കാൻ കഴിയുന്ന, തൊഴിലും ന്യായമായ വേതനവുംവഴി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ കഴിയുന്ന ഒരു ഇന്ത്യയാണ് അവർ പ്രതീക്ഷിച്ചത്. കോളനിവാഴ്ചയുടെ അടയാളമായിരുന്ന ദാരിദ്ര്യം, വിലക്കയറ്റം, അഴിമതി, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത, പട്ടിണിമരണം, അനീതി, അടിച്ചമർത്തൽ, പീഡനം, സംസാര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഉൾപ്പെടെയുള്ള അവകാശങ്ങളുടെ നിഷേധം, ജാതിയുടെയും മതത്തിന്റെയും പ്രദേശത്തിന്റെയുമൊക്കെ പേരിലുള്ള വിദ്വേഷം കുത്തിവെച്ച് അദ്ധ്വാനിക്കുന്ന ജനങ്ങളെ ഭിന്നിപ്പിക്കൽ, പെരുകുന്ന അസമത്വം തുടങ്ങിയവയ്യൊക്കെ അന്ത്യംകുറിക്കപ്പെടുമെന്നും അവർ കരുതി. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നത് എന്നെന്നേയ്ക്കുമായി നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നും പ്രകൃതി വിഭവങ്ങളുടെമേൽ എല്ലാവർക്കും അവകാശമുണ്ടായിരിക്കുമെന്നും സ്വാർത്ഥ നേട്ടങ്ങൾക്കായി ഏതെങ്കിലും വിദേശഭരണാധികാരികളോ ഏജൻസികളോ തങ്ങളെ കൊള്ളയടിക്കില്ലെന്നുമൊക്കെ അവർ പ്രതീക്ഷിച്ചു.

ബ്രിട്ടീഷുകാർ ഇന്ത്യവിട്ടതോടെ ഈ ദുരിതങ്ങളെല്ലാം അവസാനിച്ചോ? ജനങ്ങൾക്ക് അധികാരം ലഭിച്ചോ? ഇല്ലെന്നാണ് അനുഭവം പറയുന്നത്. അധികാരം കിട്ടിയത് മുതലാളിവർഗ്ഗത്തിനാണ്. അവർ കുത്തക സ്വഭാവമാർജിക്കുക മാത്രമല്ല, സാമ്രാജ്യത്വ ഘട്ടത്തിലുമെത്തിക്കഴിഞ്ഞു. പരമാവധി ചൂഷണമാണ് അതിന്റെ അടിസ്ഥാനം. ഭരണാധികാരികൾ മാറിയെങ്കിലും ഭരണത്തിന് മാറ്റമില്ല. മുതലാളിത്തവ്യവസ്ഥ അതിന്റേതന്നെ നിയമങ്ങൾ പ്രകാരം അപരിഹാര്യമായ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നതിനാൽ, ആ പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ ചുമലിൽ ഇറക്കിവെച്ച് അവരുടെ ജീവിതം നാൾചെല്ലുന്തോറും അങ്ങേയറ്റം ദുരിത മയമാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെയും പൊതുസ്വഭാവമായി ഫാസിസം മാറിയിരിക്കുന്നുവെന്ന്, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സാമ്പത്തിക-രാഷ്ട്രീയ കേന്ദ്രീകരണം, സാംസ്കാരികമായ ചിട്ടപ്പെടുത്തൽ, മൂല്യങ്ങളുടെ നിരാസം, വർദ്ധിച്ചുവരുന്ന ഭരണകൂട ഭീകരത, ജനാധിപത്യാവകാശങ്ങൾ കവർന്നെടുക്കൽ, എതിർ ശബ്ദങ്ങളെ അമർച്ച ചെയ്യൽ തുടങ്ങിയ പ്രവണതകളൊക്കെ സ്വതന്ത്ര ഇന്ത്യയിൽ വളരെ പ്രകടമായി കാണാം. മുതലാളിത്ത ഭരണകൂടത്തിന്റെ നടത്തിപ്പുകാരൻ മാത്രമാണ് ഗവൺമെന്റ്. ബിജെപിയും മുൻഗാമിയായ കോൺഗ്രസ്സിനെപ്പോലെ മുതലാളിവർഗ സേവ നടത്തുകയും കുത്തകാനുകൂലവും തികച്ചും ജനാധിപത്യവിരുദ്ധവുമായ നയങ്ങൾ നടപ്പിലാക്കുകയുമാണ്. സ്വാഭാവികമായും ജനജീവിതം അടിക്കടി തകരുന്നു.

അപ്പോൾ, കോളനി ഭരണത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്തു എന്ന അവകാശവാദം എത്ര പൊള്ളയാണ്. എന്തിനധികം, എലിസബത്ത് രാജ്ഞി മരിച്ചപ്പോൾ ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു മോദി സർക്കാർ. ദേശീയ പതാക പകുതി താഴ്ത്തി. എല്ലാ ആഘോഷങ്ങളും മാറ്റിവെച്ചു. രാജ്ഞിയുടെ 70 വർഷത്തെ ഭരണകാലത്ത് ഇന്ത്യ-യുകെ ബന്ധം ശക്തിപ്പെട്ടതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവിച്ചു. കോമൺവെൽത്തിന്റെ നേതൃത്വം എന്ന നിലയിൽ ലോകമെമ്പാടുമുള്ള ജനലക്ഷങ്ങളുടെ ക്ഷേമത്തിൽ രാജ്ഞി സുപ്രധാന പങ്കുവഹിച്ചതായും പറഞ്ഞു. എന്നാൽ യാഥാർത്ഥ്യമെന്താണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തലപ്പത്തിരുന്നുകൊണ്ട് ഭരണകൂടത്തിന്റെ ആവശ്യങ്ങൾക്കെല്ലാം അംഗീകാരം നൽകുകമാത്രമാണവർ ചെയ്തത്. ബ്രിട്ടീഷ് ഭരണാധികാരികൾ ചിത്രീകരിക്കുന്നതുപോലെ അവർ ബ്രിട്ടണിലെ സാധാരണ ജനങ്ങളുടെ അക്ഷീണ സേവിക ആയിരുന്നില്ല. ജീർണോന്മുഖമായ രാജാധിപത്യത്തിന്റെ പ്രതിനിധിക്ക് ഒരിക്കലും ബ്രിട്ടണിലെ അദ്ധ്വാനിക്കുന്ന ജനങ്ങളെ പ്രതിനിധീകരിക്കാൻ കഴിയില്ലല്ലോ. ബ്രിട്ടണിലെയും അതിന്റെ കോളനികളായിരുന്ന രാജ്യങ്ങളിലെയും ജനങ്ങളെ നൂറ്റാണ്ടുകളോളം കൊള്ളയടിച്ചുണ്ടാക്കിയതാണ് രാജകുടുംബത്തിന്റെ സ്വത്ത്. ഇന്നും ബ്രിട്ടന്റെ സാമ്രാജ്യത്വ താല്പര്യങ്ങളുടെ സംരക്ഷണത്തിനായി രാജാധിപത്യത്തെ പ്രതീകാത്മകമായി ഉപയോഗപ്പെടുത്തുന്നു എന്ന കാഴ്ചപ്പാട് ബ്രിട്ടണിലെ പുരോഗമന ചിന്താഗതിക്കാരും പങ്കുവയ്ക്കുന്നുണ്ട്. ഇത്തരമൊരു രാജാധികാരത്തെ പ്രകീർത്തിക്കുക വഴി നമ്മൾ ദീർഘകാലം അനുഭവിച്ച അടിമത്തത്തെ താലോലിക്കുകയാണ് ബിജെപി ഗവൺമെന്റ് ചെയ്യുന്നത്. അതുകൊണ്ട്, ഒരു റോഡ് പുനർനാമകരണം ചെയ്യുന്നതുവഴി മാത്രം നമ്മൾ ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയുടെ അവശേഷിപ്പുകളെ തുടച്ചു നീക്കുകയൊന്നുമില്ല.

## ദേശീയതയെക്കുറിച്ചും മതോന്മുഖതയെക്കുറിച്ചും നേതാജിയുടെയും ആർഎസ്എസ്-ബിജെപി-ഹിന്ദുമഹാസഭയുടെയും കാഴ്ചപ്പാട്

"ഒരു രാജ്യമെന്ന നിലയിൽ, ശക്തവും ആധുനികവുമായ ഇന്ത്യ എന്ന നേതാജിയുടെ ആദർശമാണ് നമ്മൾ പുൽകുന്നത്" എന്നതായിരുന്നു മോദിയുടെ മറ്റൊരു അവകാശവാദം. ബിജെപിക്കും അതിന്റെ മുൻഗാമികൾക്കും നേതാജിയെക്കുറിച്ച് ഉണ്ടായിരുന്ന കാഴ്ചപ്പാട് എന്തായിരുന്നെന്നും വ്യത്യസ്ത വിഷയങ്ങളിൽ രണ്ടുപേരുടെയും ആശയഗതികൾ എന്തായിരുന്നെന്നും നോക്കാം. ഇരുവരുടെയും തത്വചിന്തകളും രാഷ്ട്രീയ നിലപാടുകളും അടിസ്ഥാനപരമായി ഭിന്നമായിരുന്നു എന്ന കാര്യം കഴിഞ്ഞ ഫെബ്രുവരി 1 ലക്കം *പ്രോലിറ്റേറിയൻ ഇറ*യിൽ വിശദമായി ചർച്ച ചെയ്തിരുന്നു. പുതിയ അവകാശവാദങ്ങളുടെ പശ്ചാത്തലത്തിൽ അവ ഒന്നുകൂടി പരിശോധിക്കാം.

(ശേഷം 7-ാം പേജിൽ)

---

## എൽഡിഎഫ് ദുർഭരണം

(5-ാം പേജിൽ നിന്ന്)

പ്രൈമറി തലംമുതൽ പുനഃസംഘാടനത്തിനുള്ള നടപടികൾ തയ്യാറാകുന്നു. എത്ര വഞ്ചനാപരമാണെന്ന് നോക്കുക. കേന്ദ്ര സർക്കാർ എല്ലാ കേന്ദ്ര സർവകലാശാലകളിലും നടത്തുന്ന ജനാധിപത്യവിരുദ്ധ നടപടികൾക്ക് സമാനമാണ് കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ സിപിഐ(എം) നടത്തുന്ന ഇടപെടലുകളും. ഇവ സർവ്വകലാശാലകളുടെ സ്വയംഭരണത്തെ തകർക്കുന്ന നടപടികളാണ്.

### ജനാധിപത്യാന്തരീക്ഷം തകർക്കപ്പെടുന്നു

പിണറായി സർക്കാർ കേരളത്തിലെ ജനാധിപത്യാന്തരീക്ഷം തകർക്കുന്ന നടപടികളാണ് നിരന്തരം സ്വീകരിക്കുന്നത്. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നു എന്നു മാത്രമല്ല. കേന്ദ്ര സർക്കാരിന്റെ അതേ മാതൃകയിൽ എതിരാളികളെ കൈകാര്യം ചെയ്യുകയാണ്. യുഎപിഎയ്ക്കെതിരെ അഖിലേന്ത്യ നേതാക്കൾ നിരന്തരം പ്രസംഗിക്കുന്നു. പക്ഷെ കേരളത്തിൽ അതുപയോഗിച്ച് ആളുകളെ വേട്ടയാടുന്നു. വിഴിഞ്ഞം സമരത്തെ തകർക്കാൻ കേന്ദ്ര സർക്കാരിനോട് കൂട്ടുചേർന്ന് ഇഡിയെ അടക്കം ഉപയോഗപ്പെടുത്തി. ഇടതുപക്ഷ സഹയാത്രികരെപ്പോലും രാജ്യദ്രോഹികളും ഗൂഢാലോചനക്കാരുമായി ചിത്രീകരിച്ചു. എല്ലാ ഫാസിസ്റ്റ് മാർഗ്ഗങ്ങളും അവലംബിച്ചു. ഈ നടപടികളൊക്കെ കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ചെറുതല്ല.

ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മേൽവിലാസമുപയോഗിച്ച് സിപിഐ(എം)ഉം കൂട്ടാളികളും നടത്തുന്ന ഈ ദുർഭരണവും ജീർണ്ണ രാഷ്ട്രീയവും കേരളത്തിന്റെ ഇടതുപക്ഷ മനസ്സിനെ വളരെ വേഗത്തിൽ തകർക്കുകയാണ്. ഇവരുടെ ചെയ്തികൾ ഉപയോഗപ്പെടുത്തി വലതുപക്ഷമാധ്യമങ്ങൾ മാർക്സിസത്തിനെതിരെ വലിയ ദുഷ്പ്രചരണം അഴിച്ചുവിടുകയാണ്. സ്വാഭാവികമായും ഉയർന്ന രാഷ്ട്രീയ പ്രബുദ്ധത ആർജിക്കാത്ത തൊഴിലാളികളും സാധാരണ ജനങ്ങളും മാർക്സിസത്തെ തള്ളിപ്പറയുന്നതിന് ഇത് ഇടയാക്കുന്നുണ്ട്. അതുവഴി ഇന്നത്തെ നിഷ്ഠൂരമായ മുതലാളിത്ത ചൂഷണത്തിനെതിരെ വളർന്നുവരേണ്ട ജനകീയ പ്രക്ഷോഭത്തെ തടയുവാനോ വഴിതിരിച്ചുവിടുവാനോ ഇത് ഇടയാക്കുന്നു.

ഇന്ത്യൻ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) രൂപംകൊണ്ട നാൾമുതൽ ഈ സോഷ്യൽ ഡെമോക്രാറ്റിക് ശക്തികൾ തൊഴിലാളിവർഗ്ഗമുന്നേറ്റത്തിന് സൃഷ്ടിക്കുന്ന കോട്ടങ്ങൾ തുറന്നുകാട്ടുകയും യഥാർത്ഥ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയവും സംസ്കാരവും സമൂഹത്തിൽ സ്ഥാപിച്ചെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുകയാണ്. ജനങ്ങളുടെ മോചനം ഉയർന്ന സദാചാര-സംസ്കാരത്തിലധിഷ്ഠിതമായ ജനകീയ പ്രക്ഷോഭത്തിലൂടെ ഈ ചൂഷണ വ്യവസ്ഥിതിയെ മാറ്റിയെടുക്കുന്നതുവഴി മാത്രമേ സാധ്യമാകൂ. ഉല്പാദനോപാധികളുടെമേൽ സമൂഹ്യ ഉടമസ്ഥത സ്ഥാപിച്ച് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക് മുന്നേറാതെ ജനങ്ങൾക്ക് മോചനമില്ല. തൊഴിലാളികളെയും ചൂഷിത ജനങ്ങളെയും അതിൽനിന്ന് തടയുന്ന ഇത്തരം വർഗ്ഗവഞ്ചക പ്രസ്ഥാനങ്ങളെ പരാജയപ്പെടുത്തിയേ മുന്നോട്ടുപോകാനാകുകയുള്ളൂ. അതിനായി താഴേത്തലംമുതൽ ജനകീയ സമര പ്രസ്ഥാനങ്ങൾ സൃഷ്ടിച്ചെടുത്ത് ഉജ്ജ്വലമായ ജനകീയ സമരങ്ങൾ പടുത്തുയർത്തുക എന്നതുമാത്രമാണ് നമ്മുടെ മുന്നിലുള്ള പോംവഴി. ■

# നേതാജിക്ക് അധരസേവ നടത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയും നേതാജിയുടെ ആശയങ്ങൾക്ക് വിരുദ്ധമായതെല്ലാം ചെയ്യുകയുമാണ് ബിജെപി

(6-ാം പേജിൽ നിന്ന്)

ആർഎസ്എസ് സൈദ്ധാന്തികനായ എം.എസ്.ഗോൾവാൾക്കർ പറയുന്നു: "നമ്മുടെ ദേശീയ ബോധത്തിന് രൂപം നൽകിയ പ്രദേശ സംബന്ധമായ ദേശീയതയെക്കുറിച്ചും പൊതുശത്രുവിനെക്കുറിച്ചുമൊക്കെയുള്ള ആശയങ്ങൾ, നമ്മുടെ യഥാർത്ഥ ഹിന്ദു ദേശീയ ബോധത്തിന്റെ സ്പഷ്ടവും പ്രചോദനാത്മകവുമായ ഉള്ളടക്കം നമുക്ക് നിഷേധിക്കുകയും സ്വാതന്ത്ര്യത്തിനായി നടത്തുന്ന സമരങ്ങളെ ഫലത്തിൽ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളാക്കിത്തീർക്കുകയുമാണ് ചെയ്തത്. ബ്രിട്ടീഷ് വിരുദ്ധത ദേശസ്നേഹവും ദേശീയ ബോധവുമായി സമീകരിക്കപ്പെട്ടു. ഈ പിന്തിരിപ്പൻ കാഴ്ചപ്പാട് സ്വാതന്ത്ര്യ സമരത്തിലുടനീളവും അതിന്റെ നേതാക്കളിലും സാധാരണ ജനങ്ങളിലും വിനാശകരമായ ഫലമാണുളവാക്കിയിരിക്കുന്നത്."(We or our Nationhood Defined) "ഹിന്ദുക്കൾ സ്വയം ഒരു രാഷ്ട്രമാണ് അഥവാ ഒരു ദേശീയതയാണ്... ബോധമുള്ള ആർക്കും ഈ ആശയം നിരാകരിക്കാനാവില്ല... നമ്മൾ രാഷ്ട്രം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ഭൂരിപക്ഷമെന്ന വിഷയം ഒഴിച്ചുനിർത്തിയാലും, എപ്പോഴും അർത്ഥമാക്കേണ്ടത് ഹിന്ദുരാഷ്ട്രം എന്നല്ലാതെ മറ്റൊന്നുമല്ല. ദേശീയവാദികളായ രാജ്യസ്നേഹികൾക്ക്, ഹിന്ദുവംശത്തെയും രാഷ്ട്രത്തെയും ഹൃദയത്തോട് ചേർത്തുവച്ച് ആരാധിക്കുവാൻ അഭിലഷിക്കുന്നവർക്ക് മാത്രമേ ആ ലക്ഷ്യപ്രാപ്തിക്കായി ഇറങ്ങിത്തിരിക്കാനും പ്രയത്നിക്കാനും കഴിയൂ. മറ്റുള്ളവരെല്ലാം വഞ്ചകരോ ദേശീയതാല്പര്യത്തിന് എതിര് നിൽക്കുന്നവരോ ആയിരിക്കും" എന്നും ഗോൾവാൾക്കർ പറയുന്നു. അപ്പോൾ, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ സന്ധിയില്ലാത്ത ധാരയുടെ ഉജ്ജ്വല പ്രതീകമായ നേതാജി ഒന്നുകിൽ വഞ്ചകനാണ് അല്ലെങ്കിൽ ദേശദ്രോഹിയാണ് എന്നാണ് ഈ പറഞ്ഞതിനർത്ഥം. ആർഎസ്എസ്-ബിജെപിയുടെ പ്രത്യയശാസ്ത്ര നിർമ്മിതിയായ 'ഹിന്ദുത്വ' എന്ന ആശയം മുന്നോട്ടുവയ്ക്കുന്നത് ഹിന്ദു മഹാസഭയുടെ നേതാവായിരുന്ന വി.ഡി. സവർക്കറാണ്. ഹിന്ദുത്വവാദികളുടെ ആചാര്യനായ സവർക്കർക്ക് ബിജെപി ഗവൺമെന്റ് ഭാരതരത്ന ബഹുമതി നൽകാൻ ആലോചിച്ചിരുന്നതാണ്. ഹിന്ദു മഹാസഭയുടെ അഹമ്മദാബാദിൽ ചേർന്ന 19-ാം വാർഷിക സമ്മേളനത്തിൽ പ്രസംഗിക്കവെ സവർക്കർ പറഞ്ഞു: "ശത്രുതാ മനോഭാവത്തോടെ രണ്ട് ദേശീയതകൾ ഇന്ത്യയ്ക്കുള്ളിൽ കഴിയുകയാണ്. പല രാഷ്ട്രീയ നേതാക്കളും വരുത്തുന്ന ഗുരുതരമായ തെറ്റ്, ഇന്ത്യ ഒറ്റ രാഷ്ട്രമായി വിളക്കിച്ചേർക്കപ്പെട്ടു എന്ന് ബാലിശമായി കരുതുന്നതാണ്. അങ്ങനെ ആഗ്രഹിക്കുന്നതുകൊണ്ടുമാത്രം അത് സാദ്ധ്യമാകും എന്നാണവർ കരുതുന്നത്. ഇന്ത്യ ഏകാത്മകമായൊരു രാഷ്ട്രമാണെന്ന് ഇന്ന് കരുതാനേയാകില്ല. നേരെമറിച്ച്, ഹിന്ദുക്കളും മുസ്ലീങ്ങളും എന്ന നിലയിൽ ഇന്ത്യയിൽ പ്രധാനമായും രണ്ട് ദേശീയതകൾ നിലനിൽക്കുന്നു." ഹിന്ദുമത ദർശനത്തെ വഴികാട്ടിയായി സവർക്കറും ഗോൾവാൾക്കറും ഉയർത്തിക്കാണിക്കുമ്പോൾ നേതാജി അത് വ്യർത്ഥമാണെന്ന് കരുതുന്നു. ജാതി-മത ഭിന്നതകൾക്കൊക്കെ അതീതമായ ജനാധിപത്യത്തിനുവേണ്ടി വാദിക്കുന്ന അദ്ദേഹം പറയുന്നു:"ഇന്ത്യയിലെ ബ്രിട്ടീഷ് പട്ടാളത്തിൽ ചേർന്ന് ഹിന്ദുക്കൾ സൈനിക പരിശീലനം നേടണമെന്ന് ആഗ്രഹിക്കുന്ന സവർക്കർ അന്തർദേശീയ സാഹചര്യം വിസ്മരിക്കുകയാണെന്നുവേണം കരുതാൻ. ഈ അഭിമുഖത്തിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത് മുസ്ലീം ലീഗിൽനിന്നും ഹിന്ദുമഹാസഭയിൽനിന്നും ഇനി ഒന്നും പ്രതീക്ഷിക്കേണ്ടതില്ല എന്നാണ്... മതം പൂർണ്ണമായും രാഷ്ട്രീയത്തിൽ നിന്ന് അകറ്റി നിർത്തപ്പെടണം. മതം ഒരാളുടെ വ്യക്തിപരമായ വിഷയം മാത്രമായിരിക്കണം. മനുഷ്യനെന്ന നിലയിൽ ഏതു മതത്തിലും വിശ്വസിക്കാൻ ജനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടാകണം. എന്നാൽ, രാഷ്ട്രീയം മതത്താലോ മറ്റെന്തെങ്കിലും പ്രകൃത്യാതീത സങ്കല്പങ്ങളാലോ നയിക്കപ്പെടാൻ പാടില്ല. സാമ്പത്തികവും രാഷ്ട്രീയവും ശാസ്ത്രീയവുമായ യുക്തി വിചാരമായിരിക്കണം രാഷ്ട്രീയത്തിന് വഴികാട്ടുന്നത്."(ക്രോസ്'റോഡ്സ്') നേതാജിയുടെ ഇന്ത്യൻ നാഷണൽ ആർമിയിൽ നിന്ന് മതത്തെ പൂർണമായും പുറത്തുനിർത്തിയിരുന്നു എന്ന കാര്യം ഇവിടെ പറയേണ്ടതുണ്ട്. എല്ലാ മതസ്ഥർക്കുമിടയിൽ സൗഹൃദവും സാഹോദര്യവും വളർത്താൻ ആഹ്വാനംചെയ്യുന്ന ഒരു ഗാനം ഐഎൻഎക്കുവേണ്ടി ആബിദ് ഹുസൈനും മറ്റും തയ്യാറാക്കിയപ്പോൾ നേതാജി പറഞ്ഞതിങ്ങനെ:"മതവും നമ്മുടെ പ്രവർത്തനങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ ഞാൻ അനുവദിക്കില്ല. ദേശീയബോധം മാത്രമായിരിക്കണം നമ്മുടെ അടിസ്ഥാനം. നിങ്ങൾ മതത്തിന്റെ പേരിൽ ഐക്യമുണ്ടാക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ സംഭവിച്ചാൽ ഒരിക്കൽ അതേ മതത്തിന്റെ പേരിൽത്തന്നെ അവർ ഭിന്നിക്കും. അവർക്ക് അമ്പലത്തിലോ പള്ളിയിലോ ഗുരുദ്വാരയിലോ പോകാം. എന്നാൽ എന്റെ ലോകത്ത് ദേശീയബോധം ഒഴിവാക്കുന്ന ഒന്നിനും സ്ഥാനമില്ല." മതവിവക്ഷയില്ലാത്ത 'ജയ് ഹിന്ദ്' എന്ന അഭിവാദ്യം ഉണ്ടായത് അങ്ങനെയാണ്. സവർക്കർ നേതാജിയെ 'ജിഹാദി ഹിന്ദു' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഹിന്ദു-മുസ്ലീം ഐക്യം എന്ന നിലപാടും അദ്ദേഹത്തെ ചൊടിപ്പിച്ചു.(ദ വയർ, 22.9.2022)




നേതാജി സുഭാഷ് ചന്ദ്രബോസ് 125-ാം ജന്മ വാർഷികാചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കുണ്ടറ മുക്കടയിൽ നടന്ന നേതാജി ജന്മവാർഷികാചരണ സമ്മേളനം എ.ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു.

## വർഗീയതാ പ്രശ്നത്തിലെ ഭിന്നനിലപാട്

1989 മുതൽ ബിജെപി ഉയർത്തിപ്പിടിക്കുന്നത് രാഷ്ട്രീയ പ്രത്യയശാസ്ത്രമായ "ഹിന്ദുത്വ"മാണ്. ഇന്ത്യൻ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ആണിക്കല്ലായി ഹിന്ദുമത'മൂല്യ'ങ്ങളാണ് അത് മുന്നോട്ടുവയ്ക്കുന്നത്. ഹിന്ദുമതത്തെ രാഷ്ട്രീയവല്ക്കരിച്ച് മുസ്ലീങ്ങളെ രണ്ടാംതരം പൗരന്മാരായി കാണുന്നു. മുസ്ലീം വിരോധം പ്രസംഗിക്കുക മാത്രമല്ല, മുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്യാൻപോലും ആഹ്വാനം ചെയ്യുന്ന സംഘപരിവാർ നേതാക്കളുണ്ട്. ദേശീയതയുടെ ചിഹ്നങ്ങളെയൊക്കെ മിക്കവാറും മുസ്ലീങ്ങളൊക്കെ അംഗീകരിക്കുന്നുണ്ടെങ്കിലും സംഘപരിവാർ അവരെ കൂറില്ലാത്തവരായി ചിത്രീകരിക്കുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പ് അസമിൽ ബിജെപി സർക്കാർ ദേശീയ പൗരത്വ രജിസ്റ്റർ കൊണ്ടുവന്നത് ഇന്ത്യൻ പൗരന്മാരായ മുസ്ലീങ്ങളെ വിദേശികളായി മുദ്ര കുത്താനായിരുന്നു. അവരെ നാടുകടത്തുകയോ ക്യാമ്പുകളിൽ താമസിപ്പിക്കുകയോ ചെയ്യുകയാണ് ലക്ഷ്യംവച്ചത്. പശുവിന്റെ പേരിൽ ആൾക്കൂട്ട കൊലപാതകങ്ങൾ നടന്നു. ബുൾഡോസർ ഉപയോഗിച്ച് വീടുകൾ ഇടിച്ചുനിരത്തി. മുസ്ലീങ്ങൾക്കുനേരെ പല തരത്തിലുള്ള ആക്രമണങ്ങൾ നടന്നു. വർഗ്ഗീയ ഭ്രാന്ത് വളർത്തിയെടുക്കുകയായിരുന്നു പദ്ധതി. ഇക്കാര്യത്തിൽ ഗോൾവാൾക്കർ പറഞ്ഞതിങ്ങനെ:"ഹിന്ദുസ്ഥാനിൽ വസിക്കുന്ന വിദേശ വംശീയ വിഭാഗങ്ങൾ ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം, ഹിന്ദു മതത്തെ ആദരിക്കണം, ഹിന്ദു വംശത്തെയും സംസ്കാരത്തെയും അതായത് ഹിന്ദു ദേശീയതയെ മഹത്വവൽക്കരിക്കാത്ത ഒരാശയവും സ്വീകരിക്കരുത്. അവരുടെ പ്രത്യേകമായ നിലനിൽപ്പ് ഉപേക്ഷിച്ച് ഹിന്ദുവംശത്തിൽ ലയിക്കണം. അല്ലാത്തപക്ഷം ഹിന്ദു രാഷ്ട്രത്തിന് സമ്പൂർണ്ണമായും കീഴ്‌വഴങ്ങി ഒരു വിശേഷാവകാശവും ഇല്ലാതെ കഴിഞ്ഞുകൊള്ളണം. പ്രത്യേക പരിഗണന പോയിട്ട് പൗരാവകാശങ്ങൾ പോലും ഉണ്ടായിരിക്കുന്നതല്ല."(*We or Our Nationhood Defined*) അതേ കൃതിയിൽ വീണ്ടും പറയുന്നു: "ഇത് എന്റെ ഹിന്ദു രാഷ്ട്രമാണ്, ഇതെന്റെ മതവും തത്വചിന്തയുമാണ്. ഞാൻ നിലകൊള്ളേണ്ടതും മറ്റ് രാഷ്ട്രങ്ങൾക്ക് മാതൃകയായി ഉയർത്തിക്കാട്ടേണ്ടതും ഇവ്വിധമാണ് എന്ന ഉത്തമ ബോധ്യം നമുക്കുണ്ടായിരിക്കണം. ഹിന്ദു പുനഃസംഘടനയുടെ ബലത്ത അടിത്തറ ഇതാണ്... നമുക്ക് എന്തിനെയും മറികടന്ന് മുന്നോട്ടുപോകാനും എന്നാൽ, ഒരു പൗരാണിക സത്യമെന്ന നിലയിൽ നമ്മുടെ ദേശീയതയിലേയ്ക്ക്, ഭാരതമെന്നാൽ ഹിന്ദുക്കളുടെ ദേശമാണ് എന്ന വസ്തുതയിലേയ്ക്ക് ഊന്നിനിൽക്കാനും കഴിയണം... നമുക്ക് ഒരിക്കൽക്കൂടി നെഞ്ചുവിരിച്ച്, തലയുയർത്തിപ്പിടിച്ച്, ഹിന്ദുരാഷ്ട്രത്തിന്റെ അന്തസ്സ്, അതിപുരാതനകാലം മുതലേയുള്ള അതിന്റെ ജന്മാവകാശമായ മഹിമയുടെയും യശസ്സിന്റെയും കൊടുമുടിയിലേയ്ക്ക് ഉയർത്തുമെന്ന് പ്രഖ്യാപിക്കണം."

'ഹിന്ദു ഭാരതം' എന്ന മുദ്രാവാക്യത്തെ നേതാജി രൂക്ഷമായി വിമർശിച്ചിരുന്നു: "ഹിന്ദുക്കൾ ഭൂരിപക്ഷമായതിനാൽ 'ഹിന്ദുരാജ്' എന്ന മുദ്രാവാക്യം കേൾക്കുന്നുണ്ട്. അത് വ്യർത്ഥമായ ചിന്തയാണ്."(കമില്ലയിലെ പ്രസംഗം, 14 ജൂൺ 1938) "ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും താല്പര്യങ്ങൾ വ്യത്യസ്തങ്ങളാണെന്നതിനേക്കാൾ വലിയ നുണയില്ല.. പട്ടിണി, തൊഴിലില്ലായ്മ, നിരക്ഷരത തുടങ്ങിയവയൊക്കെയാണ് എല്ലാവരുടെയും അടിസ്ഥാന പ്രശ്നങ്ങൾ." (രാജ്സാഹിയിലെ പ്രസംഗം, 13 ഏപ്രിൽ 1928) "ഹിന്ദുമഹാസഭ കടുത്ത വർഗീയതയെ താലോലിക്കുന്ന നിലപാടെടുക്കുന്നു, ഹിന്ദുക്കളുടെ മനസ്സിനെ വിഷലിപ്തമാക്കുന്ന വർഗീയ വിഷം വമിപ്പിക്കുന്നു. ഹിന്ദു മഹാസഭയും മുസ്ലീം ലീഗും മുമ്പത്തേതിനേക്കാൾ കൂടുതൽ വർഗീയ സ്വഭാവമാർജ്ജിച്ചിരിക്കുന്നു."(ഒപ്പുവച്ച മുഖപ്രസംഗം, ഫോർവേഡ് ബ്ലോക്ക്, 4 മേയ് 1940) "ഹിന്ദു മഹാസഭ ശൂലവുമായി സന്ന്യാസിമാരെയും സന്ന്യാസിനികളെയും വോട്ടുപിടിക്കാൻ അയച്ചിരിക്കുന്നു. കാവിയും ശൂലവുമൊക്കെ കാണുമ്പോൾ ഏത് ഹിന്ദുവും വണങ്ങും. മതത്തെ മുതലെടുത്തും അതിനെ മലിനമാക്കിയും ഹിന്ദുമഹാസഭ രാഷ്ട്രീയരംഗത്ത് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. മുഴുവൻ ഹിന്ദുക്കളും ഇതിനെ അപലപിക്കണം. രാഷ്ട്രീയ രംഗത്തുനിന്ന് ഇവരെ പുറത്താക്കണം. അവർക്ക് ചെവികൊടുക്കുകയേ ചെയ്യരുത്."(ആനന്ദബസാർ പത്രിക, 14 മേയ് 1940) "സ്വാർത്ഥമതികളായ ചിലർ രണ്ട് മതവിഭാഗക്കാർക്കിടയിൽ ദുഷ്ചിന്തകളും സംഘർഷങ്ങളും കുത്തിപ്പൊക്കുകയാണ്. സ്വാതന്ത്ര്യ സമരത്തെ സംബന്ധിച്ചിടത്തോളം ഇവർ ശത്രുക്കളാണ്. മറ്റ് മതങ്ങളെപ്പോലെ ഇസ്ലാമിനും ഇന്ത്യയിൽ സ്ഥാനമുണ്ട്. എല്ലാ മതങ്ങളുടെയും പാരമ്പര്യവും ആദർശങ്ങളും ചരിത്രവുമൊക്കെ മനസ്സിലാക്കണം. കാരണം, സാംസ്കാരികമായ പരസ്പര സൗഹൃദവും സാദൃശ്യവുമാണ് സാമുദായിക ഐക്യത്തിലേയ്ക്കും സമാധാനത്തിലേയ്ക്കും വഴിതെളിക്കുന്നത്... ഈ സാംസ്കാരിക ബന്ധത്തിന് ശാസ്ത്രീയവും മതേതരവുമായ വിദ്യാഭ്യാസം ആവശ്യമാണ്. യാഥാസ്ഥിതികമായ മതവിശ്വാസം സാംസ്കാരിക സഹകരണത്തിന് വലിയ പ്രതിബന്ധമാണ്." (മഹാരാഷ്ട്ര പ്രൊവിൻഷ്യൽ സമ്മേളനം, 3 മേയ് 1928)

വർഗീയതാ പ്രശ്നത്തിന് അദ്ദേഹം ഇങ്ങനെ പരിഹാരം നിർദേശിക്കുന്നു: "വർഗീയതയെന്ന ക്യാൻസർ വേരോടെ പിഴുതുകളയുക അസാദ്ധ്യമാണെന്ന് ഇന്നത്തെ സാഹചര്യത്തിൽ തോന്നാം. എന്നാൽ രാജ്യത്തെയാകെ ഒരു വിപ്ലവ മനോഭാവത്തിലേയ്ക്ക് കൊണ്ടുവന്നാൽ ഈ ദൗത്യം വളരെ എളുപ്പമാകും. സ്വാതന്ത്ര്യ സമരത്തിൽ ഉറ്റ സഖാക്കളായി പൊരുതുമ്പോൾ അവരുടെ ജീവിതത്തിൽ ഒരു പൊതു ലക്ഷ്യത്തിനായുള്ള പ്രചോദനം പ്രകാശിച്ചുതുടങ്ങും. ഇത് ഒരു പുതിയ സമീപനം പ്രദാനം ചെയ്യും. ഒരു പുതിയ കാഴ്ചപ്പാട് ഉരുത്തിരിയും. ഒരു പുതിയ ലോകം അനാവൃതമായിത്തീരും. ഈ വിപ്ലവം സാദ്ധ്യമായിക്കഴിയുമ്പോൾ ഇന്ത്യൻ ജനത ഒരു പുതിയ ജനതയായി പരിണമിക്കും."(കമില്ല, 14 ജൂൺ 1938)

## ഫാസിസത്തോടും വംശീയ വെറിയോടുമുള്ള കാഴ്ചപ്പാട്

ലോകമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികൾ ഹിറ്റ്ലറെ മാനവരാശിയുടെ കൊടിയ ശത്രുവായി മുദ്ര ചാർത്തുമ്പോൾ, ഗോൾവാൾക്കർ ഹിറ്റ്ലറെയും അയാളുടെ വംശീയ വിഷം വമിക്കുന്ന ചിന്തകളെയും വാനോളം പുകഴ്ത്തുകയാണ്. അദ്ദേഹം പരസ്യമായി പറയുന്നു: "വംശത്തിന്റെയും അതിന്റെ സംസ്കാരത്തിന്റെയും ശുദ്ധി നിലനിർത്താൻ സെമിറ്റിക് വംശജരായ ജൂതന്മാരെ രാജ്യത്തുനിന്ന് തുരത്തിക്കൊണ്ട് ജർമ്മനി ലോകത്തെ പിടിച്ചുകുലുക്കി. വംശാഭിമാനം അതിന്റെ പാരമ്യത്തിലെത്തുന്നതാണ് അവിടെ കണ്ടത്. അടിമുടി വ്യത്യസ്തതകൾ പുലർത്തുന്ന വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഏകാത്മകമായ ഒരു സമൂഹമായി സ്വാംശീകരിക്കപ്പെടുകയെ

(ശേഷം 8-ാം പേജിൽ)

# നേതാജി മതേതര നിലപാടിൽ നിന്നുകൊണ്ട് ആർഎസ്എസിനെയും ഹിന്ദുമഹാസഭയെയും എതിർത്തു

*(7–ാം പേജിൽ നിന്ന്)*

ന്നത് എത്രത്തോളം അസാദ്ധ്യമാണെന്നും ജർമ്മനി കാണിച്ചുതന്നു. ഹിന്ദുസ്ഥാനിൽ നമ്മൾ പഠിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ട ഒരു നല്ല പാഠമാണിത്.”(We or Our Nationhood Defined)

മറ്റൊരു ആർഎസ്എസ് നേ താവും ഗോൾവാൾക്കറുടെ ആശയങ്ങളോട് പൂർണ്ണമായി യോജിച്ചിരുന്നയാളുമായ ദീനദയാൽ ഉപാദ്ധ്യായ ഒരു കടുത്ത മുസ്ലീം വിരുദ്ധനായിരുന്നു. മുസ്ലീങ്ങൾക്കെതിരെ വിദ്വേഷ പ്രസംഗങ്ങൾ നടത്തുകയും ജനങ്ങളിൽ ഭ്രാന്തമായ മുസ്ലീം വിരോധം വളർത്തിയെടുക്കുകയും ചെയ്ത അദ്ദേഹം ഇങ്ങനെകൂടി പറഞ്ഞു: “വ്യക്തിജീവിതത്തിൽ തെമ്മാടികളായ ഹിന്ദുക്കൾപോലും സംഘം ചേർന്നുകഴിഞ്ഞാൽ എപ്പോഴും നല്ല കാര്യങ്ങളേ ചിന്തിക്കൂ. എന്നാൽ രണ്ട് മുസ്ലീങ്ങൾ ഒന്നിച്ചുകൂടിയാൽ, വ്യക്തിപരമായി ചിന്തിക്കാൻപോലും കഴിയാത്ത കാര്യങ്ങളായിരിക്കും ചെയ്യുക. ഇതാണ് നമ്മുടെ അനുഭവം.”(പവൻ കുൽക്കർണി, ദ വയർ ഉദ്ധരിച്ചത്, 30-10-2017) ആർഎസ്എസ് കേഡർമാരുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട് ഫാസിസ്റ്റ് രീതികൾ പഠിക്കാൻ ആർഎസ്എസ് നേതാവ് എ.ബി.എസ്.മുഞ്ചേ മുസ്സോളിനിയുടെ ഇറ്റലി സന്ദർശിക്കുകയും വ്യക്തി ജീവിതത്തെ ഫാസിസ്റ്റ് രീതിയിൽ ചിട്ടപ്പെടുത്തുന്നതും സൈനിക പരിശീലനം നൽകുന്നതുമൊക്കെ മനസ്സിലാക്കുകയും ചെയ്തു. ഈ പാഠങ്ങളാണ് ആർഎസ്എസ് ശാഖകളിൽ നടപ്പിലാക്കിയത്. ഹിറ്റ്ലറുടെ ഫാസിസത്തിൽ, ആർഎസ്എസ്-ബിജെപിയുടെ ദേശീയതാ സങ്കല്പം സമാനത കണ്ടെത്തുന്നതിന് ഇതെല്ലാം വ്യക്തമായ തെളിവുകളാണ്.

ഇക്കാര്യത്തിൽ നേതാജിയുടെ നിലപാട് നോക്കാം. മ്യൂണിച്ചിലെ ജർമ്മൻ അക്കാഡമിയുടെ ഡയറക്ടർക്ക്, നാസിസത്തെ രൂക്ഷമായി വിമർശിച്ചുകൊണ്ട് 1936ൽ നേതാജി ഇപ്രകാരം എഴുതി: “ഞാൻ വേദനയോടെ പറയട്ടെ, ജർമ്മനിയുടെ പുതിയ ദേശീയതാവാദം ഇടുങ്ങിയതും വ്യക്തികേന്ദ്രീയവും മാത്രമല്ല, അരോചകം കൂടിയാണ്. ഈ അഭിപ്രായവുമായാണ് ഞാൻ എന്റെ രാജ്യത്തേയ്ക്ക് മടങ്ങുന്നത്. നാസി തത്വചിന്തയുടെ സാരാംശം അടുത്തിടെ മ്യൂണിച്ചിൽ നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വംശീയമായ അസമത്വത്തിന്റെ ഈ പുതിയ സിദ്ധാന്തം ശാസ്ത്രീയ തെളിവുകളുടെ അടിത്തറയില്ലാത്തതും വെള്ളവംശജരുടെ വിശേഷിച്ച് ജർമ്മൻ വംശജരുടെ മേധാവിത്വം ഉദ്ഘോഷിക്കുന്നതുമാണ്. ഹിറ്റ്ലർ ‘മെയ്ൻ കാംഫി’ൽ ജർമ്മനിയുടെ പഴയ കൊളോണിയൽ നയത്തെ വിമർശിക്കുന്നുണ്ടെങ്കിലും നാസി ജർമ്മനി അതിന്റെ പഴയ കോളനികൾക്കുമേൽ അവകാശവാദം ഉന്നയിച്ചിരിക്കുന്നു.”

രാംഗറിൽ 1940ൽ നടത്തിയ പ്രസംഗത്തിൽ നേതാജി പറഞ്ഞു: “1922ൽ ഇറ്റലി എല്ലാ അർത്ഥത്തിലും സോഷ്യലിസത്തിന് തയ്യാറായിരുന്നു. ലെനിനെപ്പോലെ ഒരു നേതാവിന്റെ അഭാവം മാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ സോഷ്യലിസ്റ്റുകൾക്ക് ആ അവസരം നഷ്ടപ്പെട്ടു. ആ അവസരം ഫാസിസ്റ്റ് നേതാവ് മുസ്സോളിനി ഉടൻ പ്രയോജനപ്പെടുത്തി. അദ്ദേഹം അധികാരം ഏറ്റതോടെ ചരിത്രം തികച്ചും വ്യത്യസ്തമായൊരു മാർഗത്തിൽ ചരിക്കുകയും സോഷ്യലിസത്തിനുപകരം ഫാസിസം സ്ഥാപിക്കപ്പെടുകയും ചെയ്തു.” ഫാസിസത്തിന്റെയും വംശീയവാദത്തിന്റെയും വക്താവായ ഒരാൾക്ക് ഇതുപോലെ യഥാർത്ഥ ദേശീയവാദിയും ദേശസ്നേഹിയും സോഷ്യലിസത്തിൽ വിശ്വസിക്കുന്ന ആളുമായ നേതാജിയുടെ അനന്തരാവകാശിയാകാൻ കഴിയുമോ?

## ഭരണകൂടത്തിന്റെയും വർഗവിഭജനത്തിന്റെയും വിഷയത്തിലെ നിലപാട്

ഭരണകൂടത്തെ സംബന്ധിച്ച് ഗോൾവാൾക്കർ പറയുന്നു: “ഭാരതീയ ശാസ്ത്രങ്ങളോ രാഷ്ട്രീയ, സാമൂഹ്യ സിദ്ധാന്തങ്ങളോ ഭരണകൂടം ഉപരിവർഗ്ഗത്തിന്റെ പ്രതിനിധിയാണെന്ന് പറയുന്നില്ല. അത് ചൂഷണത്തിനുള്ള ഉപകരണവുമല്ല. അത് ധർമ്മത്തെ അഥവാ സദാചാര സംഹിതകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. രാഷ്ട്രീയ അധികാരത്തിലേയ്ക്ക് സാമ്പത്തിക വിഷയംകൂട്ടിച്ചേർക്കുന്ന സോഷ്യലിസത്തെയും അത് ഉൾക്കൊള്ളുന്നില്ല”. ഇതിന് വിരുദ്ധമായി നേതാജിയുടെ കാഴ്ചപ്പാട് ഇതായിരുന്നു: “തൊഴിലാളിയും മുതലാളിയും തമ്മിൽ ഒരു തർക്കമുണ്ടായാൽ ഭരണകൂടം ഒന്നാകെ മുതലാളിക്കൊപ്പം നിൽക്കും. വരും നാളുകളിൽ രാഷ്ട്രീയ മോചനത്തിന്റെ കാര്യത്തിൽ മാത്രമല്ല, സാമ്പത്തിക ചൂഷണത്തിൽനിന്ന് സമൂഹത്തെ സ്വതന്ത്രമാക്കുന്നതിലും തൊഴിലാളിവർഗം പ്രധാനപ്പെട്ടൊരു പങ്ക് വഹിക്കാൻ പോകുകയാണ്”. (ഖരഗ്പൂർ റെയിൽവേ വർക്ക്ഷോപ്പ് മീറ്റിംഗ്, 1928)

## ആർഎസ്എസും ഹിന്ദുമഹാസഭയും സ്വാതന്ത്ര്യത്തിന് എതിരായിരുന്നു

ബിജെപിയുടെ പ്രത്യയശാസ്ത്ര സത്തയായ ഹിന്ദുത്വയുടെ ഉപജ്ഞാതാവും ഹിന്ദുമഹാസഭയുടെ സ്ഥാപകനുമായ വി.ഡി. സവർക്കറാണ് മതത്തെ അടിസ്ഥാനമാക്കിയുള്ള ദ്വിരാഷ്ട്ര സിദ്ധാന്തം ആദ്യമായി മുന്നോട്ടുവയ്ക്കുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന് മാപ്പപേക്ഷ നൽകുമ്പോൾ സവർക്കർ പറഞ്ഞത് സാമ്രാജ്യത്വ സർക്കാരിനെ അവരാഗ്രഹിക്കുന്ന തരത്തിൽ സേവിക്കാൻ തയ്യാറാണെന്നത്രെ. “ബഹുമാനപ്പെട്ട ബ്രിട്ടീഷ് സർക്കാർ ഹിന്ദുക്കളെ പരിഗണിക്കുകയും അവരുടെ പിന്തുണയോടെ പ്രവർത്തിക്കുകയും വേണം. ഇരുകൂട്ടരുടെയും താൽപര്യങ്ങളും ഒന്നുതന്നെയാണ്. നമ്മൾ ഒന്നിച്ചു നീങ്ങണം. ഹിന്ദുക്കളും ഗ്രേറ്റ് ബ്രിട്ടനും കൈകോർത്ത് നീങ്ങുമ്പോൾ പഴയ ശത്രുത അപ്രസക്തമാകുന്നു എന്നതാണ് പ്രധാന കാര്യം.” (1939 ഒക്ടോബർ 9ന് ഇന്ത്യൻ കാര്യങ്ങൾക്കായുള്ള ബ്രിട്ടീഷ് മന്ത്രി സെറ്റ്ലാന്റ് പ്രഭുവിന് വൈസ്രോയി ലിൻലിത്ഗോ അയച്ച റിപ്പോർട്ട്)

ബ്രിട്ടീഷ് ഗവൺമെന്റുമായി “ഫലപ്രദമായ സഹകരണം” എ ന്നൊരു സിദ്ധാന്തവും സവർക്കർ മുന്നോട്ടുവച്ചു. 1942ൽ കാൺപൂരിൽ നടന്ന ഹിന്ദുമഹാസഭ സമ്മേളനത്തിൽ പ്രസംഗിക്കവെ സവർക്കർ, ഹിന്ദുമഹാസഭയുടെ ഭരണകർത്താക്കളുമായുള്ള സഹകരണത്തിന്റെ പദ്ധതി ഇപ്രകാരം അവതരിപ്പിച്ചു:“പ്രായോഗിക രാഷ്ട്രീയത്തിൽ പാലിക്കേണ്ട പ്രധാന തത്വം ഫലദായകമായ സഹകരണം എന്നതായിരിക്കണമെന്നാണ് ഹിന്ദുമഹാസഭയുടെ അഭിപ്രായം... അതുകൊണ്ടുതന്നെ അധികാരസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സഭയുടെ പ്രവർത്തകർ ആ അധികാരം ഹിന്ദുക്കളുടെ ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുംവേണ്ടി വിനിയോഗിക്കണം. ദേശസ്നേഹപരമായ പ്രവർത്തനങ്ങളെയാകെ ഉൾക്കൊള്ളുന്നതാണ് ഫലദായകമായ സഹകരണം. സജീവ പങ്കാളിത്തം മുതൽ സായുധ ചെറുത്തുനിൽപ്പുവരെയുള്ള ആ പ്രവർത്തനങ്ങൾ, കാലയളവും വിഭവങ്ങളും ദേശീയ താൽപര്യവും ആവശ്യപ്പെടുന്നതിനനുസരിച്ചായിരിക്കും.”

ആർഎസ്എസും ഹിന്ദുമഹാസഭയും 1942ലെ ക്വിറ്റ് ഇന്ത്യ സമരത്തെ സ്വന്തം രാഷ്ട്രീയ നിലപാടിൽനിന്നുകൊണ്ട് എതിർത്തു. ഹിന്ദുമഹാസഭയിലെ രണ്ടാമത്തെ നേതാവും അന്നത്തെ അവിഭക്ത ബംഗാളിലെ ഹിന്ദുമഹാസഭ-മുസ്ലീംലീഗ് സഖ്യ സർക്കാരിലെ ഉപമുഖ്യമന്ത്രിയുമായിരുന്ന ശ്യാമപ്രസാദ് മുഖർജി ബംഗാൾ ഗവർണർക്ക് അയച്ച കത്തിൽ പറയുന്നു: “പ്രശ്നം ഈ ക്വിറ്റ് ഇന്ത്യ സമരത്തെ ബംഗാളിൽ എങ്ങനെ നേരിടും എന്നതാണ്. കോൺഗ്രസ് കിണഞ്ഞു ശ്രമിച്ചാലും ഈ സമരം ബംഗാളിൽ വേരുപിടിക്കാൻ അനുവദിക്കാത്തവിധം ഭരണസംവിധാനം സജ്ജമാക്കണം. ഇത് നമുക്ക് ചെയ്യാനാകും. ഏത് അധികാരത്തിനുവേണ്ടിയാണോ കോൺഗ്രസ് സമരം ചെയ്യുന്നത് ആ അധികാരം ഇപ്പോൾത്തന്നെ ജനപ്രതിനിധികൾക്ക് ലഭിച്ചു കഴിഞ്ഞതായി ഉത്തരവാദപ്പെട്ട മന്ത്രിമാർ ജനങ്ങളോട് പറയണം. അടിയന്തരാവസ്ഥപോലുള്ള സന്ദർഭങ്ങളിൽ ഇത് പരിമിതപ്പെടുത്തപ്പെടാം. നമ്മൾ ബ്രിട്ടീഷുകാരെ വിശ്വസിക്കണം.അത് ബ്രിട്ടനുവേണ്ടിയോ അവരുടെ നേട്ടങ്ങൾക്കുവേണ്ടിയോ അല്ല, പ്രോവിൻസിന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചുനിർത്താൻവേണ്ടിയായിരിക്കും.”

രണ്ടാംലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന സമയമായിരുന്നു അത്. 1941ൽ ഭഗത്പൂരിൽ ഹിന്ദുമഹാസഭയുടെ 23-ാം സമ്മേളനത്തിൽ പ്രസംഗിക്കവെ സവർക്കർ പറഞ്ഞു: “യുദ്ധം നമ്മുടെ അടുത്തെത്തിയിരിക്കുന്നു. അത് അപകടം വരുത്തും. സൈനികവൽക്കരണപ്രവർത്തനം ശക്തിപ്പെടുത്തേണ്ട സമയമാണിത്. ഓരോ ഹിന്ദുമഹാസഭ ശാഖയും സൈന്യത്തിൽ ചേരുന്നതിനായി ഹിന്ദുക്കളെ പ്രചോദിപ്പിക്കണം. പ്രത്യേകിച്ച് ബംഗാളിലും അസമിലും ഒരുനിമിഷംപോലും നഷ്ടപ്പെടുത്താതെ ഇത് ചെയ്യണം. ഹിന്ദുക്കൾ അങ്ങനെ ആയിരങ്ങളും ലക്ഷങ്ങളുമായി സൈന്യത്തിലും ആയുധ നിർമ്മാണത്തിലുമൊക്കെ പങ്കുവഹിക്കട്ടെ.” (സമഗ്ര സവർക്കർ വാങ്മയ, ഹിന്ദുരാഷ്ട്രദർശൻ, വോള്യം 6, മഹാരാഷ്ട്ര പ്രാന്തിക് ഹിന്ദു സഭ, 1963, പേജ് 460-61)

എന്നാൽ നേതാജിയുടെ ഉറച്ച നിലപാട് നേർവിപരീതമായിരുന്നു. ദേശസ്നേഹികളോട് അദ്ദേഹം ഇങ്ങനെ ആഹ്വാനം ചെയ്തു, “യുദ്ധസാഹചര്യം ഉപയോഗപ്പെടുത്തി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് പ്രഹരമേൽപ്പിക്കണം. മറ്റ് സാഹചര്യങ്ങളിലാണെങ്കിൽ ബ്രിട്ടന് അതിന്റെ മുഴുവൻ സൈനികശേഷിയും നമുക്കെതിരെ അണിനിരത്താം. എന്നാൽ യുദ്ധ സാഹചര്യമായതിനാൽ അത് സാധ്യമല്ല. ഏറ്റവും ദുർബലനായിരിക്കുമ്പോൾ ശത്രുവിനെ പരാജയപ്പെടുത്തുക ഏറ്റവും എളുപ്പമായിരിക്കും”. (*ക്രോസ്റോഡ്സ്*)

ആർഎസ്എസും ഹിന്ദുമഹാസഭയും ‘ഹിന്ദുരാഷ്ട്ര’ ത്തിനുവേണ്ടി വാദിച്ചപ്പോൾ നേതാജി പറഞ്ഞു: “ആദ്യലക്ഷ്യം പൂർണസ്വരാജ് നേടുക എന്നതാണ്, അടുത്തത് സോഷ്യലിസം സ്ഥാപിക്കുക എന്നതും. തൊഴിലാളികളെയും കർഷകരെയും സ്വാതന്ത്ര്യസമരത്തിൽ അണിനിരത്തണം. ജന്മിത്തം അവസാനിപ്പിക്കണം.” (*ക്രോസ് റോഡ്സ്*) അദ്ദേഹം പറയുന്നു: “ഇക്കാലമത്രയും സ്വാതന്ത്ര്യമെന്ന് നമ്മൾ അർത്ഥമാക്കിയത് രാഷ്ട്രീയ സ്വാതന്ത്ര്യമാണ്. രാഷ്ട്രീയ അടിമത്തത്തിൽനിന്നു മാത്രമല്ല, എല്ലാത്തരം ബന്ധനങ്ങളിൽനിന്നും ജനങ്ങളെ മുക്തരാക്കുമെന്ന് ഇനി നാം പ്രഖ്യാപിക്കണം. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ചൂഷണത്തിൽനിന്നും ജനങ്ങളെ മുക്തരാക്കുക എന്നതായിരിക്കണം സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യലക്ഷ്യം. എല്ലാ ചങ്ങലകളും പൊട്ടിച്ചെറിഞ്ഞു കഴിഞ്ഞാൽ നമ്മൾ കമ്മ്യൂണിസത്തെ അടിസ്ഥാനമാക്കിയ ഒരു പുതിയ സമൂഹം സ്ഥാപിക്കും. സ്വതന്ത്രമായ, വർഗരഹിതമായ ഒരു സമൂഹം സ്ഥാപിക്കുക എന്നതായിരിക്കും സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന ലക്ഷ്യം.”(1930ൽ ബാരിൻ ഘോഷിന് അയച്ച കത്ത്, നേതാജി സ്പെഷൽ പതിപ്പ്) യാതൊരു സങ്കോചവുമില്ലാതെ നേതാജി തുറന്നു പറയുന്നു: “സാമ്രാജ്യത്വ ഗൂഢാലോചന ലോകമെമ്പാടും രൗദ്രഭാവം കൈക്കൊള്ളുമ്പോഴും ഒരു രാജ്യം മാത്രം അടിയുറച്ചു നിൽക്കുന്നു, സോവിയറ്റ് യൂണിയൻ. അതിന്റെ സാന്നിദ്ധ്യം സാമ്രാജ്യത്വ ശക്തികളുടെ നെഞ്ചിൽ വെള്ളിടി പായിക്കുകയാണ്.”(*ക്രോസ് റോഡ്സ്*)

## നേതാജിയുടെ പാത പിന്തുടരുന്നു എന്ന് ഭാവിക്കാൻ പ്രധാനമന്ത്രിയെ പ്രേരിപ്പിക്കുന്നത് എന്ത്

നേതാജിയും ആർഎസ്എസ്-ബിജെപിയും എല്ലാ കാര്യങ്ങളിലും വിരുദ്ധ ധ്രുവങ്ങളിലാണ് നിലകൊള്ളുന്നത് എന്ന് സുവ്യക്തമാണ്. നേതാജി മതേതര നിലപാടിൽനിന്നുകൊണ്ട് ആർഎസ്എസിനെയും ഹിന്ദുമഹാസഭയെയും വെറുത്തു. പിന്നെ എന്തിനാണ് നേതാജിയുടെ പ്രതിമ സ്ഥാപിക്കാൻ ബിജെപിക്കാരനായ പ്രധാനമന്ത്രി ഇത്ര ഉത്സാഹം കാണിക്കുന്നത്.

രാജ്യത്തെ ജനങ്ങൾക്ക് നേതാജിയോടുള്ള ആദരവ് പ്രധാനമന്ത്രി മനസ്സിലാക്കുന്നുണ്ട്. ബിജെപി ദുർഭരണത്തിനെതിരെ ജനങ്ങളുടെ അസംതൃപ്തി വളരുകയുമാണ്. ജനങ്ങളുടെ അസംതൃപ്തിയെ പലവഴിക്ക് ചാലുതിരിച്ചുവിടാനും അവരെ ആശയക്കുഴപ്പത്തിലാക്കാനും ശ്രമിക്കുകയാണവർ. നേതാജിക്ക് അധരസേവ നടത്തി രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയും അതേസമയം നേതാജിയുടെ ആശയങ്ങൾക്കും ആദർശങ്ങൾക്കും വിരുദ്ധമായതെല്ലാം ചെയ്യുകയുമെന്ന, ഫാസിസ്റ്റ് കുതന്ത്രമാണ് ആർഎസ്എസ്-ബിജെപി പയറ്റുന്നത്. അവസരവാദപരവും വഞ്ചനാപരവുമായ, പ്രതികൂലമായതിനെയെല്ലാം അനുകൂലമാക്കിയെടുക്കുന്ന ഈ സംഘപരിവാർ തന്ത്രത്തിലൂടെ നേതാജിയുടെ പൈതൃകത്തിൽ പങ്കുപറ്റാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അതിനായി പച്ചക്കള്ളം പ്രചരിപ്പിക്കുക, ചരിത്രം വളച്ചൊടിക്കുക, ഹീനതന്ത്രങ്ങൾ പയറ്റുക എന്നിവയൊക്കെ അരങ്ങേറുന്നു. സവർക്കർ, ഗോൾവാൾക്കർ, ശ്യാമപ്രസാദ് മുഖർജി, മുഞ്ചേ തുടങ്ങിയവരുടെ തികച്ചും പിന്തിരിപ്പനായ ആശയങ്ങളോട് കൂറുപുലർത്തിക്കൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. ഈ കപടനാട്യങ്ങൾകണ്ട് വഴിതെറ്റാതെ ഇതിന്റെ പിന്നിലുള്ള ജുഗുപ്സാവഹമായ തന്ത്രങ്ങൾ തിരിച്ചറിയാൻ ജനങ്ങൾ പ്രാപ്തരാകണം. ■

# ഇറാനിലെ ജനകീയ പ്രക്ഷോഭം: യാഥാസ്ഥിതികത്വത്തിൽനിന്നുള്ള മോചനത്തിനായി അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തിന്റെ പോരാട്ടം

ഇറാൻ പുകയുകയാണ്. ട്രൗസറിന്റെയും ഹിജാബിന്റെയും പേരിൽ കുറ്റം കണ്ടെത്തി ഇറാനിലെ "സദാചാര പോലീസ്" ടെഹ്റാനിൽ അറസ്റ്റ് ചെയ്ത മഹ്സാ അമിനി എന്ന 22വയസ്സായ പെൺകുട്ടിയെ 2022 സെപ്റ്റംബർ 16ന് പോലീസ് കസ്റ്റഡിയിൽ മരിച്ച നിലയിൽ കണ്ടെത്തി. സദാചാര പോലീസിനെതിരെ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രമുഖ വ്യക്തിത്വങ്ങൾ അടക്കമുള്ളവർ ആഞ്ഞടിക്കുന്നതിന് അമിനിയുടെ മരണം കാരണമായി. ഹൃദയാഘാതം മൂലമാണ് അമിനി മരിച്ചതെന്ന് ഇറാൻ സർക്കാരിന്റെ വാദം ആരും സ്വീകരിച്ചില്ല. പോലീസ് അവളെ നിർദ്ദയം പീഡിപ്പിച്ച് കൊലപ്പെടുത്തിഎന്നാണ് പ്രക്ഷോഭകാരികൾ ഉറച്ചു വിശ്വസിക്കുന്നത്. ഇറാനിൽ പ്രതിഷേധ തീ ആളി. സംസ്കാര ചടങ്ങുകളെത്തുടർന്ന് പടിഞ്ഞാറൻ ഇറാനിൽ ഉണ്ടായ പ്രതിഷേധ റാലിയെ പിരിച്ചുവിടാൻ പോലീസിന് കണ്ണീർവാതകം പ്രയോഗിക്കേണ്ടി വന്നു. പക്ഷേ പ്രതിഷേധത്തിൽ അണിനിരന്ന ഇറാൻ ജനത ഭയന്നില്ല. മൂന്നുമാസത്തിലധികം അവരുടെ പ്രക്ഷോഭം നീണ്ടു. വെടിക്കോപ്പുകളും റബർ ബുള്ളറ്റുകളും കണ്ണീർവാതകവും ഉപയോഗിച്ച് ക്രൂരമായി ഇറാൻ സുരക്ഷാസേന അവരെ അടിച്ചമർത്താൻ ശ്രമിച്ചപ്പോൾ 450ലധികം ആളുകൾ കൊല്ലപ്പെട്ടു എന്നാണ് അറിവ്. പതിനെണ്ണായിരത്തോളംപേരെ അറസ്റ്റ് ചെയ്തു. അനവധി പ്രക്ഷോഭകാരികളെ ഭരണകൂടം തൂക്കുമരത്തിലേയ്ക്ക് അയയ്ക്കുന്ന വാർത്തകളും നമ്മൾ കേൾക്കുന്നു. പ്രക്ഷോഭത്തെ പിന്തുണച്ചതിന്റെ പേരിൽ ഇറാൻ ഫുട്ബോൾ താരം അമീർ റെസ നാസർ അസദാനി അടക്കമുള്ള ചെറുപ്പക്കാർക്ക് മുന്നിൽ തൂക്കുകയർ ആണ് ഭരണകൂടം ഇപ്പോൾ വിധിച്ചിരിക്കുന്നത്.

അടിച്ചമർത്താൻ ശ്രമിച്ചിട്ടും ജനരോഷത്തെ പിടിച്ചു കെട്ടാൻ ആയില്ല. പ്രതിഷേധം രാജ്യമൊട്ടാകെ വ്യാപിക്കുകയും, കലാകാരന്മാരുടെയും കായികതാരങ്ങളുടെയും മറ്റു പ്രമുഖ വ്യക്തിത്വങ്ങളുടെയുമെല്ലാം പിന്തുണയാർജിക്കുകയും ചെയ്തു. ഫുട്ബോൾ ലോകകപ്പിലും ഇറാനിലെ പ്രക്ഷോഭം നിഴൽ വീഴ്ത്തി. ലോകകപ്പിൽ പങ്കെടുക്കുന്ന ദേശീയ ടീം സർക്കാരുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അതിനെ തള്ളിപ്പറയാൻ പോലും ചിലർ തയ്യാറായപ്പോൾ, ടീമംഗങ്ങൾ ലോകകപ്പ് വേദിയിൽ പ്രക്ഷോഭത്തോട് ഐക്യദാർഢ്യംപ്രകടിപ്പിക്കുന്നത് ലോകം കണ്ടു. ഇറാനിലെ മാധ്യമപ്രവർത്തകയും ആക്ടിവിസ്റ്റും ആയ മാസിഹ് അലിനെജാദ്, തന്റെ സാമൂഹ്യമാധ്യമ അക്കൗണ്ടിൽ സ്ത്രീകൾ മുടി മുറിക്കുന്ന വീഡിയോ പോസ്റ്റ് ചെയ്തുകൊണ്ട് എഴുതി. 'മുടി മുറിച്ചും ഹിജാബ് കത്തിച്ചും ഇറാനിലെ സ്ത്രീകൾ മഹ്സ അമിനിയുടെ കൊലപാതകത്തിൽ പ്രതിഷേധിക്കുന്നു.''ഏഴാമത്തെ വയസ്സ് മുതൽ തലമുടി മൂടുന്നില്ലെങ്കിൽ ഞങ്ങൾക്ക് സ്കൂളിൽ പോകാനോ ജോലിക്കുപോകാനോ സാധിക്കില്ല. ഈ ലിംഗവിവേചന ഭരണകൂടത്തെക്കൊണ്ട് ഞങ്ങൾ പൊറുതിമുട്ടിയിരിക്കുന്നു.' അവർ എഴുതി.

അവസാനം ഇറാനിലെ ഇസ്ലാമിക മൗലികവാദ സർക്കാരിനെതിരെയുള്ള ജനവികാരം തിരിച്ചറിഞ്ഞുകൊണ്ട് ഒരുമുതിർന്ന ഇറാൻ ഉദ്യോഗസ്ഥൻ പറഞ്ഞത്, സദാചാര പോലീസിനെ പിരിച്ചുവിട്ടു എന്നതാണ്. എന്നാൽ ഈ പരാമർശം, ഇനിയും സദാചാര പോലീസിനെ പിരിച്ചുവിട്ടുന്നുവെന്നോ അല്ലെങ്കിൽ ആ വാർത്ത നിഷേധിക്കുന്നുവെന്നോ പറയാത്ത ഇറാനിലെ മതാധിഷ്ഠിത സർക്കാരിന്റെ അന്തിമ തീരുമാനമാണോ എന്നതിൽ വ്യക്തതയില്ല. പക്ഷേ ഈ സേനയെ പിരിച്ചുവിടുന്ന ചർച്ച തന്നെ സർക്കാരിന്റെ പ്രചാരവേല മാത്രമായി സമൂഹമാധ്യമങ്ങളിലൂടെ തള്ളിക്കളയുകയാണ് പ്രതിഷേധക്കാർ. വാസ്തവത്തിൽ ഇന്നത്തെ സാഹചര്യത്തിൽ, സദാചാര പൊലീസിനെ പിരിച്ചുവിട്ടാൽ പോലും, ഇപ്പോഴും സുരക്ഷാസേനകളുമായി സംഘർഷത്തിലുള്ള പ്രതിഷേധക്കാരെ അത് തൃപ്തരാക്കില്ല. അവർ ഇസ്ലാമിക റിപ്പബ്ലിക്കിന്റെ അന്ത്യത്തിനായി ശബ്ദം ഉയർത്തുകയാണ്.അതുകൊണ്ട് പ്രതിഷേധിക്കുന്ന ഇറാൻകാരെ സംബന്ധിച്ചിടത്തോളം സദാചാര പോലീസിനെ പിരിച്ചുവിടും എന്നത് ഇസ്ലാമിക റിപ്പബ്ലിക്കിന്റെ ഭരണം അവസാനിപ്പിക്കുക എന്ന വലിയ ഡിമാൻഡിൽനിന്നും ശ്രദ്ധ തിരിക്കാനുള്ള തട്ടിപ്പ് മാത്രമാണ്.

യുഎസും സഖ്യകക്ഷികളും ഇറാനിലെ സ്ത്രീകൾക്കുമേലുള്ള അതിക്രമത്തെ പറ്റി പൊഴിക്കുന്ന മുതലക്കണ്ണീരും ഇറാനിലെ സദാചാര പൊലീസിനെതിരെ കാണിക്കുന്ന രോഷവും സാമ്രാജ്യത്വവഞ്ചനയുടെ ഉദാഹരണമാണ്. വാസ്തവത്തിൽ യുഎസ് പൗരന്മാരിൽ വലിയൊരു വിഭാഗം തങ്ങളുടെ സ്വന്തം രാജ്യത്തെ സദാചാരപോലീസിങ്ങിനെതിരെ ശബ്ദം ഉയർത്തുകയാണ്. നിരവധി രാജ്യങ്ങളിൽ പുരുഷ മേധാവിത്വവും വെള്ളക്കാരന്റെ മേൽക്കോയ്മയും അവകാശപ്പെടുന്ന തീവ്രവലതുപക്ഷ ക്രിസ്ത്യൻ മൗലികവാദ കക്ഷികൾ പാർലമെന്ററി ഭൂരിപക്ഷം നേടുന്നു. അവർ തോക്കിന് പകരം നിയമത്തെ ഉപയോഗിച്ച്, ശാരീരികവും ധൈഷണികവും വൈകാരികവുമായ മരണത്തിന് ജനതയെ വിധിക്കുന്നു. ഏതൊരു സ്ത്രീയെയും ഉഭയലിംഗക്കാരെയും ബലാത്സംഗത്തിലൂടെ ഗർഭിണികളായ കുട്ടികളെയും ശിക്ഷിക്കാൻ, ചരിത്രത്തെയും ആരോഗ്യത്തെയും കുറിച്ചുള്ള വസ്തുനിഷ്ഠ വിവരം സ്കൂൾ കുട്ടികൾക്ക് നിഷേധിക്കാൻ ഓരോ സംസ്ഥാനങ്ങളിലും സദാചാര പോലീസ് ദൃഷ്ടി ഉറപ്പിക്കുകയാണ്. (വർക്കേഴ്സ് വേൾഡ് 26.9.22) അതുകൊണ്ട്, കുത്തകകൾ നിയന്ത്രിക്കുന്ന പാശ്ചാത്യ മാധ്യമങ്ങൾ ഇറാനിലെ മതാധിഷ്ഠിത സർക്കാരിനെതിരെ അപമാനവും പുച്ഛവും ആളിക്കത്തിക്കുന്നത് പൊള്ളത്തരം അല്ലാതെ മറ്റൊന്നുമല്ല.

## 1979ലെ ഇറാൻ വിപ്ലവം

ഇപ്പോഴത്തെപ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പ് നിലവിലുള്ള ഭരണകൂടത്തെ അധികാരത്തിലേറ്റിയ 1979ലെ വിപ്ലവം ഒന്നോർത്തെടുക്കേണ്ടതുണ്ട്. 1941 മുതൽ രാജ്യം ഭരിച്ച രാജാവായ മുഹമ്മദ് റെസാ ഷാ പഹ്ലവിയുടെ ഏകാധിപത്യ ഭരണത്തെ തകർത്തെറിഞ്ഞ ജനകീയ മുന്നേറ്റത്തെയാണ് ഇറാൻ വിപ്ലവം എന്ന് പറയുന്നത്. യുഎസും യുകെയും പോലെയുള്ള പാശ്ചാത്യശക്തികളാണ് പഹ്ലവിയെ പിന്തുണച്ചിരുന്നത്. വിപ്ലവത്തിന്റെ ഫലമായി ഇറാൻ ഇസ്ലാമിക റിപ്പബ്ലിക്കായി. ഇറാന്റെ നീണ്ട ചരിത്രത്തിൽ വേരൂന്നിയതാണ് 1979ലെ വിപ്ലവം. ചരിത്രപരമായിത്തന്നെ ഇറാനിയൻ സമൂഹത്തിൽ ഷിയാ പുരോഹിതർക്ക്, അതായത് ഉലമയ്ക്ക് ഗണ്യമായ സ്വാധീനം ഉണ്ടായിരുന്നു. പക്ഷേ പുരോഹിതർ, ഭൂവുടമകൾ, ബുദ്ധിജീവികൾ, കച്ചവടക്കാർ, തുടങ്ങി നിരവധി വിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ടായിരുന്നു. ഈ വിഭാഗങ്ങൾ നേരത്തെ 1905-11ലെ ഭരണഘടന വിപ്ലവത്തിന്റെ സമയത്ത് ഒരുമിച്ചു വന്നിരുന്നു. പക്ഷേ ആ പ്രയത്നങ്ങൾ, വീണ്ടും ഉയർന്നുവന്ന സാമൂഹിക സംഘർഷങ്ങൾക്കും വിദേശ ഇടപെടലിനും ഇടയിൽ അടിച്ചമർത്തപ്പെട്ടു. ഭരണഘടന വിപ്ലവത്തിനുശേഷമുണ്ടായ അരക്ഷിതാവസ്ഥയും കുഴപ്പങ്ങളും ജനറൽ റെസാഖാന്റെ ഉയർച്ചയിലേക്ക് നയിച്ചു.

1921ൽ മുഹമ്മദ് റെസാ ഷാ പഹ്ലവിയെ രാജഭരണം സ്ഥാപിക്കാൻ ബ്രിട്ടൻ സഹായിച്ചു. പക്ഷേ 1941ൽ സഖ്യശക്തികളോടുള്ള വിധേയത്വം അവസാനിപ്പിക്കാൻ ഷാ പഹ്ലവി നാസി ജർമ്മനിയോട് സഹകരിക്കുമോ എന്ന് ഭയന്ന് സോവിയറ്റ് യൂണിയനും ബ്രിട്ടനും ഇറാൻ കൈയടക്കി. റെസാ ഷായെ നാടുവിടാൻ നിർബന്ധിതനാക്കി. അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് റസാ പഹ്ലവി സിംഹാസനത്തിൽ എത്തി. 1953ൽ പ്രധാനമന്ത്രി മുഹമ്മദ് മൊസാദെഖ് ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള ആംഗ്ലോ ഇറാനിയൻ ഓയിൽ ദേശസാൽക്കരിക്കുകയും അദ്ദേഹത്തിന്റെ അനുയായികൾ മുഹമ്മദ് റെസഷായെ പുറത്താക്കുകയും ചെയ്തു. മൊസാദെഖിന്റെ സർക്കാരിനെ യുഎസും യുകെയും ചേർന്ന് ആസൂത്രണം ചെയ്ത അട്ടിമറിയിലൂടെ പുറത്താക്കി. റെസാ ഷാ പഹ്ലവിയെ തിരികെ കൊണ്ടുവന്നു. റെസാ ഷാ പാർലമെന്റ് പിരിച്ചുവിട്ടു. അദ്ദേഹം ഭൂവുടമകളുടെയും പുരോഹിതരുടെയും സ്വത്തും സ്വാധീനവും തകർത്തു. ഗ്രാമീണ സമ്പദ്ഘടനകളെ തടസ്സപ്പെടുത്തി. പാശ്ചാത്യവൽക്കരണത്തിലേക്കും അതിവേഗ നഗരവൽക്കരണത്തിലേക്കും രാജ്യത്തെ നയിച്ചു.

പക്ഷേ സാമ്പത്തിക വികാസം എന്ന പേരിൽ നടന്നതിന്റെ ഗുണഫലങ്ങൾ റെസയുടെ അടുത്ത ബന്ധങ്ങൾക്ക് മാത്രമായി ചുരുങ്ങിയത് തിരിച്ചറിയപ്പെട്ടു. യുഎസിലെയും യുകെയിലെയും മുതലാളിത്തവ്യവസ്ഥകളുടെ മാതൃകയിൽ സമ്പദ്ഘടനരൂപപ്പെടുത്താൻ റെസ ശ്രമിച്ചെങ്കിലും സമൂഹത്തെ ജനാധിപത്യവൽക്കരിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അതുകൊണ്ട്, ആധുനിക ഇറാനിൽ സാംസ്കാരികമായ ശൂന്യത നിലനിന്നു . ഇത്, സാമ്പത്തിക പ്രയാസങ്ങൾ ബുദ്ധിമുട്ടിച്ച സാധാരണ ജനങ്ങളെ വഴികാട്ടുന്നതിനായി ഉലമയുടെ അടുത്തേക്ക് നയിച്ചു. 1970 കളിൽ ലോകത്തെ സാമ്പത്തിക അസ്ഥിരതയും പടിഞ്ഞാറൻ രാജ്യങ്ങളിലെ എണ്ണ ഉപഭോഗത്തിൽ ഉണ്ടായ ചാഞ്ചാട്ടങ്ങളും രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഭീഷണിയായപ്പോൾ ഷായുടെ നയങ്ങളോടുള്ള എതിർപ്പ് വർദ്ധിച്ചു. ഉത്തരമധ്യ ഇറാനിലെ ഖോമിൽ ഒരു പ്രൊഫസറായിരുന്ന ആയത്തുള്ള റുഹോല്ല ഖൊമേനി ബഹുജന പിന്തുണ ആർജ്ജിച്ചു തുടങ്ങി. പരിഷ്കരണ പരിപാടികൾക്കെതിരെ ശബ്ദമുയർത്തിയതിന് 1964-ൽ അദ്ദേഹത്തിന് നാടുവിടേണ്ടിവന്നു. പടിഞ്ഞാറിന്റെ അധീശത്വത്തെ ചെറുക്കാൻ ഇറാൻകാർ തങ്ങളുടെ സാംസ്കാരികമായ വേരുകളിലേക്ക് മടങ്ങണമെന്ന ചിന്ത 1970-ൽ പടർന്നുപിടിച്ചു.

1978 ജനവരിയിൽ ഭൂരിഭാഗവും തൊഴിൽരഹിതരായ ആയിരക്കണക്കിന് യുവാക്കൾ ഭരണകൂടത്തിന്റെ ചെയ്തികൾക്കെതിരെ പ്രതിഷേധിച്ച് തെരുവിലിറങ്ങി. അത് ദേശവ്യാപകമായ പ്രക്ഷോഭമായിരുന്നു. ഷായുടെ മർദ്ദക ഭരണകൂടം തടങ്കൽ പാളയമാക്കി മാറ്റിയ തങ്ങളുടെ രാജ്യത്തെ മോചിപ്പിക്കുന്നതിനായി അടിച്ചമർത്തപ്പെട്ട ഇറാനിയൻ ജനത മുന്നിട്ടിറങ്ങി. ഷാ രാജ്യം വിട്ടോടുകയും, ജനാധിപത്യവും സ്വാതന്ത്ര്യവും ഉറപ്പാക്കും എന്ന വാഗ്ദാനം നൽകി മിതവാദികളായ മുതലാളിത്തം അധികാരമേൽക്കുകയും ചെയ്തപ്പോൾ ആദ്യഘട്ടത്തിൽ വിജയങ്ങൾ നേടിയിരുന്നു. ഇതോടെ സമൂഹത്തിൽ യഥാർത്ഥത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെ വക്കോളമെത്തിയിരുന്നു ഇറാനിലെ ജനത.

പക്ഷേ ഇസ്ലാമിക റിപ്പബ്ലിക്കിന്റെ ഭരണഘടനയെച്ചൊല്ലി ഷിയാ മതനേതാവായ ആയത്തൊള്ള ഖൊമേനിയും ഇറാനിലെ മുതലാളിത്തവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. ഇറാനിലെ ജനങ്ങളാകട്ടെ സ്വാതന്ത്ര്യമുള്ള ഒരു ജീവിതത്തെ കുറിച്ചുള്ള വലിയ പ്രതീക്ഷകളിലായിരുന്നു. പക്ഷേ ചരിത്രത്തിന്റെ ശക്തികൾ പിന്നണിയിൽ പ്രവർത്തിക്കുകയായിരുന്നിരിക്കണം. പ്രക്ഷോഭത്തിന് ആദ്യം തുടക്കമിട്ടത് പൊരുതുന്ന തൊഴിലാളികളും വിദ്യാർത്ഥികളും ചെറുപ്പക്കാരും ആയിരുന്നു. ഒരു മുതലാളിത്ത വിരുദ്ധ വിപ്ലവം ആകാനുള്ള എല്ലാ ചേരുവകളും അതിൽ അടങ്ങിയിട്ടുണ്ട്. പക്ഷേ ശരിയായ ഒരു വിപ്ലവ പാർട്ടിയുടെ അഭാവത്തിൽ ആ സുവർണ്ണാവസരം കൈവിട്ടുപോയി. ഇവിടെ മനസ്സിലാക്കേണ്ടത്, യുഎസും യുകെയും അടക്കമുള്ള പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളുമായി സഹകരിച്ച് ഷാ കൊണ്ടുവന്ന ആധുനികവൽക്കരണ പരിപാടിയിൽ നിന്നും ലാഭം കൊയ്ത അതേ ഇറാനിയൻ മുതലാളിത്തത്തിന്റെ ഭരണത്തിന്റെ കീഴിൽ തന്നെയായിരുന്നു അവർ. തുടക്കത്തിൽ മതനേതാവായ ഖൊമേനിയും മിതവാദികളായ മുതലാളിത്തവും തമ്മിൽ ദേശീയ മുന്നണി എന്ന താൽക്കാലികബന്ധം രൂപീകരിച്ചിരുന്നു. ഒപ്പം, സോവിയറ്റ് യൂണിയനിലെ അന്നത്തെ തിരുത്തൽവാദ നേതൃത്വത്തെ പിന്തുടർന്ന, ഒളിവിൽ പ്രവർത്തിച്ചിരുന്ന ട്യൂഡ് പാർട്ടി അടക്കമുള്ള സോഷ്യലിസ്റ്റ് -കമ്മ്യൂണിസ്റ്റ് അനുകൂലമായ ഘടകങ്ങളും ഉണ്ടായിരുന്നു. ദേശീയ മുന്നണിയിലെ അംഗങ്ങൾ തമ്മിൽ അധികാര വടംവലിയും ഉണ്ടായിരുന്നു. നേതൃത്വത്തിന്റെ അടിസ്ഥാനപരിമിതികൾ ഉണ്ടായിട്ടും ഈ ദേശീയ മുന്നേറ്റം ഇറാനിലെ തൊഴിലാളി വർഗത്തിന്റെ ധീരതയും സംഘടനാ ശേഷിയും, മരണത്തെ പോലും വെല്ലുവിളിക്കാനുള്ള പ്രതിബദ്ധതയും വെളിവാക്കിയിരുന്നു. ഇത് ലോകമൊട്ടാകെയുള്ള തൊഴിലാളി വർഗത്തിന് സന്തോഷം നൽകി. പക്ഷേ ആ സന്തോഷം അൽപ്പായുസായിരുന്നു.

മുതലാളിത്തവിരുദ്ധ വിപ്ലവത്തെ കുറിച്ചുള്ള ഭയം മൂലവും, പ്രക്ഷോഭത്തിൽ വളർന്നുവന്ന ഇടതുപക്ഷ ശക്തികളെ ഭീഷണിയായി കണ്ടും, മുതലാളിവർഗ്ഗം മൗലികവാദിയായ ഖൊമേനിയുമായി സഖ്യം ചേർന്ന് പ്രക്ഷോഭത്തിന്റെ മുന്നേറ്റത്തെ അടക്കി നിർത്തുവാനും കോളേജുകളിലെയും സർവ്വ

(ശേഷം 10-ാം പേജിൽ)

ഇറാൻ

# 1979ലെ ജനകീയ പ്രക്ഷോഭത്തിന്റെ പരിമിതികൾ ഖൊമേനിയുടെ പ്രതിലോമവാഴ്ചയിലേയ്ക്കുള്ള വഴിതുറന്നു

(9-ാം പേജിൽ നിന്ന്)

കലാശാലകളിലെയും ഇടത് അനുകൂലികളെ തുടച്ചുനീക്കുവാനും എല്ലാ കളികളും കളിച്ചു. അവർ യാഥാസ്ഥിതികരും മതഭ്രാന്തരും പിന്തിരിപ്പൻമാരുമായ സകലശക്തികളെയും ഇസ്ലാമിക മൗലിക വാദത്തെയും പ്രീണിപ്പിക്കാൻ തുടങ്ങി. ഷായുടെ ഭരണകൂടത്തിനെതിരെ ധീരോദാത്തമായ പ്രക്ഷോഭം നടത്തിയെങ്കിലും ഇറാനിലെ ജനത ഇത്തരം മതഭ്രാന്തൻ ശക്തികളുടെ സ്വാധീനത്തിൽനിന്ന് മുക്തമല്ലായിരുന്നു. യാഥാസ്ഥിതിക മത ചട്ടങ്ങൾ അവർക്കുമേൽ ആധിപത്യം പുലർത്തിയിരുന്നു. ശാസ്ത്രീയവും മതേതരവുമായ കാഴ്ചപ്പാടോടെ ഒരു സാംസ്കാരിക മുന്നേറ്റം ഉണ്ടായിരുന്നുവെങ്കിലും രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക ചക്രവാളത്തിൽ മുദ്ര പതിപ്പിക്കാനും മാത്രം അത് ശക്തമായിരുന്നില്ല. പാശ്ചാത്യജീവിത ശൈലിയോടും യാങ്കി സംസ്കാരത്തോടും ഷാ ഭരണത്തിനുണ്ടായിരുന്ന വ്യക്തമായ ചായ്‌വ്, തങ്ങളുടെ പരമ്പരാഗത മതമൂല്യങ്ങളുടെ നിഷ്കാസനത്തിലേയ്ക്ക് നയിച്ചേക്കുമെന്ന ഭയവും ജനങ്ങൾക്ക് ഉണ്ടായി. അതിലൂടെ ജനങ്ങളെ തങ്ങളുടെ പിടിയിൽ നിർത്താൻ യാഥാസ്ഥിതിക ശക്തികൾക്ക് അവസരം ഉണ്ടായി.

മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ വിദ്യാർഥികൾ എന്ന നിലയിൽ നമുക്കറിയാം യാങ്കി സംസ്കാരം അതായത്, ഉപഭോക്തൃപരവും അങ്ങേയറ്റം ദുഷിച്ച സ്വയം കേന്ദ്രീകൃത സാമ്രാജ്യത്വ സംസ്കാരവും അതുപോലെതന്നെ യാഥാസ്ഥിതികവും മതമൗലികവാദപരവും പിന്തിരിപ്പനുമായ, വർഗീയ-വംശീയ വിദ്വേഷം ജനിപ്പിക്കുന്ന എല്ലാത്തരം ചിന്തകളും, ഭരിക്കുന്ന മുതലാളിത്തത്തെ ഒരുപോലെ സേവിക്കുന്നവയാണ്. അത് ഇറാനിൽ മാത്രമല്ല ഇന്ത്യ അടക്കമുള്ള ലോകത്തിന്റെ എല്ലാ ഭാഗങ്ങൾക്കുംബാധകമാണ്.കാരണം ഇത് രണ്ടും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സമരൈക്യത്തിന് തുരങ്കം വയ്ക്കുന്നതും, വർഗ്ഗ-ബഹുജന മുന്നേറ്റങ്ങളുടെ വികാസ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുമാണ്. തങ്ങളുടെ വർഗ്ഗ ഭരണത്തെ അടിയുറപ്പിക്കാനായി ഇറാൻ ഇസ്ലാമിക റിപ്പബ്ലിക്കിലെ ഭരണകൂടവും, അങ്ങനെ പോരാട്ടത്തിന്റെ മുഖ്യ ലക്ഷ്യത്തിൽനിന്നും ജനങ്ങളെ വഴിതെറ്റിച്ചുവിടുന്ന അത്തരം തന്ത്രങ്ങളിലേക്ക് ചുവട് മാറ്റി.

ഖൊമേനിയുടെ ഭരണം സ്ഥാപിക്കപ്പെട്ട ശേഷം യുഎസ് ചിത്രത്തിൽനിന്നും പുറന്തള്ളപ്പെട്ടു. ജനങ്ങളുടെ ജനാധിപത്യ, വിപ്ലവ മുന്നേറ്റത്തിന് എതിരായി ഖൊമേനിയെ അധികാരത്തിൽ സ്ഥാപിക്കാൻ പ്രവാസത്തിൽനിന്ന് തിരികെ കൊണ്ടുവരുന്നതിൽ യുഎസിന് തീർച്ചയായും പങ്കുണ്ടെങ്കിലും, പിന്നീട് അദ്ദേഹം ഇസ്ലാമികവൽക്കരണത്തെ പ്രതീക്ഷിച്ചതിലും കൂടുതൽ മുന്നോട്ട് കൊണ്ടുപോകുകയും തന്റെ മുൻ ഉപദേശകനെതിരെ തിരിയുകയും ചെയ്തു. റിവിഷനിസ്റ്റ് നേതൃത്വത്തിലായിരുന്ന സോവിയറ്റ് യൂണിയനുമായി സൗഹൃദം സ്ഥാപിക്കാൻ തുടങ്ങി. തൽഫലമായി, യുഎസ് സാമ്രാജ്യത്വ നേതൃത്വവും സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വവും ഇറാനെ വൻശക്തി രാഷ്ട്രീയത്തിന്റെ നാടകത്തിന്റെ വേദിയാക്കി മാറ്റാൻ ശ്രമിച്ചു. മറുവശത്ത്, ഇത് രണ്ട് വൻശക്തികളുമായും വില പേശൽ നടത്തി പരമാവധി ലാഭവിഹിതം നേടാനുള്ള സാധ്യത ഖൊമേനി ഭരണകൂടത്തിന് നൽകി, അതായത്.

ശരിയായ വിപ്ലവ ലൈനും ഉയർന്ന സംസ്കാരവും ധാർമികതയും നൈതികതയും സ്ഥാപിക്കാനുള്ള പോരാട്ടവുമായി സംയോജിപ്പിച്ചില്ലെങ്കിൽ സാമൂഹിക പരിവർത്തനത്തിനായുള്ള ഒരു സമരത്തിനും അതിന്റെ ലക്ഷ്യത്തിലെത്താൻ കഴിയില്ലെന്ന് ഇറാന്റെ ദുരന്തം ഒരിക്കൽ കൂടി സാക്ഷ്യപ്പെടുത്തി. സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും ഈ കാലഘട്ടത്തിൽ, ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്കാരത്തെ അടിസ്ഥാനമാക്കിയുള്ള മുതലാളിത്തവിരുദ്ധ വിപ്ലവ പ്രസ്ഥാനം വികസിപ്പിച്ചുകൊണ്ട്, ജീർണിച്ച മുതലാളിത്ത വ്യവസ്ഥയെ അതിന്റെ രാഷ്ട്രീയ ഉപരിഘടനയുടെ രൂപം എന്തുതന്നെയായാലും വിപ്ലവകരമായി തകർത്തെറിഞ്ഞു മാത്രമേ സാമൂഹിക പരിവർത്തനം സാധ്യമാകൂ. അത് ഉയർന്ന തൊഴിലാളി വർഗസംസ്കാരത്തിലും ധാർമ്മികതയിലും നൈതികതയിലും അധിഷ്ഠിതവും, തൊഴിലാളിവർഗത്തിന്റെ യഥാർത്ഥ വിപ്ലവ പാർട്ടിയുടെ നേതൃത്വത്തിലുമാവണം. അതുകൊണ്ടാണ് ഇറാനിൽ, മതത്തെ മാറ്റത്തിന്റെ ഉപകരണമായി ഉപയോഗിച്ച് അടിച്ചമർത്തലും ചൂഷണവും ഇല്ലാതാക്കാനും സാമൂഹിക പരിവർത്തനം കൊണ്ടുവരാനുമുള്ള ശ്രമം പരാജയപ്പെട്ടത്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറയുന്നതിന് പകരം കൂടുതൽ തീവ്രമായി.

## ഇപ്പോഴത്തെ പ്രക്ഷോഭത്തിന്റെ പശ്ചാത്തലം

ഖൊമേനി ഭരണകൂടത്തിന്റെ ക്രൂരമായ സ്വേച്ഛാധിപത്യ മുഖം കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ഇറാനിയൻ ജനത അനുഭവിച്ചിട്ടുണ്ട്. നമുക്കറിയാവുന്നതുപോലെ, മതവും മതമൗലികവാദവും ഒന്നല്ല. ബൂർഷ്വാ ഭരണാധികാരികളുടെ ലാഭത്തിനും അധികാരത്തിനും വേണ്ടിയുള്ള സങ്കുചിത വിഭാഗീയ താൽപ്പര്യങ്ങൾ സേവിക്കാൻ മതത്തെ ഉപയോഗിക്കുമ്പോൾ അതിനെ മതമൗലികവാദം എന്ന് വിളിക്കുന്നു. ഹിന്ദു അല്ലെങ്കിൽ ഇസ്ലാമികം അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള മൗലികവാദത്തെ സംബന്ധിച്ചിടത്തോളം ഇത് സത്യമാണ്. മതമൗലികവാദം നിലകൊള്ളുന്നത് മതഭ്രാന്ത്, മതപരമായ യാഥാസ്ഥിതികത്വം, പുരുഷാധിപത്യം എന്നിവയിലാണ്. അതിനാൽ, അത് സ്ത്രീകളെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു, മതപരമായ ആചാരങ്ങളുടെ പേരിൽ പലതരം ചങ്ങലകളാൽ അവരെ ബന്ധിക്കുന്നു, അവരുടെ സ്വാതന്ത്ര്യം വെട്ടിക്കുറയ്ക്കുന്നു, കൂടാതെ വിലക്കുകൾ അടിച്ചേൽപ്പിച്ച് കൊണ്ട് അവരെ അടിമകളാക്കുന്നു. ശരിയാണ്, മതവും രാജ്യവും വെവ്വേറെ കാണാൻ ആഗ്രഹിക്കുന്ന പലരും ഉണ്ട്. ഇസ്ലാമിന്റെ യഥാർത്ഥ അനുയായികളായ ചിലരും ഇതിൽ ഉൾപ്പെടുന്നു. മതേതരത്വം എന്നാൽ ഭരണകൂടവും സാമൂഹിക ജീവിതവും മതത്തിൽ നിന്ന് സ്വതന്ത്രമായിരിക്കുന്നതാണെന്നും മതവിശ്വാസം വേണോ വേണ്ടയോ എന്നത് വ്യക്തിയുടെ സ്വകാര്യതയാണെന്നും മനസ്സിലാക്കാതെ സാമൂഹിക ജീവിതത്തിൽ ഇസ്ലാമിക വിശ്വാസത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ഭരണകൂടത്തെ 'മതേതരമാക്കാനായി' വാദിക്കുകയാണ് അവർ. അതിനാൽ, ഇസ്ലാമിക വിശ്വാസത്തിന്റെ ആചാരങ്ങൾ സാമൂഹിക ജീവിതത്തെ ക്രമപ്പെടുത്തുന്ന ഒരു മതേതര രാജ്യം സ്വപ്നം കാണുന്നത്, ഒരു വൃത്താകൃതിയിലുള്ള ദ്വാരത്തിലെ ഒരു ചതുരക്കുറ്റിപോലെ പൊരുത്തമില്ലാത്തതാണ്. "ഇസ്ലാമിക വിപ്ലവം മുതൽ, സ്ത്രീകളുടെ ചെറുത്തുനിൽപ്പിനെ അടിച്ചമർത്താനുള്ള എല്ലാ ശ്രമങ്ങളും വിരോധാഭാസമെന്ന് പറയട്ടെ, അതിനെ ശക്തിപ്പെടുത്തുകയും വിശാലമാക്കുകയും ചെയ്തു," ഏകാന്തതടവിനും പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയയായ ഒരു വനിതാ പ്രതിഷേധക്കാരി പറഞ്ഞു. "മതേതര മധ്യവർഗ സ്ത്രീകളുടെ പ്രതിഷേധമായി ആരംഭിച്ച പ്രസ്ഥാനം ഇപ്പോൾ, ഇസ്ലാമിക ഭരണകൂടത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചിരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മതവിശ്വാസികളുടെ സാമൂഹിക തലങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു."

സ്വാതന്ത്ര്യത്തിനും ജനാധിപത്യ പരിഷ്കാരങ്ങൾക്കും വേണ്ടി തീവ്രമായി പോരാടുകയും തങ്ങളെ കീഴ്പ്പെടുത്താനുള്ള മതപരമായ തന്ത്രങ്ങൾക്കെതിരെ നിലകൊള്ളുകയും ചെയ്യുന്ന ഇറാനിലെ സ്ത്രീകളുടെ അവകാശങ്ങൾക്കു നേരെയുള്ള ക്രൂരമായ ആക്രമണം ഒരു തരത്തിലും ആകസ്മികമായ കാര്യമല്ല. ഇന്ത്യയിലെ ഹിന്ദു മതമൗലികവാദികൾ ഹിന്ദുത്വം ഒരു ജീവിതരീതിയാണെന്ന് പ്രസംഗിക്കുന്നതുപോലെ, 1950 മുതൽ ഇസ്‌ലാം ഒരു ജീവിതരീതിയായി പ്രബോധനം ചെയ്തുകൊണ്ടാണ് ആധുനിക രാഷ്ട്രീയ സാമൂഹിക സങ്കൽപ്പങ്ങളെ ഇസ്‌ലാമിക കാനോനിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

1979ലെ ഇസ്‌ലാമിക വിപ്ലവത്തിനുശേഷം ഇറാനിൽ സ്ത്രീകൾക്ക് ശിരോവസ്ത്രവും അയഞ്ഞ കുപ്പായം അല്ലെങ്കിൽ കോട്ട് ധരിക്കുന്നത് നിർബന്ധമാണ്. സദാചാര പോലീസിലെ അംഗങ്ങൾ കർശനമായ ഈ വസ്ത്രധാരണരീതി നടപ്പിലാക്കുന്നു. സ്ത്രീകൾക്ക് അതിന്റെ മധ്യകാല മാതൃകകൾക്ക് കീഴടങ്ങാൻ വിസമ്മതിക്കുന്നത് ഇന്നത്തെ ഇറാനിയൻ ഭരണാധികാരികൾ ഒരു "പാപം" ആയി കണക്കാക്കുന്നു.

മസിഹ് അലിനെജാദ് എന്ന ഇറാൻ വനിത 2017ൽ, തന്റെ രാജ്യത്ത് സ്ത്രീകൾ നിർബന്ധമായും ഹിജാബ് അല്ലെങ്കിൽ ശിരോവസ്ത്രം ധരിക്കണം എന്ന ശാസനത്തിൽ പ്രതിഷേധിച്ച് ഒരു പ്രസ്ഥാനം ആരംഭിച്ചിട്ട് അഞ്ച് വർഷമായി. അതെത്തുടർന്ന് പ്രതിഷേധത്തിന്റെ തിരമാലകൾതന്നെയുയർന്നു. ഡസൻ കണക്കിന് സ്ത്രീകൾ പരസ്യമായി ശിരോവസ്ത്രം അഴിച്ചു. അധികാരികൾ കർശനമായ നടപടികൾ സ്വീകരിച്ചു. ഹിജാബിനെതിരെയുള്ള പ്രകടനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾക്ക് 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കുമെന്ന് പോലീസ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇക്കഴിഞ്ഞ മാസങ്ങളിൽ, ഇറാനിലെ മനുഷ്യാവകാശ പ്രവർത്തകർ പൊതുസ്ഥലത്ത് മൂടുപടം നീക്കി വസ്ത്രധാരണത്തിനെതിരെപ്രതിഷേധിക്കാൻ സ്ത്രീകളോട് അഭ്യർത്ഥിച്ചിരുന്നു. ഇത് അധികാരികൾ അവരെ അറസ്റ്റ് ചെയ്യുന്നതിലേക്ക് നയിച്ചേക്കാം.

അമിനിയുടെ മരണശേഷം, ഈ പ്രസ്ഥാനം രാജ്യത്തുടനീളം വ്യാപിക്കുകയും പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായി സ്ത്രീകൾ ഹിജാബ് കത്തിക്കാൻ തെരുവിലിറങ്ങുകയും ചെയ്തു. ഇറാന്റെ പരമോന്നത മതനേതാവ് ഖൊമേനി, അദ്ദേഹത്തിന്റെ സ്വന്തം നാടായ മഷാദിലെ ഒരു പൊതുവേദിയിൽ, ഇറാനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രതിഷേധ ങ്ങളെക്കുറിച്ച് പ്രതികരിക്കുവാൻ വിസമ്മതിച്ചു. പ്രക്ഷോഭകാരികൾ അദ്ദേഹത്തിന്റെ പ്രതിമ കത്തിച്ച് പ്രതിഷേധം അറിയിച്ചു.

സ്ത്രീകളുടെയും പുരുഷന്മാരുടെയും "നോട്ടങ്ങൾ, നടത്തം, വസ്ത്രങ്ങൾ, ജനനേന്ദ്രിയങ്ങൾ" എന്നിവയെക്കുറിച്ച് ആശങ്കയുണ്ടായിരുന്നതു കൊണ്ട് മാന്യമായി വസ്ത്രം ധരിക്കാൻ ഖുറാൻ മുസ്ലീം സ്ത്രീകളോടും പുരുഷന്മാരോടും നിർദ്ദേശിക്കുന്നത് പരാമർശിക്കേണ്ടതാണ്. (ഒരു കേസിൽ കർണാടക ഹൈക്കോടതിയെ ഉദ്ധരിച്ച് ലൈവ് ലോ 15-03-22ൽ റിപ്പോർട്ട് ചെയ്തത്) വിശുദ്ധ ഖുറാൻ, ഹിജാബ് ധരിക്കുന്നത് നിർബന്ധമാക്കുന്നില്ലഎന്നാണ് ഖുറാനെക്കുറിച്ച് ആധികാരികമായി അഭിപ്രായം പറയാൻ യോഗ്യതയുള്ളവർ പറയുന്നത്. എന്നിട്ടും മത യാഥാസ്ഥിതികത്വം മതസംഹിതയുടെ പേരിൽ സ്ത്രീകളുടെമേൽ അത്തരം ബന്ധനങ്ങൾ അടിച്ചേൽപ്പിക്കുന്നു.

## പ്രതീക്ഷയുടെ പുതിയ കിരണം

എന്നാൽ ചരിത്രത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. അടിച്ചമർത്തപ്പെട്ട, പീഡിപ്പിക്കപ്പെടുന്ന ഇറാനിയൻ സ്ത്രീകൾ ഇനി അത്തരം മനുഷ്യത്വരഹിതമായ ആജ്ഞകൾ സഹിക്കാനും അവരുടെ സ്വാതന്ത്ര്യത്തോട് വിട്ടുവീഴ്ച ചെയ്യാനും തയ്യാറല്ല. അതിനാൽ, എല്ലാ പ്രതിബന്ധങ്ങളും തള്ളിക്കളഞ്ഞ് അവർ തെരുവിലിറങ്ങിയിരിക്കുന്നു. അമിനിയുടെ രക്തസാക്ഷിത്വം അവരെ തടഞ്ഞുനിർത്തുന്നതിനുപകരം പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തെ ഉയർത്തിപ്പിടിക്കുന്ന പോരാട്ടത്തിന് ആക്കം കൂട്ടി. പോലീസ് അതിക്രമങ്ങൾ നേരിട്ടുകൊണ്ട് ഈ ന്യായമായ പോരാട്ടത്തിൽ സ്ത്രീകൾ മാത്രമല്ല, പ്രബുദ്ധരായ പുരുഷന്മാരും അവരോടൊപ്പം ചേരുന്നുണ്ട്. ഈ പ്രസ്ഥാനത്തെ ഞങ്ങൾ തുറന്ന ഹൃദയത്തോടെ പിന്തുണയ്ക്കുന്നു.

ഈ പ്രക്ഷോഭം ഇറാനിയൻ ഭരണാധികാരികളെ ഉലച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. എന്നാൽ സമരം ചെയ്യുന്ന ഇറാൻ പൗരന്മാർ, പ്രത്യേകിച്ച് സ്ത്രീകൾ, ഓർമ്മിക്കേണ്ടതെന്തെന്നാൽ, സ്ത്രീവിമോചനത്തിനായുള്ള പോരാട്ടം തങ്ങളുടെ രാജ്യത്ത് മതപരമായ മേലങ്കി ധരിച്ചിരിക്കുന്ന മുതലാളിത്ത ഭരണത്തെ വിപ്ലവത്തിലൂടെ പുറത്താക്കുന്നതിനുള്ള വിശാലമായ പോരാട്ടവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥ മതേതര മൂല്യങ്ങളുടെമേൽ വികസിച്ചതും, ഉന്നതമായ ധാർമികതയും സംസ്കാരവും , ലോകമെമ്പാടുമുള്ള പോരാടുന്ന സഹജീവികളോട് സാഹോദര്യവും വളർത്തിയെടുത്താൽ മാത്രമേ ഈ പോരാട്ടം വിജയിക്കാനാകൂ. ഒരു ബൂർഷ്വാ കുതന്ത്രമോ മതമൗലികവാദികളുടെ കൈവേലയോ അവരെ ഉള്ളിൽ നിന്ന് ദുർബലപ്പെടുത്തുകയോ തെറ്റായ പാതയിലൂടെ നയിക്കുകയോ ചെയ്യരുത്. അവർ വിജയിക്കണം! ലോകമാസകലമുള്ള മർദ്ദിതരും അടിച്ചമർത്തപ്പെട്ടവരും കൊടിയ പീഡനങ്ങൾക്ക് ഇരയാക്കപ്പെടുന്നവരുമായ സ്ത്രീകൾ, തങ്ങളുടെ നിലനിൽപ്പിന്റെയും പോരാട്ടത്തിന്റെയും വഴിയിലെ പ്രചോദനമായി ഇറാനിലെ സ്ത്രീകൾ നയിക്കുന്ന പോരാട്ടത്തെ ഉറ്റുനോക്കുകയാണ്. ■

# സംഘപരിവാറും സ്വാതന്ത്ര്യസമരവും

# ഭരണഘടന, രാഷ്ട്രപിതാവ്, ദേശീയ പതാക, ദേശീയ ഗാനം എല്ലാത്തിനെയും ഹിന്ദുത്വവാദികൾ നിരാകരിക്കുന്നു

**ദേശസ്നേഹത്തിന്റെ പേരിൽ മറ്റുള്ളവരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന സംഘപരിവാർ ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്കെന്താണ് എന്ന് ചർച്ച ചെയ്യുന്ന ലേഖനത്തിന്റെ അവസാന ഭാഗം.**

ഇന്ത്യയിൽ മതാടിസ്ഥാനത്തിലുള്ള രണ്ട് ദേശീയതകളാണ് നിലനിൽക്കുന്നത് എന്നും മതങ്ങൾ തമ്മിലുള്ള ഭിന്നതയാണ് എല്ലാത്തിലും മൗലികമായ പ്രശ്നമെന്നും വിശ്വസിച്ചുതുടങ്ങുമ്പോൾ, മതമാണ് രാഷ്ട്രമെന്ന് വിചാരിക്കുമ്പോൾ, ഇതരമതങ്ങൾ രാഷ്ട്രഗാത്രത്തിൽ കടന്നുകൂടിയ ദോഷകരമായ ഘടകങ്ങൾ ആണെന്ന അപകടകരമായ ധാരണയിൽ എത്തിച്ചേരുന്നു. സംസ്കാരവും പാരമ്പര്യവും മുമ്പ് എപ്പോഴോ രൂപീകരിക്കപ്പെട്ടിട്ടുള്ളതും മാറ്റമില്ലാതെ സംരക്ഷിക്കപ്പെടേണ്ടതും അങ്ങനെ സംരക്ഷിക്കാൻ കഴിയുന്നതുമാണ് എന്നൊക്കെയുള്ള വികലധാരണയുമായി ഈ പ്രശ്നത്തെ സമീപിക്കുമ്പോൾ, സ്വന്തം മതവുംസംസ്കാരവും യാഥാസ്ഥിതികമായി സംരക്ഷിക്കപ്പെടുന്നത് മാത്രമാണ് രാഷ്ട്രതാൽപര്യമെന്നും മറ്റുമതങ്ങളും ആശയങ്ങളും രാഷ്ട്രവിരുദ്ധമാണെന്നും അവയ്ക്കെതിരായ നശീകരണഭാവത്തോടെയുള്ള പോരാട്ടമാണ് സ്വാതന്ത്ര്യസമരമെന്നും വിശ്വസിക്കേണ്ടിവരുന്നു!

അങ്ങനെ, രാജ്യത്തെയാകെ നൂറ്റാണ്ടുകളായി അടിച്ചമർത്തി ചൂഷണം ചെയ്ത് ഭരിക്കുന്നവർ രാഷ്ട്രശത്രുക്കളല്ലാതാകുകയും അവർ ഈ നിഴൽയുദ്ധത്തിലെ മിത്രമായി മാറുകയുംചെയ്യുന്നു. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും കമ്മ്യൂണിസ്റ്റുകൾക്കും എതിരായ പോരാട്ടം പരമപ്രധാനമാകുമ്പോൾ കാലങ്ങളായി മതത്തിന്റെപേരിൽ ജനങ്ങളെ ഭിന്നിപ്പിച്ച് മുതലെടുക്കാൻ ശ്രമിച്ച ബ്രിട്ടീഷുകാരുടെ കൈയിലെ ഏറ്റവും നല്ല ആയുധമായി മാറാൻ ഹിന്ദുത്വത്തിന് കഴിഞ്ഞു. സ്വാഭാവികമായും ബ്രിട്ടീഷുകാരുടെ പ്രിയങ്കരരായി മാറാൻ കഴിയുമെന്ന് അവർ മനസ്സിലാക്കി.

ലോകമുതലാളിത്തത്തെ വിറളി പിടിപ്പിച്ചുകൊണ്ട് സോവിയറ്റ് യൂണിയൻ പിറവിയെടുത്ത കാലമായിരുന്നു അത്. ഒന്നാംലോക യുദ്ധാനന്തരം കൊടിയ ദാരിദ്ര്യവും തൊഴിലാളി പ്രക്ഷോഭങ്ങളും ലോകത്തെ പിടിച്ചുലച്ചു. അവയെ നേരിടാനുള്ള മാർഗങ്ങൾ ആലോചിച്ചിരുന്ന മുതലാളിത്ത ലോകത്തിനുമുന്നിൽ തെളിഞ്ഞുവന്ന പ്രതിവിധിയായിരുന്നു ഫാഷിസം. കമ്മ്യൂണിസത്തെ നേരിടാൻ കമ്മ്യൂണിസത്തിനെതിരെ പറയുകയല്ല; കമ്മ്യൂണിസ്റ്റ് ആശയം സ്വീകരിക്കാനാകാത്തവിധം ജനങ്ങളെ ചിന്താപരമായും സാംസ്കാരികമായും പിന്നാക്കം കൊണ്ടുപോകുകയാണ് വേണ്ടത് എന്ന് അവർ തിരിച്ചറിഞ്ഞു. ജനാധിപത്യ പ്രബുദ്ധത ഇല്ലാതെയാക്കണം, ഫ്യൂഡൽ ഗോത്ര മനോഘടനയിലേയ്ക്ക് മനുഷ്യരെ തിരിച്ചുകൊണ്ടുപോകണം. അതിന് ഏറ്റവും ഉചിതമായ ആശയമാണ് ഫാഷിസം എന്ന മനസ്സിലാക്കലിലൂടെയാണ് അന്ന് വളരെ പ്രക്ഷുബ്ധമായ ഇടതുപക്ഷ സമരമുഖങ്ങളിലേയ്ക്ക് വളർന്നുകൊണ്ടിരുന്ന ഇറ്റലിയിലും ജർമ്മിനിയിലും സ്പെയിനിലും മറ്റും ഫാഷിസ്റ്റ് പ്രസ്ഥാനങ്ങളെ പരീക്ഷിച്ച് വിജയിപ്പിച്ചത്.

ഹിന്ദു ദേശീയതയുടെയും മതത്തിന്റെയും സംരക്ഷണത്തിനുവേണ്ടി 1925ൽ രൂപീകരിക്കപ്പെട്ട ആർഎസ്എസ് ഒരിക്കലും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല. അഖില ഭാരത ഹിന്ദുമഹാസഭയുടെ പല നേതാക്കളും കോൺഗ്രസ് നേതൃത്വത്തിൽ ഉണ്ടായിരുന്നു എങ്കിലും ഗാന്ധി നേതൃത്വംനൽകിയിരുന്ന കോൺഗ്രസിന്റെ പ്രക്ഷോഭങ്ങൾക്ക് പൂർണ പിന്തുണ ഹിന്ദുമഹാസഭ നൽകിയിട്ടില്ല. 1930-34 കാലത്ത് ഇന്ത്യയാകെ വളർന്നുവന്ന സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ ഹിന്ദുമഹാസഭയും ആർഎസ്എസും പങ്കെടുത്തിട്ടില്ല. ആർഎസ്എസ് സ്ഥാപകൻഹെഡ്ഗേവാർസിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്തതായി അവകാശപ്പെട്ടുകൊണ്ട് അവർ വ്യാപകമായി നുണപ്രചാരണം നടത്തിയിട്ടുണ്ട്. അത് സംബന്ധിച്ച് ആർഎസ്എസിന്റെ രണ്ടാം സർസംഘ ചാലക് ആയിരുന്ന ഗോൾവാൾക്കർ രചിച്ച, ശ്രീ ഗുരുജി സാഹിത്യ സർവസ്വം (പേജ് 107, ഡോ.ഹെഡ്ഗേവാർ ജന്മശതാബ്ദി സേവാ സമിതി, അയോധ്യാ പ്രിന്റേഴ്സ്, കുരുക്ഷേത്ര പ്രകാശൻ വിതരണം) എന്ന കൃതിയിൽ പറയുന്നു,(അതിൽതന്നെ സംഘശിക്ഷാവർഗ് 1955ലെ പ്രസംഗം)... "സ്വാതന്ത്ര്യസമരകാലഘട്ടം. നാഗ്പൂരിലെ കുറച്ചു യുവവക്കീലന്മാർ വളരെ ആവേശത്തോടെ ഡോക്ടർജിയുടെ അടുത്തെത്തി പറഞ്ഞു, ഈ സമയത്ത് പ്രക്ഷോഭം ശക്തമാക്കിയാൽ സ്വാതന്ത്ര്യം ലഭിക്കുക തന്നെചെയ്യും എന്നു തോന്നുന്നു. നമുക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുക തന്നെവേണം.

ഡോക്ടർജി പറഞ്ഞു, സംഗതി കൊള്ളാം എന്നാൽ നിങ്ങൾ പൂർണമായും ചിന്തിച്ചുനോക്കിയോ. എത്രനാളത്തെ ശിക്ഷ കിട്ടും? കുറെ പിഴയും ഒടുക്കേണ്ടിവരാം. ജയിലിലായിരിക്കുമ്പോൾ വീടിനെക്കുറിച്ചുള്ള ചിന്ത ഉണ്ടാകും. വീട്ടിലെ ബുദ്ധിമുട്ടുകൾകണ്ട് മാപ്പ് അപേക്ഷിക്കാനുള്ള ആഗ്രഹം ഉണ്ടാകും. അതൊക്കെ ചിന്തിച്ചിട്ടാണോ തയ്യാറായിട്ടുള്ളത്.

ഒരാൾ പറഞ്ഞു, എല്ലാം ചിന്തിച്ചുകഴിഞ്ഞു. രണ്ടുവർഷത്തേയ്ക്ക് വീട് ഭംഗിയായി പുലരാനുള്ള എല്ലാ വ്യവസ്ഥയും ചെയ്തുകഴിഞ്ഞു.

ഈ സമയം ഡോക്ടർജി പറഞ്ഞു, അതിനർത്ഥം നിങ്ങൾക്ക് രണ്ടുവർഷംവരെ വീടുവിട്ട് താമസിക്കാൻ സാധിക്കും. എങ്കിൽ സത്യാഗ്രഹത്തിന്റെ കാര്യംവിട്ട് സംഘവിസ്താരകനായി പോകൂ." (ആ യുവാവ് വീട്ടിലേയ്ക്ക് പോയ ശേഷം ജയിലിൽ പോകുകയോ സംഘംപ്രവർത്തനത്തിന് എത്തുകയോചെയ്തില്ല. ഇതേ വിഷയം ഗുരുജി സമഗ്രദർശൻ, നാലാം വാല്യത്തിലും പ്രതിപാദിക്കുന്നുണ്ട്.)

1955ൽ സംഘശിക്ഷാവർഗിൽ എം.എസ്.ഗോൾവാൾക്കർ നടത്തിയ പ്രസംഗത്തിൽ ഡോ.ഹെഡ്ഗേവാർ 1931ൽ ജയിലിൽ പോകാനിടയായ സംഭവത്തെക്കുറിച്ച് അദ്ദേഹം സ്വയം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം ജയിലിൽപോയത് സ്വാതന്ത്ര്യസമരത്തോടുള്ള അഭിനിവേശംകൊണ്ടല്ല സംഘപ്രചാരണാർത്ഥമാണെന്നാണ് സംഭാഷണത്തിന്റെ ചുരുക്കം.

"ബീറാർ നമ്മുടെ സമീപപ്രദേശമാണ്. അവിടെ സംഘകാര്യം നടക്കേണ്ടതുണ്ട്. ബീറാർ പ്രദേശത്തെ ദേശഭക്തരെല്ലാം ഈ സത്യാഗ്രഹത്തിൽവരും. കൂടെ താമസിച്ച് അവരുടെ ഹൃദയത്തിൽ സംഘത്തെ നിറയ്ക്കാൻ ഇതിലും നല്ല സ്ഥാനവും സമയവും വേറെ എപ്പോൾ കിട്ടും. അങ്ങനെ കുറച്ചു നല്ല സംസ്കാരം നൽകാൻ അനുകൂലമായ സ്ഥാനമാണെന്ന് കണ്ട് സംഘകാര്യത്തിന്റെ അടിത്തറ പണിയാൻ തന്നെയാണ് ജയിലിൽ പോയത്."

ധാരാളം ഹൈന്ദവവിശ്വാസികൾ ഉള്ള ഈ രാജ്യത്ത് സ്വാതന്ത്ര്യസമരയോദ്ധാക്കളെത്തന്നെ സ്വാതന്ത്ര്യസമരത്തിൽനിന്ന് പിന്തിരിപ്പിച്ച് സംഘത്തിൽ ചേർക്കണമെന്ന താൽപര്യം എന്തുകൊണ്ടാണ്? അത് സ്വാതന്ത്ര്യസമരത്തെ ദുർബലപ്പെടുത്താൻ വേണ്ടിത്തന്നെയാണ് എന്ന് വ്യക്തം.

ആർഎസ്എസ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല എന്ന വിമർശനത്തെ നേരിടാൻ അവർ പലപ്പോഴും ഉദ്ധരിക്കുന്ന കാര്യങ്ങളിലൊന്നാണ് ഹെഡ്ഗെവാറിന്റെ 1931ലെ അറസ്റ്റും ജയിൽ വാസവും. അതിന്റെ വാസ്തവം എന്താണെന്ന് ഇതുവഴി അവർതന്നെ വ്യക്തമാക്കുന്നു. ഹെഡ്ഗെവാർ അദ്ദേഹത്തിന്റെ പൊതുപ്രവർത്തനത്തിന്റെ പ്രാരംഭത്തിൽ 1923ന് മുമ്പ് ചില പ്രക്ഷോഭങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഡോ. മൂഞ്ചേയുമായി ചേർന്ന് സവർക്കറെ സന്ദർശിച്ചതിനുശേഷം അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല. ആർഎസ്എസ് ഔദ്യോഗികമായി അങ്ങനെ ഒരു നിലപാട് പ്രഖ്യാപിച്ചിട്ടും ഇല്ല. അങ്ങനെ സവർക്കർ ബ്രിട്ടീഷുകാർക്ക് ജയിലിൽവച്ച് മാപ്പപേക്ഷയിൽ നൽകിയ വാക്ക് സത്യസന്ധമായി പാലിച്ചു.

1935ൽ ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്ട് നിലവിൽ വന്നതിനുശേഷം 1937ൽ നടന്ന തെരഞ്ഞെടുപ്പിൽ മറാത്ത പ്രവിശ്യയിൽ കോൺഗ്രസ് വൻവിജയം നേടി. ബി.ജി. ഖേറിന്റെ നേതൃത്വത്തിൽ ഭരണം നടത്തുന്ന വേളയിൽ പ്രവിശ്യാ ഗവണ്മെന്റിന്റെ തീരുമാനപ്രകാരമാണ് സവർക്കർ പൂർണമായി ശിക്ഷാവിമുക്തനാകുന്നത്. ആന്തമാനിലെ സെല്ലുലാർ ജയിലിലെ 9വർഷവും 10 മാസവും തടവ് കഴിഞ്ഞ് 1921 മെയ് 2ന് ഇന്ത്യയിലെ രത്നഗിരി ജയിലിലെത്തിക്കുകയും 1924 ജനവരി 4ന് ജയിൽ മോചിതനായി വീട്ടുതടങ്കലിലേയ്ക്കും തുടർന്ന് ജില്ലവിട്ടുപോകരുതെന്ന ഉപാധിയോടെ മോചനവും ലഭിച്ചു. 1937ൽ പരിപൂർണ മോചനം. തുടർന്ന് അദ്ദേഹം ഹിന്ദുമഹാസഭയുടെ പ്രസിഡന്റായി ചുമതല ഏറ്റെടുത്തു. പിന്നീട് പൂർവ്വാധികം ശക്തിയോടെ, അഥവാ ബ്രിട്ടീഷുകാരോടുള്ള നന്ദിയോടെ തന്റെ ദ്വിരാഷ്ട്രവാദം പ്രചരിപ്പിച്ചുതുടങ്ങി.

ഹിന്ദുരാഷ്ട്രദർശൻ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസംഗങ്ങളുടെ സംഗ്രഹത്തിൽ പറയുന്നു, "യാഥാർത്ഥ്യത്തോടുള്ള പ്രതികരണം ആകണം ഒരു നിർവചനം. ഇന്ത്യയിലെ മുഹമ്മദീയരെയും ക്രിസ്ത്യാനികളെയും ജൂതന്മാരെയും പാഴ്സികളെയും മറ്റും ഹിന്ദുക്കളായി കാണാൻ പറ്റില്ല. പുണ്യഭൂമിയുടെ കാരണത്താലാണത്. അതുപോലെ ജപ്പാൻകാരെയും ചൈനക്കാരെയും പൊതുപുണ്യഭൂമിയുടെ അവകാശം ഉണ്ടെങ്കിലും ഹിന്ദുക്കളായി ഗണിച്ചുകൂടാ. കാരണം ഹിന്ദുസ്ഥാൻ അവരുടെ പിതൃഭൂമി അല്ലല്ലോ."(പേജ്, 9)

എ.ജി.നൂറാണിയുടെ സവർക്കറും ഹിന്ദുത്വവും എന്ന കൃതിയിൽ, പേജ് 85, ഉദ്ധരിക്കുന്നു, "ഹിന്ദുരാഷ്ട്രത്തിന് മുഹമ്മദീയർ അപകടകാരികളാണ് എന്ന് ഹിന്ദുക്കൾക്ക് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലണ്ട് ഇവിടംവിട്ട് പോയാൽ പൊതുഇന്ത്യൻ ഭരണകൂടം നിലനിൽക്കാൻ മുഹമ്മദീയർ അനുവദിക്കില്ല. ഇന്ത്യയിൽ മുസ്ലീംഭരണം സ്ഥാപിക്കാൻ അവർ വർഗീയോന്മത്തമായ പദ്ധതികൾ ഒരു സമുദായം എന്ന നിലയിൽ തുടർന്നും പരിപോഷിപ്പിക്കാൻ ശ്രമിക്കും. ഇതിനെപ്പറ്റി നാം പൂർണമായ അന്ധതയിൽ പെടാതിരിക്കാൻ ജാഗ്രത പുലർത്തണം. നാം ഹിന്ദുക്കൾക്ക് ഈ സൗരയൂഥത്തിൽ സ്വന്തമായി ഒരു രാജ്യം വേണം. ഹിന്ദുക്കൾ എന്ന നിലയിൽ സ്വന്തമായി അഭിവൃദ്ധിപ്പെടാനുള്ള സൗകര്യംവേണം. ശക്തമായ ഒരു ജനതയുടെ പിന്മുറക്കാരാണ് നാം. ശുദ്ധിപ്രസ്ഥാനത്തിന്(മതപരിവർത്തനം) മതാത്മകമായ അർത്ഥം മാത്രമല്ല ഉള്ളത്. അതിന് ഒരു രാഷ്ട്രീയവശംകൂടെയുണ്ട്. ഹിന്ദുക്കളുടെ അവകാശങ്ങൾ അന്യായമായി അപഹരിക്കപ്പെട്ടിട്ടുണ്ട്. അവ തിരിച്ചുപിടിക്കുക എന്ന അടിയന്തര കർത്തവ്യത്തിന്റെ പൂർത്തീകരണമാണ് സംഘപ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇപ്പോഴത്തെ ഭരണപരിഷ്കാര നിയമം ഉപയോഗപ്പെടുത്തി ഹിന്ദുക്കൾ രാഷ്ട്രീയ ശക്തി പിടിച്ചു പറ്റണം.(ഹിന്ദു രാഷ്ട്ര ദർശൻ, പേജ് 27, സവർക്കറും ഹിന്ദുത്വവും പേജ് 86, എ.ജി.നൂറാണി)

രത്നഗിരി ജയിലിൽനിന്ന് മോചിതനായ ശേഷം അഹമ്മദാബാദിൽ നടന്ന ഹിന്ദു മഹാസഭയുടെ വാർഷികത്തിൽ പ്രസംഗിക്കവെ സവർക്കർ പറഞ്ഞു: "ഇന്ത്യ ഒരു ഏകീകൃത രാഷ്ട്രമായിരിക്കുന്നുവെന്ന് നമ്മൾ തെറ്റിദ്ധരിക്കരുത്. ഈ വിശാലമായ ഉപഭൂഖണ്ഡത്തിൽഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും രണ്ട് രാഷ്ട്രങ്ങൾ ഉണ്ട് എന്ന കാര്യം നമ്മൾ അംഗീകരിക്കണം."(നാഷണൽ ഹെറാൾഡ് ഓൺലൈൻ, ദത്താത്രേയ ധബോൽക്കർ, 4-1-22, 4.08pm)

1923ലെ എസൻഷ്യൽസ് ഓഫ് ഹിന്ദുത്വ എന്ന കൃതിയിലൂടെയും ഹിന്ദുമഹാസഭയുടെയും ആർഎസ്എസിന്റെയും നിലപാടുകളിലൂടെയും നിരന്തരമായി, മുസ്ലീങ്ങൾ ഈ രാജ്യത്തിന്റെ ഭാഗമല്ല എന്നും ഇത് രണ്ടുരാഷ്ട്രമാണ് എന്നും പ്രചരിപ്പിച്ചുകൊണ്ടേയിരുന്നു. ആ ഘട്ടത്തിലൊന്നും മുസ്ലീംലീഗ് പാകിസ്ഥാൻ വാദം ഉന്നയിച്ചിരുന്നില്ല. 1939 ലാണ് മുസ്ലീംലീഗ് ആദ്യമായി ദ്വിരാഷ്ട്രവാദം അവതരിപ്പിച്ച് പാകിസ്ഥാൻ എന്ന സ്വതന്ത്ര രാജ്യം വേണം എന്ന ആവശ്യം ഉന്നയിച്ചത്. രാജ്യത്ത് നടന്നുകൊണ്ടിരുന്ന നിരന്തരമായ മുസ്ലീംവിരുദ്ധ ജൽപ്പനങ്ങളുടെ പിൻബലത്തിലാണ് മുസ്ലീംലീഗിന് അങ്ങനെ ഒരു ആവശ്യം ഉന്നയിക്കാൻ കഴിയുന്ന രാഷ്ട്രീയ പശ്ചാത്തലം ഒരുങ്ങിയത്. ചുരുക്കത്തിൽ സംഘപരിവാറും മുസ്ലീംലീഗും ദ്വിരാഷ്ട്രവാദത്തിന്റെ കാര്യത്തിൽ ഒരേ നിലപാടിലാണ് എത്തിയത്.

## ക്വിറ്റ് ഇന്ത്യ പ്രക്ഷോഭവും സംഘപരിവാറും

ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്

(ശേഷം 12-ാം പേജിൽ)

# മുസ്ലീംലീഗിനും മുമ്പ് ദ്വിരാഷ്ട്രവാദം ഉയർത്തിയത് ആർഎസ്എസ്

(11–ാം പേജിൽ നിന്ന്)

നിലവിൽവന്ന ശേഷം ഫെഡറൽ സമ്പ്രദായത്തിന്റെ കീഴിൽ പരിമിതമായ അധികാരങ്ങളുള്ള ഗവൺമെന്റുകൾ രൂപീകരിക്കാനുള്ള സാഹചര്യം ഒരുങ്ങി. 1937ൽ ഈ നിയമത്തിൻ കീഴിൽ തെരഞ്ഞെടുപ്പുകൾ നടത്തി ഗവൺമെന്റുകൾ സ്ഥാപിതമായി. ലീഗിനെയും ഹിന്ദുമഹാസഭയെയും തറപറ്റിച്ചുകൊണ്ട് കോൺഗ്രസ് പതിനൊന്നിൽ എട്ട് പ്രവിശ്യകളിലും വൻവിജയം നേടി.

1939 സെപ്റ്റംബർ 1ന് രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. സെപ്റ്റംബർ 3ന് ബ്രിട്ടൻ യുദ്ധത്തിൽ പങ്കുചേർന്നു. തുടർന്ന് ഇന്ത്യൻ നേതാക്കളോടോ പ്രവിശ്യാ ഗവൺമെന്റുകളോടോ ആലോചിക്കാതെ ഇന്ത്യ യുദ്ധത്തിൽ പങ്കാളിയായതായി ബ്രിട്ടൻ ഏകപക്ഷീയമായി പ്രഖ്യാപിച്ചു. അതിൽ പ്രതിഷേധിച്ച് 1939 ഒക്ടോബറിൽ കോൺഗ്രസ് അംഗങ്ങളെല്ലാം പ്രവിശ്യാ ഭരണപദവികളും പ്രതിനിധി സഭാ അംഗത്വങ്ങളും രാജിവച്ചു.

ഈ അവസരം പ്രയോജനപ്പെടുത്തുന്നതിനായി സവർക്കർ വൈസ്രോയിയെ സന്ദർശിച്ച് ബ്രിട്ടനുള്ള പിന്തുണ ഉറപ്പുനൽകുകയും 1939 ഒക്ടോബർ9ന് ബ്രിട്ടീഷ് ഗവൺമെന്റും ഹിന്ദുമഹാസഭയുമായി ഒരു കരാർ ഉണ്ടാക്കുകയും ചെയ്തു. തുടർന്ന് ഹിന്ദുമഹാസഭയും മുസ്ലീംലീഗും സഖ്യത്തിലാകുകയും മുസ്ലീംലീഗ് നേതാവ് ഫസൽ ഉൽ ഹക്ക് മുഖ്യമന്ത്രിയും ഹിന്ദുമഹാസഭയുടെ വലിയ നേതാവ് ശ്യമപ്രസാദ് മുഖർജി ഉപമുഖ്യമന്ത്രിയും ആയിക്കൊണ്ടുള്ള ഒരു ഗവൺമെന്റ് ബംഗാൾ പ്രവിശ്യയിൽ അധികാരത്തിൽവരികയും ചെയ്തു. മുസ്ലീംലീഗ് നേതാവ് ഗുലാം ഹുസൈൻ ഹിദായത്തുള്ളയുടെ നേതൃത്വത്തിൽ സിന്ധ് പ്രവിശ്യയിൽ രൂപംകൊണ്ട മന്ത്രിസഭയിലും വടക്ക് പടിഞ്ഞാറൻ പ്രവിശ്യയിൽ സർദാർ ഔറംഗസീബ്ഖാന്റെ ഗവൺമെന്റിലും ഹിന്ദുമഹാസഭ പങ്കാളിയായി അധികാരത്തിന്റെ ഭാഗമായി. 1943ൽ സിന്ധ് പ്രവിശ്യയിലെ ഗവൺമെന്റ് വിഭജനത്തിനും പാകിസ്ഥാൻ രൂപീകരണത്തിനും അനുകൂലമായി പ്രമേയം പാസ്സാക്കി. എന്നിട്ടും ആ സഖ്യം ഉലഞ്ഞില്ല. നാമമാത്രമായ വിയോജിപ്പ് പ്രകടിപ്പിച്ച് അവർ സഖ്യത്തിൽ ഉറച്ചുനിന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഏറ്റവും ശക്തമായ ജനകീയ പ്രക്ഷോഭമായിരുന്ന ക്വിറ്റ്ഇന്ത്യ പ്രക്ഷോഭം. അത്രയും വീറ്റ, വിട്ടുവീഴ്ചയില്ലാത്ത ഒരു പോരാട്ടം കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്നിട്ടില്ല. ആബാലവൃദ്ധം ജനങ്ങൾ രംഗത്തിറങ്ങി. അസാധാരണമായ ഒരു സമര വ്യഗ്രതയും സ്വാതന്ത്ര്യവാഞ്ഛയും എവിടെയും ദൃശ്യമായി. ഭീകരമായ അടിച്ചമർത്തലിനെ നിർഭയമായി നേരിടൽ, ഒളിപ്പോർ, രഹസ്യപ്രവർത്തനം, പ്രാദേശിക വിമോചിത മേഖലകൾ സൃഷ്ടിച്ച് ബ്രിട്ടീഷ് ഭരണത്തെ പുറത്താക്കൽ എന്നിങ്ങനെ അസാധാരണമായ ഒരു മുഖം രാജ്യം പ്രദർശിപ്പിച്ച നിർണായകഘട്ടമായിരുന്നു അത്. അക്കാലത്ത് ഗോൾവാൾക്കർ ആ പ്രക്ഷോഭത്തെക്കുറിച്ച് പറഞ്ഞത് നോക്കുക, "1942ലും പലരുടെയും മനസിൽ കടുത്ത വികാരമുണ്ടായിരുന്നു. ആ കാലയളവിലും സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തുടർന്നുപോന്നു. സംഘം നേരിട്ടൊന്നും പറഞ്ഞില്ല. ബ്രിട്ടീഷുകാർക്കെതിരെ പൊരുതുകയെന്നത് അവരുടെ കാര്യപരിപാടിയുടെ ഭാഗമല്ലെന്ന് ആർഎസ്എസ് തത്വസംഹിത വ്യക്തമായിത്തന്നെ പറയുന്നുണ്ട്. മതത്തെയും സംസ്കാരത്തെയും സംരക്ഷിക്കുന്നതിലൂടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്നാണ് നമ്മുടെ പ്രതിജ്ഞയിൽ പറയുന്നത്. ബ്രിട്ടീഷുകാർ ഇവിടംവിട്ട് പോകുന്നതിനെക്കുറിച്ച് അതിൽ ഒരു പരാമർശവുമില്ല എന്നകാര്യം നമ്മൾ ഓർക്കണം."(ശ്രീ ഗുരുജി സമഗ്ര ദർശൻ വാല്യം 4, പേജ് 40)

രാജ്യം ഒന്നടങ്കം അടിമത്തത്തിനെതിരെ ആഞ്ഞടിച്ചപ്പോൾ അതിനെതിരെ ഈ 'നിതാന്ത വൈരികൾ' ദേശദ്രോഹകരമായി ഒത്തുചേർന്നു. തങ്ങളാണ് ഇന്ത്യയിൽ വിഘടനവാദത്തിന്റെ വിത്തുപാകിയതും മുളപ്പിച്ചതും വളർത്തിയതും എന്ന ചരിത്ര വസ്തുത മൂടിവച്ചുകൊണ്ട് അതിന്റ പാപഭാരംമുഴുവൻ കോൺഗ്രസിന്റെയും ലീഗിന്റെയും മേൽ കെട്ടിവയ്ക്കുത്തക്കവിധം ഗീബൽസിയൻ മാതൃകയിൽ ഇന്നും നിരന്തരം നുണപ്രചാരണം നടത്തുകയാണ് സംഘപരിവാർ.

ദുഷ്ടലാക്കോടെ അവർ നടത്തിയ അവിശുദ്ധ നീക്കങ്ങളുടെ ഫലമായിരുന്നു ഇന്ത്യാവിഭജനം. ക്വിറ്റ് ഇന്ത്യ സമരകാലത്ത് ശ്യാമപ്രസാദ് മുഖർജി പറയുന്നു, "ബംഗാളിൽ കോൺഗ്രസിന്റെ ഈ പ്രസ്ഥാനത്തെ എങ്ങനെ നേരിടണം എന്നതാണ് പ്രശ്നം. കോൺഗ്രസ് എത്ര കിണഞ്ഞു ശ്രമിച്ചാലും പ്രവിശ്യയിൽ അത് വേരുപിടിക്കാതിരിക്കാൻ പറ്റിയ തരത്തിൽ അവിടെ ഭരണകൂടം പ്രവർത്തിക്കണം. കോൺഗ്രസ് ഇപ്പോൾ ഏതു് സ്വാതന്ത്ര്യത്തിനാണോസമരംതുടങ്ങിയിരിക്കുന്നത് അത് ഇപ്പോൾത്തന്നെ ജനപ്രതിനിധികൾക്ക് കിട്ടിയിരിക്കുന്നു എന്ന് നമ്മുടെ ഉത്തരവാദിത്തപ്പെട്ട മന്ത്രിമാർ ജനങ്ങളെ ബോധ്യപ്പെടുത്തണം."(എസ്.പി.മുഖർജി, ഒരു ഡയറിയിലെ ഏടുകൾ, എ.ജി. നൂറാണി, സവർക്കറും ഹിന്ദുത്വവും, പേജ് 88)

ബംഗാൾഗവർണർസർജ്ജോൺ ഹെർബർട്ടിന് ക്വിറ്റ് ഇന്ത്യ സമരത്തെ അടിച്ചമർത്തണം എന്നാവശ്യപ്പെട്ട്, അന്ന് മന്ത്രിയായിരുന്ന ശ്യാമപ്രസാദ് മുഖർജി അയച്ച കത്തിൽ പറയുന്നു. "നിലവിലുള്ള പ്രതിസന്ധി ഘട്ടത്തിൽ ഗവർണർ എന്ന നിലയിൽ താങ്കളും സഹപ്രവർത്തകരും തമ്മിൽ തികഞ്ഞ പരസ്പരധാരണ ആവശ്യമാണെന്ന് ഞാൻകരുതുന്നു. കോൺഗ്രസ്സുകാർ സംഘടിപ്പിച്ചേക്കാവുന്ന ഏതെങ്കിലും പ്രക്ഷോഭത്തിന്റെ ഫലമായി സംസ്ഥാനത്തിൽ എന്തെങ്കിലും സംഭവവികാസം സംജാതമാകുമോ എന്നതിനെപ്പറ്റി സൂചനതരാൻ ഞാൻ ഉദ്ദേശിക്കുന്നു. യുദ്ധകാലത്ത് ബഹുജന വികാരം ഇളക്കിവിടാൻ ആരെങ്കിലും പരിപാടിയിട്ടാൽ അത് ആഭ്യന്തര അസ്വസ്ഥതകളും അരക്ഷിതാവസ്ഥയും സൃഷ്ടിക്കും. അത് തടയേണ്ടത് നിലവിലുള്ള ഗവൺമെന്റിന്റെ ചുമതലയാണ്"(എസ്.പി.മുഖർജി, ഒരു ഡയറിയിലെ ഏടുകൾ, എ.ജി.നൂറാണി, സവർക്കറും ഹിന്ദുത്വവും എന്ന ഗ്രന്ഥം, പേജ് 87)

## സംഘപരിവാറും സ്വാതന്ത്ര്യസമരവും

രണ്ട് മുട്ടനാടുകൾ തമ്മിലിടിക്കുമ്പോൾ ഇറ്റുവീഴുന്ന ചോര നുകരുവാൻ ശ്രമിക്കുന്ന കൗശലക്കാരനും ക്രൂരനുമായ കുറുക്കനെയാണ് അവിടെ ഹിന്ദുമഹാസഭയിൽ നാം കാണുന്നത്. കോൺഗ്രസിനെ അടിച്ചമർത്തി ഇല്ലാതെയാക്കിക്കഴിഞ്ഞാൽ ദേശീയ പ്രസ്ഥാനത്തിൽ ബ്രിട്ടീഷുകാരുമായി ഏറ്റവും അടുപ്പത്തിൽ വർത്തിക്കുന്നവരായ ഇവർക്ക് നേട്ടമുണ്ടാക്കാൻ കഴിയുമെന്നും മതാടിസ്ഥാനത്തിൽ രാജ്യം വിഭജിച്ച് ഒരു ഭാഗം മുസ്ലീങ്ങൾക്ക് നല്കിയാൽ മറുഭാഗം സ്വാഭാവികമായും ഹിന്ദുപ്രതിനിധികൾ എന്ന നിലയിൽ തങ്ങൾക്ക് വന്നുചേരും എന്നുമവർ കണക്കുകൂട്ടി.

ദേശീയ പ്രസ്ഥാനത്തിൽ ഹിന്ദുത്വ അജണ്ടനടപ്പാക്കുന്നതിനും സ്വാധീനമുറപ്പിക്കുന്നതിനും സംഘപരിവാറിന് തടസ്സമായി നിന്നത് ഗാന്ധിജിക്ക് രാജ്യത്ത് കൈവന്ന അസാധാരണമായ സ്വീകാര്യതയാണ്. തികഞ്ഞ മതവിശ്വാസിയും സനാതന ഹിന്ദുവുമായിരുന്ന ഗാന്ധിജി മുസ്ലീങ്ങളെ ശത്രുവായി കണ്ടില്ല, മറിച്ച് മിത്രമായി കാണുകയും ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ വലിയ പ്രാധാന്യം തിരിച്ചറിയുകയും ചെയ്തു. ഹിന്ദുമതത്തിന്റെ ശൈലിയും പദാവലിയും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള ഗാന്ധിയുടെ നിലനിൽപ്പ് സാധാരണഹിന്ദുക്കളിൽ സ്വാധീനം ചെലുത്തി. മതത്തെ നേരിട്ട് എതിർക്കുന്ന നിരീശ്വരവാദിയോ ഇതരമതസ്ഥരോ വിചാരിച്ചാൽ ഇത്തരമൊരു പ്രതിരോധം സൃഷ്ടിക്കുവാൻ അന്നത്തെ സാഹചര്യത്തിൽ കഴിയുമായിരുന്നില്ല. ഹിന്ദു ചേരിയിൽനിന്ന് മുസ്ലീങ്ങളോട് അനുഭാവപൂർവ്വം പ്രവർത്തിക്കുന്ന ഒരു മതവഞ്ചകനായി ഹിന്ദുവർഗ്ഗീയവാദികൾ ഗാന്ധിജിയെ ചിത്രീകരിച്ചു. ഹിന്ദുത്വ രാഷ്ട്രീയ അജണ്ട നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് ഗാന്ധിയുടെ ആധികാരികതയും സ്വീകാര്യതയും എന്ന് അവർ തിരിച്ചറിഞ്ഞു. അവരുടെ സങ്കൽപ ഹിന്ദു രാഷ്ട്രത്തിൽ മതവഞ്ചകന് കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള നിർദ്ദയമായ വധശിക്ഷതന്നെ 1948 ജനവരി 30ന് അവർ ഗാന്ധിജിക്ക് നൽകി. രാജ്യത്തിനുവേണ്ടി ബ്രിട്ടനോട് പൊരുതിയവരെല്ലാം അവരുടെ ശത്രുസ്ഥാനത്തായി.

വിചാരധാരയുടെ 412-413 പേജുകളിൽ, രക്തസാക്ഷികൾ ആദർശപുരുഷന്മാർ ആകുന്നില്ല എന്ന തലക്കെട്ടിൽ രക്തസാക്ഷികളെക്കുറിച്ച് അവമതിപ്പ് ഉണ്ടാകത്തക്കവിധം കാര്യങ്ങൾ വിശദീകരിക്കുന്നത് നോക്കുക: "ദുർബലന്മാർ വാവിട്ട് നിലവിളിക്കുകയും നിലം പറ്റിക്കിടക്കുകയും ചെയ്യുമ്പോൾ കുറച്ചെങ്കിലും ചൈതന്യമുള്ളവർ നിലവിളിക്കാനും നിലംപറ്റാനും കൂട്ടാക്കാതെ സ്വയം നശിക്കുന്നു. ത്യാഗത്തിന്റെ മിന്നൽപ്പിണരിൽ അത്തരം ആത്മാനുഭൂതിയുടെ മിന്നലേറ്റ് കണ്ണുമഞ്ഞളിച്ച സാധാരണക്കാരൻ പറയും "ഇവർ എന്തൊരു കത്തിജ്വലിക്കുന്ന ആത്മാവായിരുന്നു! ഉടഞ്ഞുവീണുവെങ്കിലും അവൻ ഉലഞ്ഞില്ല". അവനെ ജനങ്ങൾ രക്തസാക്ഷി എന്നുവിളിക്കുകയും അവന് അഭിവാദ്യങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു... നമ്മുടെ ഭാരതീയ സംസ്കൃതിയൊഴിച്ച് മറ്റെല്ലാവരും രക്തസാക്ഷിത്വത്തെ ആരാധിക്കുകയും ആദർശമാക്കുകയും രക്തസാക്ഷികളെ അവരുടെ വീരപുരുഷന്മായി അവരോധിക്കുകയും ചെയ്തിട്ടുണ്ട്....എന്നിരുന്നാലും അത്തരം വീരന്മാരെ നാം നമ്മുടെ സമാജത്തിനുമുന്നിൽ ആദർശപുരുഷന്മാരായി ഉയർത്തിക്കാട്ടാറില്ല. മനുഷ്യൻ അഭിലഷിക്കേണ്ട പരമോന്നത മാതൃകയായി നാം അവരുടെ രക്തസാക്ഷിത്വത്തെ പരിഗണിച്ചിട്ടില്ല. കാരണം എന്തുതന്നെ ആയാലും അവർ അവരുടെ ആദർശത്തെ സാക്ഷാത്ക്കരിക്കുന്നതിൽ പരാജയപ്പെട്ടവരാണ്. പരാജയം സൂചിപ്പിക്കുന്നത് അവരിൽ എന്തോ പിശകുണ്ടായിരുന്നുവെന്നും ആകുന്നു."

രാജ്യത്തിനുവേണ്ടി വിവരണാതീതമായ ത്യാഗങ്ങളും രക്തസാക്ഷിത്വവും വരിച്ച യഥാർത്ഥ രാജ്യസ്നേഹികളെ അവർ വെറുത്തു. ആ മഹത്തായ ചരിത്രത്തെ തമസ്കരിക്കുവാൻ ശ്രമിച്ചു. ജനാധിപത്യ റിപ്പബ്ലിക്കിനുവേണ്ടി പോരടിച്ചവരെ ഒഴിവാക്കി ശിവജിയെയും റാണാപ്രതാപിനെയുംപോലെയുള്ള ഫ്യൂഡൽ പ്രതിനിധികളെ വാഴ്ത്തിപ്പാടി. മനുസ്മൃതിയും ശാങ്കരസ്മൃതിയും പുരാണേതിഹാസങ്ങളും അനുശാസിക്കുന്ന കാര്യങ്ങളെ ശ്രേഷ്ഠമായി കൊണ്ടാടുന്ന, ജന്മിത്തവും ജാതിവ്യവസ്ഥയും നിലനിൽക്കുന്ന സാമൂഹ്യക്രമത്തെ മാതൃകാസമൂഹമായി താലോലിച്ചു.

ജാധിപത്യ ഇന്ത്യ സൃഷ്ടിച്ചെടുത്ത സകലതിനെയും അവർ തിരസ്കരിച്ചു. ദേശീയ പതാകയെ അവർ തള്ളിപ്പറഞ്ഞു. ഗോൾവാൾക്കർ വിചാരധാര(പേജ് 349)യിൽ പറയുന്നു,"...നമ്മുടെ നേതാക്കന്മാർ രാഷ്ട്രത്തിന് പുതിയ പതാക സൃഷ്ടിച്ചിരിക്കുന്നു. എന്തുകൊണ്ട് അവർ അങ്ങനെ ചെയ്തു. എങ്ങോട്ടെന്നില്ലാതെ നീങ്ങുന്നതിനും അനുകരണത്തിനും ഉത്തമോദാഹരണമാണത്. ഈ പതാക പിറവികൊണ്ടതെങ്ങനെയെന്നറിയാമോ. ഫ്രഞ്ച് വിപ്ലവകാലത്ത്, ത്രിവിധാശയങ്ങളായ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയെ പ്രകാശിപ്പിക്കാൻവേണ്ടി അവരുടെ പതാകയിൽ മൂന്ന് ദീർഘഖണ്ഡങ്ങൾ തുന്നിച്ചേർത്തു. ഈ ആശങ്ങളാൽത്തന്നെ പ്രേരിതമായ അമേരിക്കക്കാരും അൽപസ്വൽപം വ്യത്യാസത്തോടെ ഇത് ഏറ്റെടുത്തു. നമ്മുടെ നേതാക്കന്മാർക്കും ഈ ദീർഘ ഖണ്ഡങ്ങളോട് എന്തോ ആകർഷണം തോന്നി. അങ്ങനെ അത്തരം കൊടി കോൺഗ്രസ് സൃഷ്ടിച്ചു. വിവിധ മതക്കാരുടെ ഐക്യത്തെ പ്രതിനിധാനം ചെയ്യുന്നതാണിത്. ഹിന്ദുക്കളെ കുങ്കമനിറവും മുസ്ലീങ്ങളെ പച്ചനിറവും മറ്റെല്ലാവരെയുംകൂടെ വെള്ള നിറവും പ്രതിനിധാനം ചെയ്യുന്നു എന്ന വ്യാഖ്യാനം പുറകേ വന്നു. അഹിന്ദുക്കളായ മറ്റുമതസ്ഥരുടെ കൂട്ടത്തിൽ മുസ്ലീങ്ങളെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. അന്നത്തെ തലമുതിർന്ന നേതാക്കളിൽ മിക്കവരുടെ മനസ്സിലും മുസ്ലീങ്ങൾ പൊങ്ങിനിന്നിരുന്നു. അവരെ പ്രത്യേകമായെടുത്ത് പറയാതെ നമ്മുടെ ദേശീയ നേതൃത്വത്തിന് പൂർണത ലഭിക്കുമെന്ന് അവരാരും കരുതിയില്ല. ഈ വീക്ഷണം വർഗീയമാണെന്ന് ആരോ ചൂണ്ടിക്കാട്ടി. ഉടനെ വേറെ വ്യാഖ്യാനം മുന്നോട്ടുവച്ചു. കുങ്കമം ത്യാഗത്തിന്റെയും വെള്ളനിറം പരിശുദ്ധിയുടെയും പച്ചനിറം ശാന്തിയുടെയും പ്രതീകമാണെന്നായിരുന്നു പുതിയ വ്യാഖ്യാനം. അക്കാലത്ത് നടത്തുന്ന കോൺഗ്രസ് സമ്മേളനങ്ങളിൽ ഈ വ്യാഖ്യാനങ്ങളെല്ലാം ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇത് ശുദ്ധവും ആരോഗ്യകരവുമായ ദേശീയ വീക്ഷണമാണെന്ന് അവകാശപ്പെടാൻ ആർക്ക് സാധിക്കും. രാഷ്ട്രീയമായ നിലനിൽപ്പിനായി രാഷ്ട്രീയക്കാരൻ നടത്തിയ ഓട്ടയടപ്പ് തന്ത്രം മാത്രമായിരുന്നു ഇത്. ദേശീയ ചരിത്രത്തിലെയോ പാരമ്പര്യത്തിലേയോ വസ്തുതകളുടെ അടിസ്ഥാനം അതിലില്ല. ഇന്ന് ഇതേവരെ ചിലചില്ലറ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ട് ഭരണകൂടത്തിന്റെ കൊടി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അത്യന്തം വൈഭവപൂർണ്ണമായ ചരിത്രത്തോടുകൂടിയ പുരാതന രാഷ്ട്രമാണ് നമ്മുടേത്.

(ശേഷം 13–ാം പേജിൽ)

# ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ സമര നേതൃത്വമായി എഐഡിഎസ്ഒ ഉയരുന്നു

ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക, പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് എഐഡിഎസ്ഒ അഖിലേന്ത്യ കമ്മിറ്റി ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികൾ രാജ്യമെമ്പാടും ശക്തിയാർജ്ജിച്ച് വരികയാണ്. സാർവദേശീയ തൊഴിലാളി ദിനമായ മെയ് 1ന് ആരംഭിച്ച, പ്രധാന മന്ത്രിക്ക് സമർപ്പിക്കുന്ന ഭീമഹർജിയിലേക്കുള്ള ഒരു കോടി ഒപ്പ് ശേഖരണം കേരളത്തിലടക്കം 25 സംസ്ഥാനങ്ങളിൽ പൂർത്തിയാക്കി. ഭഗത്സിംഗ് ജന്മദിനമായ സെപ്റ്റംബർ 28ന് രാജ്ഭവൻ മാർച്ചിലൂടെ ഭീമഹർജി ഗർവർണക്ക് കൈമാറി. തുടർന്ന് ഒരു ലക്ഷം എൻഇപി വിരുദ്ധ സമരകമ്മറ്റികൾ രൂപീകരിച്ചു കൊണ്ട് 25 ലക്ഷം സമര സന്നദ്ധരായ വിദ്യാർഥികളെ അണിനിരത്തുവാനുള്ള പ്രവർത്തനം ദേശവ്യാപകമായി ഉജ്ജിതമായി നടന്നു വരികയാണ്.

കേരളത്തിലെ കാമ്പസുകളിൽ ഈ പ്രവർത്തനങ്ങൾക്ക് അധ്യാപകരുടെയും വിദ്യാർഥികളുടെയും ഭാഗത്തുനിന്ന് മികച്ച പിന്തുണയാണ് ലഭിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രത്യാഘാതങ്ങൾ വിദ്യാർഥികളുടെ ഇടയിൽ യാതൊരു വിധത്തിലും ചർച്ചചെയ്യപ്പെടാത്ത സാഹചര്യത്തിലാണ് എഐഡിഎസ്ഒ വിദ്യാർത്ഥികളോട് എൻഇപിയ്ക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമെന്യേ സമര സജ്ജരാകണം എന്ന് അഭ്യർത്ഥിക്കുന്നത്. ഇത് സൃഷ്ടിച്ച രാഷ്ട്രീയമായ അന്തരീക്ഷം കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനെയടക്കം രാഷ്ട്രീയ സംവാദ വേദിയാക്കുന്നതിൽ ഒരളവുവരെ സഹായിച്ചു. വിവിധ കമ്മീഷൻ റിപ്പോർട്ടുകളിലൂടെയും പരിഷ്കരണമെന്ന വ്യാജേനയും ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ നയങ്ങളും ഒരു പരിധിവരെ തുറന്നു കാണിക്കാൻ ഈ പ്രചരണ പരിപാടികളിലൂടെ സാധിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ നിരവധി വിദ്യാർത്ഥി പ്രക്ഷോഭ സമിതികൾക്കു രൂപം കൊടുക്കാനും സാധിച്ചു.

അഖിലേന്ത്യാതലത്തിലും ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ പ്രക്ഷോഭം എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ ശക്തി പ്രാപിക്കുകയാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ പതിമൂവായിരം സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാനും സർക്കാർ സ്കൂളുകളിൽ ഫീസ് ഏർപ്പെടുത്താനുമുള്ള തീരുമാനത്തിനെതിരെ എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭം വിജയം വരിച്ചു.

രാജ്യത്താകെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടപ്പിലാക്കലിനെതിരെ എഐഡിഎസ്ഒ സമരരംഗത്താണ്. അതോടൊപ്പം നിരവധി സംസ്ഥാന, സോണൽ കൺവൻഷനുകളും നടന്നുവരുന്നു. ഗുവാഹത്തിയിൽ നടന്ന നോർത്ത്-ഈസ്റ്റ് സോണൽ കൺവൻഷൻ വളരെ വിജയകരമായിരുന്നു. അതേസമയം, ജനവരി 8ന് ഡൽഹിയിൽ നടത്തേണ്ടിയിരുന്ന സംസ്ഥാന കൺവൻഷൻ പോലീസ് തടയുകയും കൺവൻഷൻ നടത്താൻ വേണ്ടി നിർമ്മിച്ച നേതാജി നഗർ പൊളിച്ചുമാറ്റുകയും ചെയ്തു. കൺവൻഷനിൽ പങ്കെടുക്കാൻ എത്തിയ വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്നേഹികളും പോലീസ് നടപടിയിൽ പ്രതിഷേധിച്ചു.

മാർച്ച് 23, ഭഗത്സിംഗ് രക്തസാക്ഷി ദിനംവരെ എൻഇപി വിരുദ്ധ വിദ്യാർത്ഥിസമിതി രൂപീകരണവുമായി എഐഡിഎസ്ഒ മുന്നോട്ടു പോകുകയാണ്. ■

# യുപി സംസ്ഥാന സെക്രട്ടറി സഖാവ് പുഷ്പേന്ദ്ര വിശ്വകർമ്മയ്ക്ക് വിപ്ലവ പ്രണാമങ്ങൾ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉത്തർപ്രദേശ് സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പുഷ്പേന്ദ്ര വിശ്വകർമ്മ (57) 2022 ഡിസംബർ 7ന് ഒരു വാഹനാപകടത്തിൽ അന്തരിച്ചു. അദ്ദേഹത്തിന്റെ അകാല വിയോഗം പാർട്ടിക്ക് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവ് സഖാവ് ചക്രവർത്തി വിശ്വകർമ്മയിൽനിന്നു പ്രചോദനമുൾക്കൊണ്ട് നമ്മുടെ വിദ്യാർഥി സംഘടനയായ എഐഡിഎസ്ഒയിൽ പ്രവർത്തനം ആരംഭിച്ച സഖാവ് പുഷ്പേന്ദ്ര, മാർക്സിസം ലെനിനിസം സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ ഉത്തർപ്രദേശിൽ വിദ്യാർത്ഥി പ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള ഉത്തരവാദിത്തമേറ്റെടുത്തു. ഉയർന്ന തൊഴിലാളി വർഗ്ഗ സംസ്കാരവും ധാർമ്മികതയും പ്രതിഫലിപ്പിച്ച അദ്ദേഹം പാർട്ടി ഏൽപ്പിച്ച നിരവധി ഉത്തരവാദിത്തങ്ങൾ സസന്തോഷം ഏറ്റെടുത്തു. ചെറുപ്രായത്തിൽത്തന്നെ ഉന്നതമായ കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ആർജിച്ചെടുത്ത അദ്ദേഹം മുൻ യുപി സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് വി.എൻ. സിംഗിന്റെ നിര്യാണത്തോടെ പാർട്ടി സംസ്ഥാന സംഘാടക കമ്മിറ്റി സെക്രട്ടറിയായി ഏകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു. മാർക്സിസ്റ്റ് സാഹിത്യവും പാർട്ടി സിദ്ധാന്തങ്ങളും പഠിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. ഡിസംബർ 9ന് നടന്ന അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ പാർട്ടി കേന്ദ്ര കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അരുൺകുമാർ സിംഗ്, സ്വപൻ ചാറ്റർജി എന്നിവരും യുപി സംസ്ഥാന ഓഫീസ് സെക്രട്ടറി സഖാവ് ജഗന്നാഥ വർമ്മ, ബച്ചൻ അലി, വർഗ്ഗ-ബഹുജന സംഘടനകളുടെ നേതാക്കളും നൂറുകണക്കിന് പാർട്ടി പ്രവർത്തകരും അനുഭാവികളും പങ്കെടുത്തു. അദ്ദേഹത്തോടുള്ള ആദര സൂചകമായി പാർട്ടി ഓഫീസുകളിൽ ഒരാഴ്ച പാർട്ടി പതാക താഴ്ത്തിക്കെട്ടി. ■

# സംഘപരിവാറും സ്വാതന്ത്ര്യസമരവും

(12-ാം പേജിൽ നിന്ന്)

അന്നൊന്നും നമുക്ക് സ്വന്തം പതാക ഉണ്ടായിരുന്നില്ലേ. സംശയാതീതമായും നമുക്ക് ഉണ്ടായിരുന്നു. പിന്നെ, നമ്മുടെ മനസ്സിൽ ഈ വിടവ്, ഈ ശൂന്യത എങ്ങനെ വന്നു. "

ഈ രാഷ്ട്രത്തിന് പുരാതന കാലംമുതലേ സ്വന്തമായി പതാക ഉണ്ട് എന്നാണ് ഗോൾവാൾക്കർ അവകാശപ്പെടുന്നത്. ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനവിഭാഗങ്ങൾ വിവിധ കാലഘട്ടങ്ങളിൽ വിവിധതരം പതാകകൾ ഉപയോഗിച്ചിട്ടുള്ളതാണ് ചരിത്രം. ഇന്ത്യയുടെ ദേശീയ പതാകയാകേണ്ടത് എന്ന് അവർ അവകാശപ്പെടുന്ന 'ഓം, സ്വസ്തിക, ഖഡ്ഗം' ഇവ ആലേഖനം ചെയ്ത കുങ്കുമപതാക ഏതു കാലത്താണ് ഇന്ത്യയെന്ന ഈ വിശാല ഹാജ്യത്തെ ജനങ്ങളുടെയാകെ പതാകയായിട്ടുള്ളത്. ഇന്ത്യയിലെ എല്ലാ പ്രദേശത്തെയും ജനങ്ങൾ ഉപയോഗിച്ചിട്ടുള്ള ഒരു പൊതുവായ പതാക ദേശീയ പ്രസ്ഥാനത്തിന് മുമ്പ് നമുക്ക് ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യയുടെ ജനാധിപത്യ ഭരണഘടനയെ സംബന്ധിച്ച് ഗോൾവാൾക്കർ വിചാരധാര(പേജ് 350) യിൽ പറയുന്നു, " നമ്മുടെ ഭരണഘടനതന്നെയും ഇങ്ങനെ ക്ലിഷ്ടവും ഭിന്നാത്മകവുമായ വിവിധ തുണ്ടുകൾ ചേർത്തുണ്ടാക്കിയതാണ്. പാശ്ചാത്യ നാടുകളുടെ ഭരണഘടനകളിലെ വിവിധ വകുപ്പുകൾ എടുത്തു ചേർത്താണ് അത് ഉണ്ടാക്കിയത്. അതിൽ നമ്മുടേത് എന്നു പറയാവുന്ന ഒന്നുമില്ല. നമ്മുടെ ദേശീയ ദൗത്യത്തെക്കുറിച്ചോ, നമ്മുടെ ജീവിതത്തിലെ മുഖ്യാദർശത്തെപ്പറ്റിയോ ഒരു സൂചന പോലും അതിന്റെ നിർദ്ദേശക തത്വങ്ങളിൽ എങ്ങുമില്ല. ഐക്യരാഷ്ട്ര സമിതിയുടെയും മുമ്പത്തെ സർവരാഷ്ട്ര സമിതിയുടെയും പ്രമാണങ്ങളിലെ ചില മുടന്തൻ തത്വങ്ങളും അമേരിക്കയിലെയും ബ്രിട്ടനിലെയും ഭരണഘടനകളിലെ ചില പ്രത്യേകതകളും കൂട്ടിച്ചേർത്തുണ്ടാക്കിയ വികൃത സൃഷ്ടിയാണത്." ദേശീയ പതാകയെയും ഭരണഘടനയെയും പരാമർശിക്കുമ്പോൾ ഉള്ള പ്രകടമായ പുച്ഛവും പരിഹാസവും ശ്രദ്ധേയമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ജനാധിപത്യ ആദർശങ്ങളെ സ്വീകരിക്കേണ്ടിവരുന്നതിലെ അസഹിഷ്ണുത തുറന്നുപറയാൻ അദ്ദേഹത്തിന് ഒരു മടിയുമില്ല. ജനാധിപത്യത്തോടുള്ള ഈ അനാദരവ് നിറഞ്ഞ സമീപനം തന്നെയാണ് ഭരണഘടനയോടുള്ള അവരുടെ അനാദരവിനും കാരണം. ഇതിലെ ആശയങ്ങൾ പാശ്ചാത്യമാണ് എന്നതാണ് അദ്ദേഹത്തിന്റെ വിമർശനം. ജനാധിപത്യ ആദർശങ്ങൾ ആവിർഭവിച്ചത് പാശ്ചാത്യ രാജ്യങ്ങളിലാണ് എന്നതുകൊണ്ട് അത് സ്വീകാര്യമാകേണ്ടതില്ല എന്ന് അവർ കരുതുന്നുണ്ടാകണം. എന്നാൽ അവർ സ്വീകരിച്ചിട്ടുള്ള ആധുനിക ജീവിതത്തിലെ സമസ്ത കാര്യങ്ങളും പാശ്ചാത്യമോ വൈദേശികമോ ആണെന്നിരിക്കെ ആ പുച്ഛത്തിന്റെ സാംഗത്യം എന്താണ്. ഈ ഭരണഘടനയുടെ പരിമിതിയായി അദ്ദേഹം പറയുന്നത് അതിൽ ഭാരതീയമായി യാതൊന്നും ഇല്ല എന്നതാണ്. ഗോത്രകാലഘട്ടത്തിലെ സാമൂഹ്യ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന മനുസ്മൃതിയിലെയും ശാങ്കരസ്മൃതിയിലെയും മറ്റും ആശയങ്ങൾ ഇതിൽ ഇല്ല എന്നതാണ് പ്രശ്നം. 1939 നവംബർ30ലെ 'ഓർഗനൈസർ' എന്ന ആർഎസ്എസ് പ്രസിദ്ധീകരണത്തിൽ പറയുന്നു, " എന്നാൽ നമ്മുടെ ഭരണഘടനയിൽ പ്രാചീനഭാരതത്തിലെ അതുല്യമായ ഭരണഘടനാവികാസത്തെക്കുറിച്ച് പരാമർശമൊന്നും ഇല്ല. സ്പാർട്ടയിലെ ലിക്കർ ഗസിനും പേർഷ്യയിലെ സോലോണിനും വളരെ മുമ്പാണ് മനുവിന്റെ നിയമങ്ങൾ എഴുതപ്പെട്ടത്. ഇന്നും ആ നിയമങ്ങൾ ലോകത്തിന്റെ ആഹ്ലാദത്തിനും ആദരവിനും പാത്രീഭവിക്കുകയും സ്വാഭാവികമായ അനുസരണയും യുക്തതയും ഉളവാക്കുകയും ചെയ്യുന്നു." (ഷംസുൾ ഇസ്ലാം, Know the RSS)

ആധുനിക ജീവിതത്തെ നിർണയിക്കാനും നിയന്ത്രിക്കാനും പ്രാചീനനിയമങ്ങൾ ഉൾപ്പെടുത്തിയില്ല എന്നതാണ് ആർഎസ്എസിന്റെ പരിഭവം. സമത്വം എന്നത് സങ്കൽപ്പിക്കാനാകാത്ത കാലത്ത് നിലനിന്നിരുന്ന സ്മൃതികളിലെയും ശ്രുതികളിലെയും വ്യവസ്ഥകളെ പരിഗണിക്കാനാകാത്തവിധം ആധുനിക സമൂഹം വളർന്നതിനാലാണ് ഇന്ത്യയുടെ ജനാധിപത്യ ഭരണഘടനാ നിർമ്മാണ സഭയുടെ പരിഗണനയിൽപ്പോലും അതൊന്നും വരാതിരുന്നത്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം അനുവദിക്കരുതെന്നും ശൂദ്രന് അക്ഷരം നിഷേധിക്കണം എന്നും വേദം ഉച്ചരിക്കുന്ന ശൂദ്രന്റെ നാക്ക് അറുക്കണമെന്നും വേദം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണമെന്നുമൊക്കെ അനുശാസിക്കുന്ന നിയമസംഹിതകളാണ് സംഘപരിവാറിന്റെ മാതൃകാഭരണഘടന!

മഹാകവി രവീന്ദ്രനാഥ ടാഗോർ രചിച്ച ദേശീയ ഗാനമല്ല, വന്ദേ മാതരമാണ് അവരുടെ ദേശീയ ഗാനം. മഹാത്മാഗാന്ധിയല്ല; സവർക്കറാണ് അവരുടെ രാഷ്ട്രപിതാവ്. ജനാധിപത്യ മതേതര ഉള്ളടക്കമുള്ള സകലതിനെയും എതിർക്കുകയും ഫ്യൂഡൽ മൂല്യങ്ങളുള്ള സകലതിനെയും സ്വാംശീകരിക്കുകയും ചെയ്യുക! ഇന്ത്യ ഇന്നു കാണുന്നതുപോലെ ഒരു ഏകോപിത രാഷ്ട്രമാകണമെന്ന താൽപര്യംപോലും ഹിന്ദുത്വവാദികൾക്ക് ഉണ്ടായിരുന്നില്ല. മുസ്ലീങ്ങൾ പാകിസ്ഥാൻ വാദം ഉന്നയിച്ച് പിളർന്നു മാറുമ്പോൾ സ്വാഭാവികമായും അവശേഷിക്കുന്ന ഇന്ത്യ ഹിന്ദുരാഷ്ട്രമാകണമെന്ന 'യുക്തി' ഗാന്ധി, നെഹ്റു തുടങ്ങിയ നേതാക്കളുടെ നിലപാടുമൂലം പരാജയപ്പെട്ടപ്പോൾ നാട്ടുരാജ്യങ്ങളുടെ സ്വയംഭരണാധികാരം നിലനിർത്തി മതേതര ജനാധിപത്യ രാജ്യം സൃഷ്ടിക്കപ്പെടുന്നത് ഒഴിവാക്കണമെന്ന് സവർക്കറും കൂട്ടരും ആഗ്രഹിച്ചു. ബ്രിട്ടൻ ഭരണം ഒഴിഞ്ഞ് പിന്മാറുമ്പോൾ, ഹിന്ദുക്കളായ തങ്ങൾക്ക് ഭരണം ലഭിക്കുന്നില്ല എങ്കിൽ മുമ്പുള്ള നാട്ടുരാജ്യങ്ങളിലേയ്ക്ക് മടങ്ങണം എന്നതായിരുന്നു അവരുടെ താൽപര്യം. അതിനുവേണ്ടിയുള്ള ശ്രമമാണ് സ്വതന്ത്ര തിരുവിതാംകൂറിനും സ്വതന്ത്ര കാശ്മീരിനും പിന്തുണ നൽകിക്കൊണ്ട് ഇന്ത്യൻ യൂണിയനെ തകർക്കാൻ സവർക്കർ നടത്തിയ നീക്കങ്ങൾ. അതുകൊണ്ട് യഥാർത്ഥ ചരിത്രം ഇനിയും നാട് തിരിച്ചറിയേണ്ടിയിരിക്കുന്നു. സംഘപരിവാർ ശക്തികൾക്ക് ആധുനിക ഇന്ത്യ രൂപപ്പെടുത്തി യതിൽ ഒരു പങ്കുമില്ല. ബ്രിട്ടീഷുകാ രിൽനിന്നുള്ള മോചനം അവർ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. അതിനുവേണ്ടി പോരാടിയിട്ടുമില്ല. മറിച്ച് അതിനെയെല്ലാം തുരങ്കം വയ്ക്കുകയാണ് ചെയ്തത്. ■

(അവസാനിച്ചു)

## സൈദ്ധാന്തിക പാഠങ്ങൾ

# വൈരുദ്ധ്യാത്മക രീതിശാസ്ത്രമാണ് മാർക്സിസമെന്ന സയൻസ്

**ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് നവംബർ വിപ്ലവത്തിന്റെ 54 –ാം വാർഷികാചരണവേളയിൽ 1971 നവംബർ 16ന് നടത്തിയ പ്രഭാഷണത്തിന്റെ മൂന്നാംഭാഗം പ്രസിദ്ധീകരിക്കുകയാണ്. വരും ലക്കങ്ങളിൽ തുടരും.**

നവംബർ വിപ്ലവത്തിന്റെ പ്രധാനപ്പെട്ട പാഠങ്ങളും ലെനിന്റെ പാഠങ്ങളുമൊക്കെ പുസ്തകങ്ങളിലുണ്ട്. ആർക്കും ഇത് കാണാപ്പാഠം പഠിക്കാനും ആവർത്തിക്കാനും കഴിയും. മാർക്സിസ്റ്റ് – ലെനിസ്റ്റുകളെന്ന് സ്വയം വിളിക്കുന്ന പാർട്ടികൾക്കെല്ലാം ഈ പാഠങ്ങൾ അറിയാവുന്നതാണ്. ഏറെക്കുറെ കാര്യങ്ങൾ അറിയാവുന്നവർക്കും പുസ്തകങ്ങൾ വായിച്ചവർക്കും ലെനിന്റെ വാക്കുകൾ ആവർത്തിക്കാൻ കഴിയും. ഇതൊക്കെ അറിയേണ്ടതുതന്നെ. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതൊക്കെ എല്ലാവരെയും പഠിപ്പിക്കണമെന്ന് നിസ്സംശയമായും പറയാം. ഇതൊന്നും അറിയില്ലെങ്കിൽ, ചരിത്രത്തെക്കുറിച്ചുള്ള പ്രാഥമിക വിജ്ഞാനം ഇല്ലെങ്കിൽ, എങ്ങനെയാണ് ഇന്ന് വിപ്ലവ പ്രവർത്തകർക്ക് ജനങ്ങളെ ആകർഷിക്കുവാൻ കഴിയുക?

ഞാൻ ഊന്നി പറയാൻ ആഗ്രഹിക്കുന്ന കാര്യം, ഒരു പാർട്ടി യഥാർത്ഥത്തിൽ മാർക്സിസ്റ്റ് ആണോ, മാർക്സിസത്തെക്കുറിച്ച് ആ പാർട്ടിക്കുള്ള ധാരണകളും ചിന്തയും സിദ്ധാന്തങ്ങളും ശരിയോ തെറ്റോ എന്നത്, നേതാക്കന്മാർക്കും അണികൾക്കും ഈ പാഠങ്ങൾ അതേപടി ആവർത്തിച്ച് പറയാൻ കഴിയുന്നുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ച് വിലയിരുത്താൻ കഴിയില്ല എന്നതാണ്. മാർക്സിസം – ലെനിനിസത്തിന്റെ പേരിൽ നമ്മുടെ രാജ്യത്ത് ആ വലിയ പാർട്ടികൾ രൂപീകരിച്ചതിനുശേഷം എത്ര വർഷങ്ങൾ കഴിഞ്ഞെന്ന് ഒന്ന് ആലോചിച്ചു നോക്കുക. അവരുടെ നേതൃത്വത്തിൽ എത്ര സമരങ്ങൾ നടത്തിയിട്ടുണ്ട്? പക്ഷേ അതുകൊണ്ട് എന്ത് ഫലം ലഭിച്ചു? വിപ്ലവം സംഘടിപ്പിക്കുന്നതിൽ അവർ വിജയിച്ചെന്നോ, അല്ലെങ്കിൽ വിപ്ലവപാതയിൽ അവർ എത്രമാത്രം മുന്നേറിയിട്ടുണ്ടെന്നോ ഉള്ള ചോദ്യമല്ല ഞാൻ ഉന്നയിക്കുന്നത്. വിപ്ലവം പൂർത്തീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല എന്നതുകൊണ്ടു മാത്രം അവരുടെ വിപ്ലവ സിദ്ധാന്തവും ചിന്തയും തെറ്റാണെന്ന് തെളിയിക്കപ്പെടുന്നില്ല. കാരണം ചിന്താഗതി ശരിയായതുകൊണ്ട് മാത്രം സ്വയമേവ വിപ്ലവം ഉണ്ടാവുകയില്ല. ശരിയായ ഗതിയിൽ വിപ്ലവത്തിലേക്ക് മുന്നേറാനുള്ള ഉദ്യമം ഒന്നു മാത്രമല്ല സമൂഹത്തിൽ പ്രവർത്തിക്കുന്ന ശക്തി.

വിപ്ലവത്തിന് അനുകൂലമായി പ്രവർത്തിക്കുന്ന ശക്തികൾ സമൂഹത്തിൽ ഉണ്ടെന്നതുപോലെ വിപ്ലവത്തെ തടസ്സപ്പെടുത്തുന്ന, വിപ്ലവത്തിനെതിരെ ഏതെങ്കിലും രീതിയിൽ സദാ പ്രവർത്തിക്കുന്ന ശക്തികളും സമൂഹത്തിലെ ഏതൊരു അവസ്ഥയിലും ഉണ്ടാകും. വിപ്ലവത്തിന് എതിരെ നിൽക്കുന്ന ഈ ശക്തികളും സമൂഹത്തിന്റെ അവസ്ഥയും ഒരു പ്രത്യേക സമയത്ത് എത്രമാത്രം ശക്തമായി പ്രവർത്തിക്കുന്നു എന്നത് പരിഗണിക്കേണ്ടതുണ്ട്. ശരിയായ വിപ്ലവ സിദ്ധാന്തവും അടവുകളും സ്വായത്തമാണെങ്കിൽ സ്വയമേവ സംഘടന വളരുകയും വിപ്ലവം പൂർത്തീകരിക്കപ്പെടുകയും ചെയ്യുമെന്നത് ശരിയാണെങ്കിൽ മാർക്സിനുതന്നെ തന്റെ രാജ്യത്ത് വിപ്ലവം നടത്താൻ കഴിയുമായിരുന്നു. അങ്ങിനെയായിരുന്നെങ്കിൽ ശരിയായ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, ശരിയായ മാർഗത്തിൽ സമരത്തിൽ ഏർപ്പെട്ട ഒരു അതികായനായ വിപ്ലവകാരി തന്റെ ജീവിതകാലത്ത് പരാജയം അഭിമുഖീകരിക്കേണ്ട ഒരു സംഭവം ചരിത്രത്തിൽ ഉണ്ടാകുമായിരുന്നില്ല. ഇതുപോലുള്ള ആശയങ്ങളെല്ലാം തികച്ചും ബാലിശമാണ്. വിപ്ലവ സിദ്ധാന്തം ശരിയാണെങ്കിൽ പോലും അതിനെ ആശ്രയിച്ച് മാത്രമല്ല വിപ്ലവം ദ്രുതഗതിയിലാണോ മന്ദഗതിയിലാണോ സംഭവിക്കുക എന്ന കാര്യം നിർണയിക്കപ്പെടുന്നത് എന്ന കാര്യം സിദ്ധാന്തം ശരിയായി ഉൾക്കൊള്ളുന്ന ഏവർക്കും മനസ്സിലാകും.

ഞാൻ പറയുന്ന കാര്യം ഇതല്ല. എന്റെ ചോദ്യം, ഈ വലിയ പാർട്ടികൾ രൂപീകരിക്കപ്പെട്ടതിന്റെ അടിസ്ഥാന ധാരണകളെ സംബന്ധിച്ചതാണ്. ഇത്തരത്തിലുള്ള പാർട്ടികളുടെ സ്ഥാപകരുടെ ധാരണകളും അവർ അനുവർത്തിച്ച പാർട്ടി രൂപീകരണ പ്രക്രിയയും ലെനിനിസത്തിന് നിരക്കുന്നതാണോ? ഇന്ത്യയിലെ പ്രത്യേക സാഹചര്യത്തെക്കുറിച്ചുള്ള അവരുടെ വിശകലനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വിപ്ലവ ഘട്ടത്തെ നിർണയിച്ചതും മാർക്സിസം-ലെനിനിസത്തിന് നിരക്കുന്ന രീതിയിലാണോ? ഇതാണ് അടിസ്ഥാനപരമായ ചോദ്യം. ഈ വിശകലനങ്ങൾ എല്ലാം ശരിയാണെന്നും എന്നിട്ടുപോലും വിപ്ലവത്തിന്റെ കടമകൾ നിറവേറ്റുന്നതിൽ മുന്നേറാൻ അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടു എന്നും കരുതുക. അങ്ങനെയെങ്കിൽ അതിന്റെ അർത്ഥം സിദ്ധാന്തവും പ്രവർത്തന പദ്ധതിയും ശരിയായിട്ടുപോലും പ്രതികൂല സാഹചര്യമാണ് അവർക്ക് തടസ്സം ഉണ്ടാക്കിയത് എന്നതാണ്. അങ്ങനെയാണെങ്കിൽ വിപ്ലവ പ്രസ്ഥാനത്തിന്റെ മുന്നേറ്റം ത്വരിതപ്പെടുത്താൻ സാഹചര്യത്തെ മറികടക്കാനായി ഏത് രീതിയിൽ എത്രമാത്രം സമരം ശക്തിപ്പെടുത്തണം എന്നതാവും ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. പക്ഷേ ഇവിടെ പ്രസക്തമായ വിഷയം അതല്ല.

അന്തർദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അംഗീകാരം അനുഭവിച്ചുകൊണ്ടും, അന്ന് ഉണ്ടായിരുന്ന, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ലോകവ്യാപകമായ പ്രതാപം ഉപയോഗപ്പെടുത്തിയും ആണ് സിപിഐയും, പിന്നീട് സിപിഐ(എം), സിപിഐ(എംഎൽ) പോലുള്ള പാർട്ടികളും ഈ രാജ്യത്ത് രൂപീകരിക്കപ്പെട്ടത്. മോചനം കാംക്ഷിക്കുന്ന ജനങ്ങളുടെ മനസ്സിൽ മാർക്സിസം- ലെനിനിസത്തോട് സ്വാഭാവികമായി ഉണ്ടാകുന്ന അപ്രതിരോധ്യമായ ആകർഷണംമൂലവും നേതാക്കന്മാരുടെ മാർക്സിസം- ലെനിനിസത്തെകുറിച്ചുള്ള പ്രസംഗങ്ങൾ ശ്രവിച്ചും അവർ വൻതോതിൽ ഈ പാർട്ടികൾക്ക് പിന്നിൽ അണിനിരന്നു. ഒരു പാർട്ടി ഒരിക്കൽ വളർന്നു വലുതായാൽ അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഇടയിൽ ആ പാർട്ടിയോട് ഒരു അനുകൂല സമീപനം വികസിച്ചു വരുന്നത് നിങ്ങൾക്ക് കാണാം. പാർട്ടി നേതൃത്വം ശരിയാണെങ്കിലും അല്ലെങ്കിലും പാർട്ടി വലുതാണെന്ന കാരണം കൊണ്ടുമാത്രം ജനങ്ങൾ സ്വാധീനിക്കപ്പെടുന്നു. അവരുടെ മനസ്സും ചിന്താപ്രക്രിയയും മാറ്റത്തിന് വിധേയമാകുന്നു. പിന്നീട് മറ്റെന്തെങ്കിലും കാര്യം വിലയിരുത്തുകയോ പരിശോധിക്കുകയോ ചെയ്യുക എന്നത് അവരുടെ ആവശ്യകത അല്ലാതാകുന്നു. സമരങ്ങളിൽ അവർ തങ്ങളുടെ ജീവൻ വെടിയാൻപോലും തയ്യാറാകുന്നു. പക്ഷേ, അവർക്ക് ഏതെങ്കിലും ചർച്ചയിലോ വിശകലനത്തിലോ ഏർപ്പെടാൻ താല്പര്യമില്ല. എപ്പോഴെങ്കിലും അവർ ചർച്ചയിലോ വിശകലനത്തിലോ ഏർപ്പെടുകയാണെങ്കിൽ, അവരുടെ വിശകലന രീതി വ്യക്തിനിഷ്ഠമായി മാറുന്നു. കാരണം അവർ കൂറുപുലർത്തുന്ന പാർട്ടി മാർക്സിസം–ലെനിനിസത്തിന്റെ പേരിൽ അതിന് വിരുദ്ധമായ ചിന്താപ്രക്രിയയെ പരിപാലിക്കുകയും വിശകലന പദ്ധതി പിന്തുടരുകയും ചെയ്യുന്നു. ഈ പാർട്ടികളുടെ പ്രവർത്തകരുടെയും അവരുടെ സ്വാധീനത്തിലുള്ള ജനങ്ങളുടെയും ചിന്താ പ്രക്രിയയും വിശകലന രീതിയും മാർക്സിസത്തിന് നിരക്കാത്തതാണെന്നതിനാൽ അവർ എത്തിച്ചേരുന്ന നിഗമനങ്ങൾ, സാമൂഹ്യ മാറ്റത്തെ നിയന്ത്രിക്കുന്ന ശാസ്ത്രീയ നിയമങ്ങളുടെ വെളിച്ചത്തിൽ അടിസ്ഥാനരഹിതവും സാങ്കല്പികവുമായി മാറുന്നു. പിന്നീട് ഇതേ ആളുകൾ തന്നെ, അവരുടെ പരിശ്രമങ്ങൾ വൃഥാവിലായെന്ന് മനസ്സിലാക്കുമ്പോൾ നിരാശരാവുകയും താൽക്കാലികമായിട്ടാണെങ്കിലും സമരങ്ങളോട് വിമുഖത കാട്ടുകയും ചെയ്യുന്നു.

അതുകൊണ്ട് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്, സിദ്ധാന്തം ശരിയാണെങ്കിൽപോലും അതിന് മൂർത്തമായ രൂപം നൽകാൻ ആവശ്യമായ സംഘടനാബലം കൈവരിക്കാൻ പലവിധ കാരണങ്ങളാൽ കഴിയാതെ പോവുകയും വിപ്ലവം അപ്രാപ്യമാവുകയും ചെയ്യുന്നു എന്നതാണ്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പദാവലികൾ ഉരുവിടുന്ന ഒരു പാർട്ടി അനുകൂലമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗണ്യമായ ശക്തി കൈവരിക്കുകയും വലിയൊരു പാർട്ടിയായി മാറുകയും ചെയ്താലും, അതിന്റെ സിദ്ധാന്തവും ചിന്താപ്രക്രിയയും വിശകലന രീതിയും തെറ്റാണെങ്കിൽ, അതിന്റെ സംഘടനാ ശക്തികൊണ്ടു മാത്രം വിപ്ലവം സംഘടിപ്പിക്കാൻ സാധ്യമാവുകയില്ല. വിപ്ലവം അങ്ങനെ ഉണ്ടാകില്ല. അത് അത്ര ലളിതമായ കാര്യമല്ല.

*(അടുത്ത ലക്കത്തിൽ തുടരും)*

## കശുവണ്ടി തൊഴിലാളി സെന്റർ സമര പ്രഖ്യാപന കൺവൻഷൻ നടത്തി

അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കുക, കോർപറേഷൻ, ക്യാപക്സ് ഫാക്ടറികളിൽ വർഷം മുഴുവൻ ജോലി ഉറപ്പാക്കുക, വ്യാപകമായ തൊഴിൽ നിയമലംഘനങ്ങൾ തടയാൻ കർശന നടപടി സ്വീകരിക്കുക, കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കശുവണ്ടി തൊഴിലാളി സെന്റർ (എഐയുടിയുസി)യുടെ ആഭിമുഖ്യത്തിൽ കൊല്ലത്ത് സമര പ്രഖ്യാപന കൺവൻഷൻ നടന്നു. ചിന്നക്കട ശ്രീകണ്ഠൻ നായർ സ്മാരക ഹാളിൽ ചേർന്ന കൺവൻഷൻ യൂണിയൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കാൻ നീണ്ടുനിൽക്കുന്ന ശക്തമായ പ്രക്ഷോഭണങ്ങൾക്ക് തൊഴിലാളികൾ തയ്യാറാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമൂലം ഇഎസ്ഐ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന തൊഴിലാളികൾക്ക് അത് ലഭ്യമാക്കുവാൻ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുകയാണ് വേണ്ടത്. അതിനുപകരം കോടതി വ്യവഹാരങ്ങളുമായി പോകുമെന്ന് പറയുന്ന ട്രേഡ് യൂണിയനുകളും തൊഴിലുടമകളും തൊഴിലാളികളുടെ കണ്ണിൽ പൊടിയിടുകയാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി എസ്. രാധാകൃഷ്ണൻ സമരപ്രഖ്യാപനം നടത്തി. എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് ഷൈല കെ. ജോൺ ആശംസ അറിയിച്ചു. യൂണിയൻ ജില്ലാ സെക്രട്ടറി ബി.വിനോദിന്റെ അധ്യക്ഷത വഹിച്ചു. ബി.രാമചന്ദ്രൻ സ്വാഗതവും കെ. ഹരിദാസൻ നന്ദിയും പറഞ്ഞു. ജനുവരി 25ന് കളക്ടേറ്റ് മാർച്ചും ജില്ലാതല പ്രചാരണ ജാഥയും നടത്താൻ കൺവൻഷൻ തീരുമാനിച്ചു. ■

**സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണം...**




കോട്ടയം ജില്ലയിലെ കൂവപ്പള്ളിയിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദിആചരണപൊതുയോഗത്തിൽഎസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാസെക്രട്ടറി മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

▸ കെ റെയിൽ സിൽവർ ലൈൻ പദ്ധതി പിൻവലിച്ച് ഉടൻ ഉത്തരവിറക്കുക ▸ സമരം ചെയ്ത ജനങ്ങൾക്കുമേൽ ചുമത്തിയ കള്ളക്കേസുകൾ പിൻവലിക്കുക

# ഒരു കോടി ഒപ്പുകളോടെ മുഖ്യമന്ത്രിക്കും കേന്ദ്ര റയിൽവേ മന്ത്രിക്കും ഭീമഹർജി സമർപ്പിക്കുന്നു

കേരളത്തിന്റെ ഭൂപ്രകൃതിക്കും ജനസാന്ദ്രതയ്ക്കും തീർത്തും നിരക്കാത്ത പദ്ധതിയാണ് സിൽവർ ലൈൻ എന്നത് വ്യക്തമായിട്ടും, കേന്ദ്ര സർക്കാരോ ഇന്ത്യൻ റയിൽവേ ബോർഡോ അനുമതി നൽകിയിട്ടില്ല എന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടും ജനങ്ങളുടെ യാത്രയ്ക്ക് അശേഷം ഉപകരിക്കില്ല എന്നത് നിസ്തർക്കം സ്ഥാപിക്കപ്പെട്ടിട്ടും സംസ്ഥാന സർക്കാർ പദ്ധതി പിൻവലിക്കാത്തതിൽ ജനരോഷം പുകയുകയാണ്. പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നേരിട്ട് സംസാരിക്കുന്നു; വായ്പയ്ക്കായി പുതിയ ധനകാര്യ ഏജൻസികളെ കണ്ടെത്താൻ നീക്കം നടത്തുന്നു, കർണ്ണാടക സർക്കാരിന്റെ പിന്തുണ തേടുന്നു എന്നൊക്കെയാണ് പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ.

ജനങ്ങളെ സംബന്ധിച്ചിടത്തോളം വായ്പയുടെയോ കേന്ദ്ര അനുമതിയോ അല്ല പ്രശ്നം. മറിച്ച് പദ്ധതി കേരളത്തിന്റെ സർവനാശത്തിന് ഇടവരുത്തും എന്ന യാഥാർത്ഥ്യമാണ് ജനങ്ങളുടെ പ്രതിഷേധത്തിനും പ്രക്ഷോഭത്തിനും ആധാരം. പദ്ധതി പിൻവലിച്ച് ഉത്തരവിറക്കേണ്ടത് നിർദ്ദിഷ്ട പദ്ധതിയുടെ അലൈൻമെന്റിനുള്ളിൽ വരുന്ന സർവ്വേ നമ്പരുകളിലെ ഭൂമിയിൻമേലുള്ള നിരുപാധികമായ അവകാശം ഉടമസ്ഥർക്ക് തിരികെ ലഭിക്കുന്നതിന് അടിയന്തരമായ ആവശ്യകതയാണ്. അല്ലാത്തപക്ഷം ഭൂമിയുടെ ക്രയവിക്രയം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെയൊക്കെ പ്രതികൂലമായി ബാധിക്കും. ഇതിനകം നിരവധി പ്രശ്നങ്ങൾ ഈ വിധത്തിൽ ഉയർത്തപ്പെട്ടു കഴിഞ്ഞു. ശബരി റയിൽപാത, സീപോർട്ട് എയർപോർട്ട് റോഡ്, നിലമ്പൂർ ഹൈവേ തുടങ്ങി, ഇട്ടുതല്ലപ്പെട്ടു പോയ പദ്ധതികളുടെപേരിൽ മരവിപ്പിക്കപ്പെട്ട ഭൂമിയിൻമേൽ ഉടമസ്ഥാവകാശം നഷ്ടപ്പെട്ട ജനങ്ങളുടെ യാതനകൾ ഉദാഹരണമായി നമ്മുടെ മുന്നിൽ ഇപ്പോഴുമുണ്ട്.

യാതൊരു വിധ അനുമതിയും ഇനിയും ലഭ്യമായിട്ടില്ലാത്തതും കുറ്റമറ്റ ഒരു ഡി പി ആർ പോലും തയ്യാറാക്കപ്പെട്ടിട്ടില്ലാത്തതും കേരള ഹൈക്കോടതിയുടെ നിശിതവിമർശനത്തിന് ഇടയാക്കപ്പെട്ടതുമായ സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ മാനദണ്ഡങ്ങളെയും ജനാധിപത്യ മര്യാദകളെയും കാറ്റിൽപ്പറത്തിക്കൊണ്ടാണ് സർക്കാർ ഇറങ്ങിത്തിരിച്ചത്. കിടപ്പാടം സംരക്ഷിക്കാൻ പൊരുതിനിന്ന നിസ്സഹായരായ ജനങ്ങളെ വലിച്ചിഴച്ചും തല്ലിയൊതുക്കാൻ ശ്രമിച്ചും പോലീസ് വീര്യം കാട്ടി. സ്ത്രീകളെയും കുട്ടികളെയും രോഗികളെയും വൃദ്ധരെയും ഒന്നും വെറുതെ വിട്ടില്ല. കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ചെങ്ങന്നൂർ മേഖലാ കമ്മിറ്റിയംഗം സിന്ധു ജയിംസിനെ ഇരുട്ടിലടച്ചു. മാടപ്പള്ളിയിൽ കുഞ്ഞിനോടൊപ്പം സ്വന്തം പുരയിടത്തിലെ കൈയാലയിലിരുന്ന റോസ്‌ലിൻ ഫിലിപ്പിനെ പുരുഷൻമാരായ പോലീസുകാർ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നിരത്തിലൂടെ വലിച്ചിഴച്ചു. ആഭ്യന്തര മന്ത്രി കൂടെയായ മുഖ്യമന്ത്രി ഈ സംഭവങ്ങളിൽ ഖേദ പ്രകടനം നടത്തുകയോ, വീടുകയറി റോസ്‌ലിനെ ആക്രമിച്ച, കുഞ്ഞിനെ മാനസികമായും ശാരീരികമായും പീഡിപ്പിച്ച പോലീസുകാർക്കെതിരെ നടപടി എടുക്കുകയോ ചെയ്തില്ല എന്ന മാത്രമല്ല ബാലാവകാശ നിയമപ്രകാരം റോസ് ലിനെതിരെ കേസെടുത്തു. ആറു കണക്കിന് കേസുകളാണ് സംസ്ഥാനത്തുടനീളം സമരം ചെയ്ത ജനങ്ങൾക്കുമേൽ ചുമത്തിയിട്ടുള്ളത്. ഈ കേസുകളെല്ലാം നിരുപാധികം പിൻവലിക്കണം. ഒപ്പം അകാരണമായി സ്ത്രീകളും വയോധികരും ഉൾപ്പെടെയുള്ള ജനങ്ങളുടെ വീട്ടു കയറി ആക്രമിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുകയും വേണം.



ഒരുകോടി ഒപ്പുശേഖരണത്തിന്റെ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം കല്ലമ്പലത്ത് നടന്ന പ്രകടനം.




കേന്ദ്രറെയിൽവേ മന്ത്രിക്കും മുഖ്യമന്ത്രിക്കും സമർപ്പിക്കുന്ന ഭീമഹർജിയിലേയ്ക്കുള്ള ഒപ്പുശേഖരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഐതിഹാസികമായ കർഷകസമരത്തിന്റെ നേതാവ് രാകേഷ് ടിക്കായത്ത് കോഴിക്കോട് കാട്ടിലപ്പീടികയിലെ സമരപ്പന്തലിൽ നിർവഹിക്കുന്നു.

## വായ്പാഭാരം ജനങ്ങൾക്ക് താങ്ങാനാവില്ല

സിൽവർ ലൈൻ പദ്ധതി വരുത്തിവയ്ക്കുന്ന കടക്കെണിയുടെ ഭാരം ജനങ്ങൾക്ക് താങ്ങാനാകില്ല. ഇപ്പോൾ തന്നെ ഭീമമായ കടക്കെണി ജനങ്ങളുടെ നട്ടെല്ലൊടിക്കുകയാണ്. ജനങ്ങളെ ജാമ്യം നിർത്തി, വികസന പദ്ധതികൾക്ക് എന്ന പേരിൽ, സർക്കാരുകൾ വായ്പയെടുത്തതുവഴി ആളോഹരി കടം ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തോളമായി പെരുകിയിരിക്കുന്നു. വായ്പ നൽകിയ ധനകാര്യ ഏജൻസികൾ പകരം പിടുങ്ങിയത് അന്തസ്സോടെ ജീവിക്കുവാനുള്ള ജനങ്ങളുടെ അവകാശമാണ്. ആഗോളവത്ക്കരണ നയങ്ങളുടെ ഭാഗമായി ലോകബാങ്കിനും ഇതര ധനകാര്യ ഏജൻസികൾക്കുംവേണ്ടി അഡ്മിനിസ്ട്രേഷനെ മെലിയിച്ചെടുക്കുന്ന മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം അഥവാ എംജിപി നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധരായി രിക്കുന്ന സർക്കാരുകൾ പ്രഖ്യാപിതവും അപ്രഖ്യാപിതവുമായി സർക്കാർ തസ്തികകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയമന നിരോധനംമൂലം തൊഴിലില്ലായ്മ അതീവ രൂക്ഷമായിരിക്കുന്നു. തൊഴിലുതേടി ചെറുപ്പക്കാർ നാടുവിടുന്നു. ആത്മഹത്യയിൽ അഭയം തേടുകയും ക്വട്ടേഷൻ, മയക്കമരുന്ന വ്യാപാരം തുടങ്ങിയ അധമവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്ന ചെറുപ്പക്കാരുടെ എണ്ണം പെരുകുന്നു. ആഗോളവത്ക്കരണ നയങ്ങളുടെ പിടിയിലമർന്ന കഴിഞ്ഞപ്പോൾ വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളും സേവനമല്ലാതായി. അവയെല്ലാം ജനങ്ങൾ കാശുമുടക്കി വാങ്ങേണ്ടുന്ന ചരക്കായി. കുടിവെള്ളവും വൈദ്യുതിയും വിൽപ്പനച്ചരക്കായി. സാമൂഹികക്ഷേമം എന്ന ജനാധിപത്യ സങ്കൽപ്പം തന്നെ അപ്രത്യക്ഷമായി. മുതലാളിമാരുടെ ലാഭം പെരുപ്പിക്കുവാൻ സർക്കാരുകൾ ജനങ്ങൾക്കുമേൽ കൂടുതൽ കൂടുതൽ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്നു. ആഗോളവത്ക്കരണ നയങ്ങളും വികസനവും ഭരണക്കാരുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഇഷ്ട വിഷയങ്ങൾ ആകുന്നതിന് മുമ്പ് കേരളം കടക്കെണിയിലായിരുന്നില്ല; വികസനം, അതും വായ്പാധിഷ്ഠിതമായ വികസനം എന്ന ആഗോളവത്ക്കരണസൂത്രം നാട്ടുനടപ്പായപ്പോൾ വിദ്യാഭ്യാസവും ആരോഗ്യവും കുടിവെള്ളവുമുൾപ്പെടെ ജനങ്ങൾക്ക് സൗജന്യമായി ലഭ്യമായിരുന്നതും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളും മൗലികമായ അവകാശങ്ങളുമായിരുന്നവയെല്ലാം മുതലാളിമാർ കൈവശപ്പെടുത്തി, ജനങ്ങൾ കടക്കെണിയിലുമായി. കൊട്ടിഘോഷിക്കപ്പെടുന്ന വികസനത്തിന്റെ ബാക്കിപത്രം ഇതാണ്.



തിരുവനന്തപുരത്ത് കല്ലമ്പലത്ത് ഭീമഹർജിയിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ ഒപ്പിടുന്നു. ജോസഫ് സി.മാത്യു, സമര സമിതി ജില്ലാ നേതാക്കൾ തുടങ്ങിയവർ സമീപം.

ജനങ്ങൾ അകപ്പെട്ടുപോയിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് അശേഷം വിചാരമില്ലാത്ത പിണറായി സർക്കാർ, ഖജനാവിൽ അവശേഷിക്കുന്നതും കൈയിട്ടു വാരുകയാണ്. പ്രതിമാസ വരുമാനമായ നാലായിരം രൂപ(!) പതിനേഴ് മാസമായി ലഭിച്ചിട്ടില്ലാത്ത തൊഴിലാളികളുള്ള ഖാദി ബോർഡിന്റെ ചെയർമാന് കാറിന് 35 ലക്ഷംരൂപ. യുവജനക്ഷേമ ബോർഡ് ചെയർമാന് പ്രതിമാസ ശമ്പളം ഒരു ലക്ഷം രൂപ, മുൻകാല പ്രാബല്യത്തോടെ നൽകും. നാലു വർഷത്തിലേറെയായി ഗോഡൗണിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളും ജപ്തി ഭീഷണിയിൽ വട്ടം ചുറ്റുന്ന കുട്ടിക്കൽ നിവാസികളും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുമൊന്നും സർക്കാരിന് വിഷയമേയല്ല. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് നൽകിവന്നിരുന്ന നാമമാത്രമായ പെൻഷൻ വർഷങ്ങളായി വിതരണം നടത്തുന്നില്ല. വയോമിത്രം പദ്ധതി ഉൾപ്പെടെ മുടങ്ങിക്കിടക്കുന്നു. ഈ സാഹചര്യത്തിലാണ് വീണ്ടും വൻതോതിൽ കടമെടുത്ത് വികസന പദ്ധതികൾക്ക് മുടക്കുന്ന നിർബന്ധബുദ്ധി സംസ്ഥാന സർക്കാർ കാണിക്കുന്നത്. കൊട്ടിഘോഷിച്ച് നടപ്പാക്കിയ പദ്ധതികൾ നാട്ടുകാർക്കും സംസ്ഥാനത്തിനും ഉപകാരപ്പെടാതെ ബാദ്ധ്യതയായി മാറുന്നതും സാധാരണമായി മാറിയിരിക്കുന്നു. നൂറുകണക്കിന് കുടുംബങ്ങളെ ബലംപ്രയോഗിച്ച് കുടിയിറക്കി നടപ്പാക്കിയ വല്ലാർപാടം കണ്ടെയ്നർ ടെർമിനലും കായംകുളം താപനിലയവുമെല്ലാം ഉദാഹരണങ്ങളായി നമ്മുടെ മുമ്പിലുണ്ട്.

പദ്ധതിയുമായി മുന്നോട്ടു പോകാൻ മുഖ്യമന്ത്രി നടത്തുന്ന നീക്കങ്ങളിൽ ദുരൂഹതയുണ്ട്. പദ്ധതി എന്തായാലും ജനതാൽപ്പര്യത്തെ മുൻനിർത്തിയല്ല. സിൽവർ ലൈൻ പദ്ധതി ആരോടുള്ള പ്രതിജ്ഞ നിറവേറ്റാനാണ് എന്നു വ്യക്തമാക്കാനുള്ള ബാധ്യത മുഖ്യമന്ത്രിക്കുണ്ട്. ഈ സാഹചര്യത്തിലാണ് സമരം ശക്തമാക്കിക്കൊണ്ട് സമരസമിതി മുഖ്യമന്ത്രിക്കും കേന്ദ്ര റയിൽവേ മന്ത്രിക്കും ഒരു കോടി ഒപ്പ് സമാഹരിച്ചുള്ള ഭീമഹർജി സമർപ്പിക്കുന്നത്. പതിനാല് ജില്ലകളിലും ഒപ്പുശേഖരണ പ്രവർത്തനങ്ങളുമായി സമിതി രണ്ടാം ഘട്ട സമരവുമായി മുന്നോട്ടു പോകുകയാണ്. ■



കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഗാന്ധി സ്ക്വയറിൽ നടന്ന പ്രതിഷേധ ജ്വാല.

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2023 January
Price: Rs. 10.00

# കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന സമ്മേളനം കോട്ടയം സാഹിത്യ പ്രവർത്തകസഹകരണസംഘംഹാളിൽ നടന്നു.നിർമ്മാണ ക്ഷേമനിധി പെൻഷൻ 7500 രൂപയാക്കുക, ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടായിരുന്നു സമ്മേളനം നടന്നത്.

ഗാന്ധി സ്ക്വയറിലെ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിക്കൊണ്ട് സമ്മേളനത്തിന് തുടക്കമായി. തുടർന്ന് കോട്ടയം നഗരത്തിൽ ഉജ്വല തൊഴിലാളി പ്രകടനം നടന്നു. സമ്മേളനം എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് ആർ. കുമാർ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ രാഷ്ട്രീയ -സംഘടന പ്രമേയം അവതരിപ്പിച്ചു. യൂണിയന്റെ സംസ്ഥാന പ്രസിഡന്റ് ഡി.സുന്ദരേശൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് വി.പി.കൊച്ചുമോൻ സ്വാഗതം ആശംസിച്ചു.

സംസ്ഥാന പ്രസിഡന്റായി വി.കെ.സദാനന്ദൻ, വൈസ് പ്രസിഡന്റുമാരായി കെ.അബ്ദുൾ അസീസ്, പി.എം.ദിനേശൻ, ബി. വിനോദ്, എൻ. കെ. ശശികുമാർ, എസ്.രാധാമണി, കെ.എസ്.ചെല്ലമ്മ,എൻ.എസ്.ബിജുമോൻ എന്നിവരെയും സംസ്ഥാന ജനറൽ സെക്രട്ടറിയായി വി.പി.കൊച്ചുമോൻ, സെക്രട്ടറിമാരായി എസ്.അനിൽ പ്രസാദ്,എ.ജി.അജയകുമാർ, കെ.ഒ.ഷാൻ, എം.കെ.രാജൻ, കെ.പ്രസാദ്, ഒ.കെ.വത്സലൻ,അനൂപ് ജോൺ എന്നിവരെയും ട്രഷററായി കെ.ഹരിയെയും 43 അംഗ എക്സിക്യൂട്ടിവ് കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ■



കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് സംസ്ഥാനസമ്മേളനം കോട്ടയത്ത് സാഹിത്യപ്രവർത്തക സഹകരണസംഘം ഹാളിൽ എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.


കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് സംസ്ഥാനസമ്മേളനത്തിന്റെ സദസ്സ്



കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ ചെമ്മീൻ പീലിംഗ് തൊഴിലാളികൾ ഹരിപ്പാട് എഎൽഒ ഓഫീസിലേയ്ക്ക് നടത്തിയ മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാസെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

## ചെമ്മീൻ പീലിംഗ് തൊഴിലാളി മാർച്ചിൽ പ്രതിഷേധം ഇരമ്പി

അമ്പലപ്പുഴ,കാർത്തികപ്പള്ളി താലൂക്കിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ മിനിമം കൂലി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ അമ്പലപ്പുഴ, ഹരിപ്പാട് അസിസ്റ്റന്റ് ലേബർ ഓഫീസുകളിലേക്ക് മാർച്ചും ധർണ്ണയും നടന്നു. 2022 ഡിസംബർ 15ന് അമ്പലപ്പുഴയിലും 2023 ജനുവരി 15ന് ഹരിപ്പാട്ടുമാണ് പ്രതിഷേധ മാർച്ചും ധർണ്ണയും നടന്നത്. എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടറി എസ്.സീതിലാൽ അമ്പലപ്പുഴയിലും ഹരിപ്പാട്ടും നടന്ന ധർണ്ണ ഉദ്ഘാടനം ചെയ്തു.വിലക്കയറ്റം അതിരൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ നിലവിലെ കൂലി തീരെ അപര്യാപ്തമാണെന്നും പ്രഖ്യാപിച്ച മിനിമം കൂലി ഉറപ്പു വരുത്തേണ്ടുന്ന ഉത്തരവാദിത്തം സർക്കാരിന് ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. തൊഴിൽ അവകാശങ്ങൾ നേടിയെടുക്കാൻ സമരമല്ലാതെ തൊഴിലാളികളുടെ മുന്നിൽ മറ്റ് മാർഗ്ഗമൊന്നും ഇല്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

കെഎംഎസ്റ്റിയു ജില്ലാ പ്രസിഡന്റ് ആർ.അർജ്ജുനൻ അദ്ധ്യക്ഷത വഹിച്ച ധർണ്ണകളിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് കെ.ആർ.ശശി, കെഎംഎസ്റ്റിയു ജില്ലാ സെക്രട്ടറി കെ. പി.സുബൈദ എഐയുടിയുസി ജില്ലാ നേതാക്കളായ പി.ആർ.സതീശൻ, അഡ്വ. എം.എ.ബിന്ദു അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് എസ്.സൗഭാഗ്യകുമാരി, കെ.ജെ.ഷീല, കെഎംഎസ്റ്റിയു അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്ക് ഭാരവാഹികളായ പ്രീതി, സുധ, ഗീതാ ഭായി, ഓമന, രേണുക, റാണി, ലളിത, മുംതാസ്, വിനീത, ഫാസില, ഷീജ പി, അനിഷ, റസീന, അജിത, മിനി, നദീറ എന്നിവർ നേതൃത്വം നല്കി. ■

## കൊല്ലം ജില്ലാ കർഷക കൺവൻഷൻ

എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും മിനിമം താങ്ങുവില(എംഎസ്പി) ഏർപ്പെടുത്തുക, കർഷകരെ കടബാധ്യതയിൽനിന്നും കരകയറ്റുക, വിലക്കയറ്റം തടയുക, വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എഐകെകെഎംഎസ് കൊല്ലം ജില്ലാ കർഷക കൺവൻഷൻ അഞ്ചൽ നേതാജി ഗ്രന്ഥശാലയിൽ നടന്നു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. കാർഷിക മേഖല അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ, കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ സർക്കാർ നേരിട്ട് സംഭരിക്കുകയും മിതമായ വിലയ്ക്ക് വിതരണം നടത്തുകയും ചെയ്യുന്ന സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തണമെന്ന് അവർ അഭിപ്രായപ്പെട്ടു. എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ മുഖ്യപ്രസംഗം നടത്തി. യോഗത്തിൽ എസ്. രാഘവൻ അധ്യക്ഷത വഹിച്ചു. ജി.ധ്രുവകുമാർ, എൻ.വിജയകൃഷ്ണൻ, ഫിലിപ്പ് ജോസഫ്, ടി.ശശിധരൻ, ആനന്ദൻപിള്ള, ജെ.തോമസ്, പി.വിജയകുമാരി, എസ്.തങ്കപ്പൻ, ഫിലിപ്പ് തോമസ്, വി.ലീല എന്നിവർ പ്രസംഗിച്ചു. എൻ.വിജയകൃഷ്ണൻ പ്രസിഡന്റും, ജി.ധ്രുവകുമാർ സെക്രട്ടറിയുമായി 15 അംഗ കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ടു. ■



മൂലമ്പിള്ളി പാക്കേജ് നടപ്പിലാക്കണം എന്നാവശ്യപ്പെട്ട് ക്രിസ്തുമസ് ദിനത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തിയ പ്രതിഷേധ കൂട്ടായ്മ ഡോ.എം.പി.മത്തായി ഉദാഘാടനം ചെയ്യുന്നു.

## മൂലമ്പിള്ളി പാക്കേജ്: നിരീക്ഷണ സമിതിയെ നോക്കുകുത്തിയാക്കരുത് – ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ

വല്ലാർപാടം രാജ്യാന്തര കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണത്തിനുവേണ്ടി കുടിയിറക്കപ്പെട്ട കുടുംബങ്ങളുടെ പുനഃരധിവാസ ത്തിനായി വിജ്ഞാപനം ചെയ്ത സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ നിയോഗിക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയെ നോക്കുകുത്തി ആക്കരുതെന്ന് ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ സർക്കാരിനോട് ആവശ്യപ്പെട്ടു.ക്രിസ്തുമസ് ദിനത്തിൽ ഹൈക്കോടതി കവലയിൽ കോ-ഓർഡിനേഷൻ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയിൽ മുഖ്യപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

ഡോ.എം.പി.മത്തായി കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. സർക്കാരുകൾ ജനങ്ങൾക്ക് നൽകുന്ന രേഖാമൂലമുള്ള ഉറപ്പുകൾപോലും പാലിക്കപ്പെടുന്നില്ല എന്ന് അദ്ദേഹം ഓർമിപ്പിച്ചു. ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തിങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊഫ. കെ.അരവിന്ദാക്ഷൻ, വി.പി.വിൽസൺ, കെ.റെജികുമാർ, കെ.പി. സാൽവിൻ, കുരുവിള മാത്യൂസ്, വി.ഡി.മാർട്ടിൻ, മൈക്കിൾ കോതാട്, ജോർജ്ജ് അമ്പാട്ട്, മുളവുകാട് സു രേഷ്, മേരി ഫ്രാൻസിസ് മൂലമ്പിള്ളി തുടങ്ങിയവർ സംസാരിച്ചു. ■



ആൾഇന്ത്യ അൺഎംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി മാന്നാറിൽ നടത്തിയ യുവജനസംഗമം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനംചെയ്യുന്നു.



നേതാജി സുഭാഷ് ചന്ദ്രബോസ് 125-ാം ജന്മവാർഷികാചരണ കമ്മിറ്റി തിരുവനന്തപുരത്ത് സംഘടിപ്പിച്ച നേതാജി ജന്മവാർഷികാചരണസമ്മേളനത്തിൽ ഡോ.ജ്യോതിരാജ് പ്രസംഗിക്കുന്നു.



കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെ(എഐയുറ്റിയുസി) നേതൃത്വത്തിൽ മാന്നാർ മത്സ്യഭവനിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ചിൽ യൂണിയൻ വീയപുരം മേഖലാ പ്രസിഡന്റ് പ്രണീഷ് വള്ളക്കാലിൽ പ്രസംഗിക്കുന്നു.

Volume: 49 No: 10| Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.